# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി V
## (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (WORKS, TRANSPORT AND COMMUNICATIONS)

## പീരിയോഡിക്കൽ റിപ്പോർട്ട്
## (2017 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2017)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2017 ആഗസ്റ്റ് 18-ാം തീയതി സമർപ്പിച്ചത്
(Presented on 18th August, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും

# (WORKS, TRANSPORT AND COMMUNICATIONS))

## പീരിയോഡിക്കൽ റിപ്പോർട്ട്

(2017 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2017)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1267/2017.

## ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 6 |

# സബ്ജക്ട് കമ്മിറ്റി V

(മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

(2016-2018)

**ഘടന**

ചെയർമാൻ :

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി.

ശ്രീ. തോമസ് ചാണ്ടി,
ഗതാഗത വകുപ്പുമന്ത്രി

അംഗങ്ങൾ:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. കെ. മുരളീധരൻ

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. സി. എഫ്. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി

ശ്രീമതി രമാദേവിഅമ്മ, എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V (2016-2018)-ന്റെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

റിപ്പോർട്ട് കാലയളവിൽ സമിതി 26-7-2016, 9-8-2016, 16-8-2016, 30-8-2016, 20-9-2016, 27-10-2016, 13-12-2016, 20-1-2017, 7-3-2017, 27-3-2017 എന്നീ തീയതികളിലായി 10 യോഗങ്ങൾ ചേരുകയുണ്ടായി. 26-7-2016, 9-8-2016 തീയതികളിലെ യോഗങ്ങൾ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായാണ് ചേർന്നത്. 16-8-2016-ലെ യോഗം, സമിതിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരടും 20-9-2016-ലെ യോഗം 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. 2015-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭിച്ച നടപടിപത്രികകൾ, 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ പരിഗണന എന്നിവയ്ക്കായി 30-8-2016-ൽ സമിതി യോഗം ചേർന്നു. 2016-ലെ കേരള ധനകാര്യ ബില്ലിന്റെ പരിഗണനയ്ക്കായി സബ്ജക്ട് കമ്മിറ്റി VII, XIV എന്നീ സമിതികളുമായി സംയുക്തയോഗം ചേർന്നു. റോഡ്സുരക്ഷ, സൈൻ ബോർഡുകൾ സ്ഥാപിക്കൽ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 13-12-2016-ലും കൊച്ചിയിലെ കേരള സ്റ്റേറ്റ് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സന്ദർശനവുമായി ബന്ധപ്പെട്ട് 20-1-2017-ലും സമിതിയോഗം ചേർന്നു. 7-3-2017-ലെ യോഗത്തിൽ സമിതി 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. 2017-18-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ പ്രഥമയോഗം 27-3-2017-ൽ ചേർന്നു.

സമിതിയുടെ യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ നില 60% ആയിരുന്നു.

ഈ റിപ്പോർട്ട് 4 ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്ത് സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ (ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടാത്തവ)

ഉൾപ്പെടുത്തിയിരിക്കുന്നു. മൂന്നാം ഭാഗത്ത് സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ സംബന്ധിച്ച വിവരങ്ങളും നാലാം ഭാഗത്ത് സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനാ വിഷയങ്ങളുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളും കാലതാമസ പത്രികകളും സഭയുടെ മേശപ്പുറത്ത് വച്ചത് സംബന്ധിച്ച വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ യോഗനടപടിക്കുറിപ്പുകൾ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 8-8-2017 തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

ജി. സുധാകരൻ,
*ചെയർമാൻ,*
സബ്ജക്റ്റ് കമ്മിറ്റി *V*.

തിരുവനന്തപുരം,
2017 ആഗസ്റ്റ് 8.

# റിപ്പോർട്ട്

## ഭാഗം 1

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾക്ക് കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലാണ് സൂക്ഷ്മപരിശോധന നടത്തുന്നത്.

| | | | |
|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | IX | - | വാഹന നികുതികൾ |
| ധനാഭ്യർത്ഥന നമ്പർ | XV | - | പൊതുമരാമത്ത് |
| ധനാഭ്യർത്ഥന നമ്പർ | XL | - | തുറമുഖങ്ങൾ |
| ധനാഭ്യർത്ഥന നമ്പർ | XLI | - | ഗതാഗതം |

2016-17-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 26-9-2016-ന് സഭയിൽ സമർപ്പിച്ചു. 2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 29-6-2016-ന് സഭയിൽ സമർപ്പിച്ചു.

## ഭാഗം 2

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ

## 2014-15 സാമ്പത്തിക വർഷത്തെ നാലാമത് റിപ്പോർട്ട്

### ശിപാർശ

5051-02-200-86—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയുള്ള മൂലധന ചെലവ് - ചെറുകിട തുറമുഖങ്ങൾ, മറ്റ് ചെറുകിട തുറമുഖങ്ങൾ - തുറമുഖങ്ങളുടെ വികസനം

നീണ്ടകര, കായംകുളം, കോട്ടയം, വടകര, തലശ്ശേരി, കണ്ണൂർ, ചെറുവത്തൂർ, കാസർഗോഡ്, മഞ്ചേശ്വരം എന്നീ ഒൻപത് തുറമുഖങ്ങളുടെ വികസനത്തിനുള്ള ബഡ്ജറ്റ് വിഹിതം ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 99)

### സ്വീകരിച്ച നടപടി

അധിക തുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

1267/2017.

ശിപാർശ

5051-02-200-76—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ് - ചെറുകിട തുറമുഖങ്ങൾ, മറ്റ് ചെറുകിട തുറമുഖങ്ങൾ - തങ്കശ്ശേരി കാർഗോ ബർത്ത്

തങ്കശ്ശേരി കാർഗോ ബർത്തിനായുള്ള ഈ ശീർഷകത്തിൽ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കാനായി 93,42,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 104)

സ്വീകരിച്ച നടപടി

5051-02-200-76 Cargo Berth at Thangassery എന്ന ശീർഷകത്തിൽ 1,06,97,694 രൂപയുടെ കുടിശ്ശിക ബില്ലുകൾ ഉണ്ടായിരുന്നതായും 2014-15 സാമ്പത്തിക വർഷത്തിൽ 71,38,277 രൂപയുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുവാൻ 5051-80-001-98-Modernization Research and Development of HED എന്ന ശീർഷകത്തിൽ നിന്നും 71,39,000 രൂപ റീ അപ്രോപ്രിയേഷൻ അനുവദിക്കുകയും, ബാക്കി ബിൽ തുകയായ 35,59,417 രൂപ തീർപ്പാക്കുവാൻ 2015-16 സാമ്പത്തിക വർഷത്തിൽ 5051-02-200-76-Cargo Berth at Thangassery എന്ന ശീർഷകത്തിൽ 35,60,000 രൂപ അഡീഷണൽ ആതറൈസേഷൻ അനുവദിക്കുകയും ടി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

5051-02-200-72—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ് - ചെറുകിട തുറമുഖങ്ങൾ, മറ്റ് ചെറുകിട തുറമുഖങ്ങൾ - കൊടുങ്ങല്ലൂർ (മുനമ്പം) തുറമുഖ വികസനം.

കൊടുങ്ങല്ലൂർ മുനമ്പം തുറമുഖം, എല്ലാ കാലാവസ്ഥയിലും പ്രവർത്തിക്കുന്ന തീരദേശ കപ്പൽ ഗതാഗതത്തിന് ഉതകുന്ന തുറമുഖമായി വികസിപ്പിക്കുന്നതിന് ആവശ്യമായ യന്ത്രങ്ങളും സാമഗ്രികളും വാങ്ങുക, ഓഫീസ് കെട്ടിടം നിർമ്മിക്കുക, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ബോട്ട് റിപ്പയർ യാർഡ് സ്ഥാപിക്കുക, ചാനൽ മാർക്കിംഗ് ബോയ സ്ഥാപിക്കുക, തുറമുഖ ഭൂമി പച്ചവിരിക്കുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 106)

സ്വീകരിച്ച നടപടി

അധിക തുകയ്ക്ക് വേണ്ടിയുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് സമർപ്പിച്ചുവെങ്കിലും ടി വകുപ്പ് അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

ശിപാർശ

3075-60-800-96—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ട വികസനം, തൃപ്പൂണിത്തുറ എക്സ്റ്റൻഷൻ ജോലികൾക്കും ട്രാഫിക്/TOD പഠനങ്ങൾക്കുമായി 76.17 കോടി രൂപ ചെലവു വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 76.17 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

സ്വീകരിച്ച നടപടി

കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാംഘട്ട വികസനം, തൃപ്പൂണിത്തുറ എക്സ്റ്റൻഷൻ ജോലികൾ ട്രാഫിക്/TOD പഠനങ്ങൾക്കായി 76.16 കോടി രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 2014-15 സാമ്പത്തിക വർഷം ഈ തുക ആവശ്യമായി വന്നില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷത്തിൽ കൊച്ചി മെട്രോയുടെ മുന്നൊരുക്ക ജോലികൾക്കും (5 എണ്ണം) കൊച്ചി നഗര പരിധിയിലുള്ള റോഡുകളുടെ പുനർനിർമ്മാണത്തിനും വേണ്ടി 56.70 കോടി രൂപ അനുവദിക്കുകയും അതിൽ 35 കോടി രൂപ പിൻവലിക്കാൻ അനുമതി നല്കുകയും ചെയ്തു. ബാക്കി 21.70 കോടി രൂപ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും പിന്നീട് ഈ തുക പിൻവലിക്കാൻ സർക്കാർ അനുമതി നല്കുകയും ചെയ്തു. കൂടാതെ 25 കോടി രൂപ പച്ചാളം മേൽപ്പാലം നിർമ്മാണത്തിനു വേണ്ടി മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഗണത്തിൽപ്പെടുത്തി നല്കുകയുമുണ്ടായി.

ശിപാർശ

5075-60-190-96—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ ചെലവുകൾ - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

കൊച്ചി മെട്രോയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. കൊച്ചി മെട്രോ റെയിലും ഡി.എം.ആർ.സി. യും തമ്മിലുള്ള കരാർ പ്രകാരം 2014-15 സാമ്പത്തിക വർഷത്തേക്ക് പ്രോജക്ട് തുകയായി 1485.49 കോടി രൂപയും ഡി.എം.ആർ.സി.-ക്ക് പ്രതിഫലത്തുകയായി 61.27 കോടി രൂപയും കൊച്ചി മെട്രോ റെയിലിന്റെ നടത്തിപ്പു ചെലവിനായി 45.18 കോടി രൂപയും വകയിരുത്തിയിരിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതിൽ 412.25 കോടി

രൂപ സംസ്ഥാന സർക്കാർ വിഹിതവും ബാക്കി തുക കേന്ദ്ര സർക്കാർ വിഹിതമായും ദീർഘകാല വായ്പയായി കണ്ടെത്തേണ്ടതുമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 412.25 കോടി രൂപ ധനപുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി നൽകേണ്ടതായിരുന്ന 412.25 കോടി രൂപയിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റിന്റെ മൂലധന ചെലവിലേക്കായി ആകെ 150 കോടി രൂപ അനുവദിക്കുകയുണ്ടായി. അത്രയും തുക റിലീസ് ചെയ്ത് നല്കുകയും ചെയ്തിരുന്നു. സാമ്പത്തിക ഞെരുക്കം കാരണമാണ് കൂടുതൽ തുക അനുവദിക്കാൻ കഴിയാതെ വന്നത്.

ശിപാർശ

5075-60-800-96—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിന് ഈ ശീർഷകത്തിൽ 867.785 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

സ്വീകരിച്ച നടപടി

2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും 97 കോടി രൂപ സ്ഥലമെടുപ്പിനുവേണ്ടി അനുവദിച്ചു. ഇതിൽ 51 കോടി രൂപയും പിന്നീട് 46 കോടി രൂപയുമാണ് അനുവദിച്ചത്. കൂടാതെ പ്രോജക്റ്റിനും വൈറ്റില മുതൽ പേട്ട വരെയുള്ള റോഡ് വികസനത്തിനും വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി ആവശ്യമായ 470 കോടി രൂപയിൽ 366 കോടി രൂപ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി നല്കുകയും 366 കോടി രൂപ വായ്പ ലഭിക്കുകയും ചെയ്തു.

## ഭാഗം 3

സമിതിയുടെ 30-8-2016-ലെ യോഗം 2015-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ് (എസ്.ആർ.ഒ.നം.363/2015)-ന്റെ ഭേദഗതി നിരാകരിക്കുകയും വിശദമായ അന്വേഷണത്തിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയുടെ 7-3-2017-ലെ യോഗം 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

## ഭാഗം 4

### സഭയുടെ മേശപ്പുറത്തുവച്ച കാലതാമസപത്രികകളും വാർഷിക പ്രവർത്തന റിപ്പോർട്ടുകളും സംബന്ധിച്ച വിവരങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം കാലതാമസപത്രിക സഭയുടെ മേശപ്പുറത്തുവച്ചതു സംബന്ധിച്ച വിവരങ്ങൾ

| റിപ്പോർട്ട് | ഖണ്ഡിക നമ്പർ | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|
| 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് | 116, 123, 125, 104 | 12-7-2016 |

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവച്ചതു സംബന്ധിച്ച വിവരങ്ങൾ

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|
| 2015-16 | XV - പൊതുമരാമത്ത് | 9-3-2017 |
| | XL - തുറമുഖങ്ങൾ | |
| | XLI - ഗതാഗതം | |

ജി. സുധാകരൻ,
*ചെയർമാൻ,*
സബ്ജക്ട് കമ്മിറ്റി *V.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 8.

## അനുബന്ധം

## 26-7-2016-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2016 ജൂലൈ മാസം 26-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V എ' സമ്മേളന ഹാളിൽ ബഹുമാനപ്പെട്ട സമിതി ചെയർമാൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു

1. ശ്രീ.വി.അബ്ദുറഹിമാൻ, എം.എൽ.എ.
2. ശ്രീ.ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
3. ശ്രീ.കെ.മുരളീധരൻ, എം.എൽ.എ.
4. ശ്രീ.ഒ.രാജഗോപാൽ, എം.എൽ.എ.
5. ശ്രീ.എൻ.ഷംസുദ്ദീൻ, എം.എൽ.എ.
6. ശ്രീ.വി.ആർ.സുനിൽകുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവിഅമ്മ, എസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സുബ്രതാ ബിശ്വാസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. ഷേയ്ക്ക് പരീത്, ഡയറക്ടർ, തുറമുഖ വകുപ്പ്
3. ശ്രീമതി പി. ജയലക്ഷ്മി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. ടി. എസ്. ബിമൽലാൽ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. ടി. ആർ. ജയപാൽ, ഡെപ്യൂട്ടി സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
6. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും വിഭാഗം)

7. ശ്രീമതി എം. പെണ്ണമ്മ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം)

8. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ദേശീയ പാത വിഭാഗം)

9. ശ്രീ.ഹരി രാമകൃഷ്ണൻ, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ്

10. ശ്രീ. ടി. ശശികുമാർ, ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്

11. ശ്രീ. കെ. സുന്ദരൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ഡിസൈൻസ്)

12. ശ്രീ. പി. എസ്. രാജീവ്, ഡെപ്യൂട്ടി ചീഫ് ആർക്കിടെക്റ്റ്, പൊതുമരാമത്ത് വകുപ്പ്

13. ശ്രീ. പി. ആർ. സന്തോഷ്കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്

14. ശ്രീ. ജെ., രവീന്ദ്രൻ, ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ്സ് &ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

15. ശ്രീ. പി. സി. ഹരികേഷ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ്

16. ശ്രീ. വി. ആനന്ദ ഷേണായ്, സെക്രട്ടറി-ഇൻ-ചാർജ്, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്

17. ശ്രീ. പി. ജി. സുരേഷ്, പ്രോജക്റ്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ്

18. ശ്രീ. കെ. വി. ശ്രീകുമാർ, ഫിനാൻസ് മാനേജർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്

19. ശ്രീ. ആർ. ഷാഹുൽ ഹമീദ്, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും വിഭാഗം)

20. ശ്രീ. കെ. ശശി, സീനിയർ ഫിനാൻസ് ഓഫീസർ, ഓഫീസ് ഓഫ് ചീഫ് എഞ്ചിനീയർ (ദേശീയ പാത വിഭാഗം)

21. ശ്രീ. എ. പി. സുരേന്ദ്രലാൽ, ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം

22. ശ്രീ. പി. എ. ഹാഷിം, മാനേജിംഗ് ഡയറക്ടർ, ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്.

സമിതി, 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XV (പൊതുമരാമത്ത്), XL (തുറമുഖങ്ങൾ) എന്നിവയുടെ കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും ശിപാർശകൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

രാജ്യത്ത് ആദ്യമായി സബ്ജക്ട് കമ്മിറ്റികൾ ആരംഭിച്ചതും കാര്യക്ഷമമായി പ്രവർത്തിക്കുന്നതും കേരളത്തിലാണെന്നും പാർലമെന്റിലെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മാതൃകയിലാണ് സബ്ജക്ട് കമ്മിറ്റികൾ പ്രവർത്തിക്കുന്നതെന്നും ബഡ്ജറ്റ് അവതരിപ്പിച്ചു കഴിഞ്ഞാൽ ബഡ്ജറ്റ് സ്ക്രൂട്ടിനി നടത്തുകയെന്ന ചുമതലയാണ് സബ്ജക്ട് കമ്മിറ്റികൾക്കുള്ളതെന്നും നിയമനിർമ്മാണ പ്രക്രിയ പൂർത്തിയാകണമെങ്കിൽ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യണമെന്നും അതിനുള്ള അധികാരം കമ്മിറ്റിക്കുണ്ടെന്നും ചെയർമാൻ ആമുഖമായി പറഞ്ഞു.

## ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

പൊതുമരാമത്ത് വകുപ്പിൽ പ്രധാനമായും 2059-പൊതുമരാമത്ത് എന്ന ശീർഷകത്തിൽ 293 കോടി രൂപ (നോൺ പ്ലാൻ), 3054-ദേശീയപാത റോഡുകളും പാലങ്ങളും എന്ന ശീർഷകത്തിൽ 2154 കോടി രൂപ (പ്ലാൻ &നോൺ പ്ലാൻ), 4059-പൊതുമരാമത്ത് കെട്ടിട വിഭാഗം എന്ന ശീർഷകത്തിൽ 127 കോടി രൂപ, 5054-ദേശീയപാത റോഡുകളും പാലങ്ങളും എന്ന ശീർഷകത്തിൽ മൂലധന ചെലവായി 2171 കോടി രൂപ എന്നിങ്ങനെ നാല് ശീർഷകങ്ങളാണ് ഉള്ളത്.

1. 2059-01-051 —പൊതുമരാമത്ത്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം

കേരള നിയമസഭ, നീതിന്യായനിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വില്പനനികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കും ഇൻവെസ്റ്റിഗേഷൻ വർക്കുകൾക്കുമുള്ള തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

നേമം നിയോജകമണ്ഡലത്തിലുള്ള തിരുമല വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമുണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെട്ടു

2. 2059-01-053—പൊതുമരാമത്ത്-ഓഫീസ് കെട്ടിടങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും

ബഡ്ജറ്റിൽ ആവശ്യപ്പെട്ട തുകയേക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടിവരുമ്പോൾ അഡീഷണൽ ഓതറൈസേഷൻ മുഖേന സപ്ലിമെന്ററി ഗ്രാന്റായി അനുവദിക്കുന്നതിനു പകരം ആ തുക കൂടി ചേർത്ത് ബഡ്ജറ്റിൽ വകയിരുത്തണമെന്നും ബഡ്ജറ്റിൽ

ആവശ്യമായ തുക ആദ്യം ആവശ്യപ്പെടാതെ ബന്ധപ്പെട്ട വകുപ്പോ മന്ത്രിയോ അറിയാതെ ഇടയ്ക്കിടക്കു തുക ആവശ്യപ്പെടുന്ന കീഴ്വഴക്കം അവസാനിപ്പിക്കണമെന്നും യഥാർത്ഥത്തിൽ ചെലവാകുന്ന തുക സംബന്ധിച്ച് കൃത്യമായ കണക്ക് ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ തന്നെ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

ഗ്രാന്റിനുള്ളിൽ നിന്നുകൊണ്ട് റീ അപ്രോപ്രിയേറ്റ് ചെയ്തുകൊടുത്താൽ ഗ്രാന്റിൽ വർദ്ധനയുണ്ടാകില്ലായെന്നും വർദ്ധനയുണ്ടായാൽ തന്നെ അഡീഷണൽ ഓതറൈസേഷൻ കൊടുക്കുന്നത് റഗുലറൈസ് ചെയ്യാറുണ്ടെന്നും റവന്യൂ എക്സ്പെന്റിച്ചർ കാണിക്കുന്ന പക്ഷം കടമെടുക്കാനുള്ള സാധ്യത കുറയുന്ന സാഹചര്യമുണ്ടാകുമെന്നും അതുകൊണ്ടാണ് ഇത്തരത്തിൽ ഒരു നിയന്ത്രണം വയ്ക്കേണ്ടിവരുന്നതെന്നും ധനകാര്യവകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും സെക്രട്ടേറിയറ്റിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 13.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3. 2059-60-053—<u>പൊതുമരാമത്ത്-മറ്റു കെട്ടിടങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വില്പന നികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4. 2059-80-001-99 (01)— <u>പൊതുമരാമത്ത്-ജനറൽ - ഭരണവും നടത്തിപ്പും നടത്തിപ്പ് (ചീഫ് എഞ്ചിനീയർ കെട്ടിടങ്ങളും ലോക്കൽ പണികളും)</u>

(02)—നടത്തിപ്പ് (ചീഫ് ആർക്കിടെക്ട്, പൊതുമരാമത്ത്)

കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ശമ്പളം, ചീഫ് ആർക്കിടെക്ടിന്റെയും ജീവനക്കാരുടെയും ശമ്പളം തുടങ്ങിയവയ്ക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ടൂർ റ്റി.എ.-യ്ക്ക് 2,00,000 രൂപയും പി.ഒ.എല്ലിൽ 1,50,000 രൂപയും ഓഫീസ് ചെലവുകളിൽ മറ്റിനത്തിൽ 1,50,000 രൂപയും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 1,00,000 രൂപയും മറ്റിനങ്ങളിൽ 1 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളിൽ 15

ലക്ഷം രൂപയും 'പ്രൈസ്' സോഫ്റ്റ്‌വെയറിന്റെ വികസനത്തിന് കമ്പ്യൂട്ടർ വാങ്ങുന്നതിനായി 1376.85 ലക്ഷം രൂപയും സെർവർ വാങ്ങുന്നതിനും റെസ്റ്റ്ഹൗസിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ വാങ്ങുന്നതിനായി 307 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

5. 2059-80-001-98 —<u>പൊതുമരാമത്ത്-ജനറൽ-ഭരണവും നടത്തിപ്പും-മേൽനോട്ടം</u>

കെട്ടിട വിഭാഗത്തിലെ ജുഡീഷ്യൽ സർക്കിൾ എറണാകുളം ഉൾപ്പെടെ നാല് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ശമ്പളം ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ടൂർ റ്റി.എ., പി.ഒ.എൽ., മറ്റ് ഇനങ്ങൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നിവയിൽ അനുവദിച്ച തുക പര്യാപ്തമല്ലായെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 15.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

6. 2059-80-001-97—<u>പൊതുമരാമത്ത് - ജനറൽ - ഭരണവും നടത്തിപ്പും-നിർവ്വഹണം</u>

കെട്ടിട വിഭാഗത്തിന് കീഴിലുള്ള 19 ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, ജീവനക്കാരുടെയും ശമ്പളം, പൊതുമരാമത്ത് റസ്റ്റ്ഹൗസ് ജീവനക്കാരുടെ ശമ്പളം, ലെജിസ്ലേച്ചർ കോംപ്ലക്സിലേയ്ക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളം എന്നിവ ഈ ശീർഷകത്തിൽനിന്നാണ് നിർവ്വഹിക്കുന്നത്. ഈ ശീർഷകത്തിൽ അവധി യാത്രാനുകൂല്യത്തിന് 5 ലക്ഷം രൂപയും ടെലഫോൺ ചെലവുകൾക്ക് 20 ലക്ഷം രൂപയും മറ്റിനങ്ങൾക്ക് 25 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 15 ലക്ഷം രൂപയും പി.ഒ.എല്ലിന് 10 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

7. 2059- 80-053—<u>പൊതുമരാമത്ത് - ജനറൽ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും രാജ്ഭവൻ സജ്ജീകരിക്കൽ, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, ന്യൂഡൽഹിയിലെ കേരളാ ഹൗസിന്റെ പണികൾ എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

8. 3054-01-001-99—റോഡുകളും പാലങ്ങളും - നാഷണൽ ഹൈവേയ്സ് - ഭരണവും നടത്തിപ്പും - ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. ഈ ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ 9 ലക്ഷം രൂപയും യാത്രാ ആനുകൂല്യയിനത്തിൽ 1,50,000 രൂപയും വേതനം 10 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ 11 ലക്ഷം രൂപയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റിൽ 4 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

9. 3054-01-001-98—റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ്-ഭരണവും നടത്തിപ്പും - മേൽനോട്ടവും നിർവ്വഹണവും

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ, ഡിവിഷണൽ ഓഫീസുകൾ എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ തുടങ്ങിയവ ഈ ശീർഷകത്തിൽനിന്നാണ് നിർവ്വഹിക്കുന്നത്. നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഇനത്തിൽ 10 ലക്ഷം രൂപയും ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്ക് 30 ലക്ഷം രൂപയും, പി.ഒ.എൽ.- ഇനത്തിൽ 20 ലക്ഷം രൂപയും, മെഡിക്കൽ റീ ഇംബേഴ്സ്മെന്റിൽ 6 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

10. 3054-01-337-99—റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേകൾ- റോഡുപണികൾ- സംസ്ഥാനത്തിനകത്തുള്ള ദേശീയപാതയിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ

സംസ്ഥാനത്തിനകത്തുള്ള ദേശീയപാതകളിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

11. 3054-01-800-99—റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേകൾ-മറ്റു ചെലവുകൾ- മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

പ്രസ്തുത ശീർഷകത്തിൽനിന്നും നിലവിൽ 10 ലക്ഷം രൂപയുടെ ബിൽ തുക കൊടുക്കാനുണ്ടെന്നും ധാരാളം അപകടങ്ങൾ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന ഹൈവേകളിൽ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾ ഈ ഭാഗത്ത് ആവശ്യമായി വരുന്നുവെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

12. 3054-03-103-98—<u>റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും-സംസ്ഥാന ഹൈവേകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യകമ്മീഷൻ ശിപാർശ)</u>

13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടുന്നതിനും പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിനു വേണ്ടിയും ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

13. 3054-03-103-97—<u>റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ സംരക്ഷണവും അറ്റകുറ്റപ്പണികളും - സംസ്ഥാന ഹൈവേകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (14 -ാം ധനകാര്യ കമ്മീഷൻ ശിപാർശ)</u>

പതിനാലാം ധനകാര്യ കമ്മീഷൻ റോഡുകളുടെയും പാലങ്ങളുടേയും സംരക്ഷണത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല. കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂൾ 32 ശതമാനമായിരുന്നത് 42 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ആനുപാതികമായ തുക ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ വിഷയം പുനഃപരിശോധിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഏറ്റവും കൂടുതൽ റോഡുകളുള്ള സംസ്ഥാനമായ കേരളത്തിൽ 14-ാം ധനകാര്യ കമ്മീഷൻ തുക അനുവദിക്കാത്തതിൽ സമിതി പ്രതിഷേധം അറിയിക്കുകയും പ്രസ്തുത സമീപനം പുനഃ പരിശോധിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും ആവശ്യമുള്ള തുക അനുവദിക്കണമെന്ന സമിതിയുടെ ശിപാർശ ധനകാര്യകമ്മീഷനെ അറിയിക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു.

14. 3054-03-337-99—<u>റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ-റോഡുപണികൾ - സാധാരണ അറ്റകുറ്റപ്പണികൾ</u>

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട സമിതി, കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും ബിറ്റുമിന്റെ വില നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

15. 3054-03-337-98—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും 20% റോഡുകളുടെ ഉപരിതലം പുതുക്കൽ ജോലികൾ ഏറ്റെടുക്കാനുമായി ഇപ്പോൾ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

16. 3054-03-337-97—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - ഗതാഗത സൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പ്രത്യേക അറ്റകുറ്റപ്പണികൾക്കു വേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

17. 3054-03-337-96—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകളിലെ വെള്ളപ്പൊക്ക ക്കെടുതികളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 70 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18. 3054-03-337-95—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ-വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/ സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ

വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ എന്നിവയ്ക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

19. 3054-03-337-94—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക്

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

20. 3054-03-337-93—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - ശബരിമല വർക്കുകൾ

ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും ഈ വർഷത്തെ പണി ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 150 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

21. 3054-04-105-98—റോഡുകളും പാലങ്ങളും - ജില്ലാതല റോഡുകളും മറ്റു റോഡുകളും- സംരക്ഷണവും അറ്റകുറ്റപ്പണികളും-സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യ കമ്മീഷൻ ശിപാർശ)

പ്രധാന ജില്ലാതല റോഡുകളുടെ അറ്റകുറ്റപ്പണികൾക്കു വേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടുവാനുള്ള പ്രസ്തുത ശീർഷകത്തിൽ പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിനുവേണ്ടി 20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

22. 3054-80-001-99—റോഡുകളും പാലങ്ങളും- ജനറൽ - ഭരണവും നടത്തിപ്പും നടത്തിപ്പ്.

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെയും കെഎസ്ടിപി ഓഫീസിലെ ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. പ്രസ്തുത ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്കുമായി 1 ലക്ഷം രൂപയും, പി.ഒ.എൽ. ഇനത്തിൽ 2 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

23. 3054-80-001-98—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും- മേൽനോട്ടം

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സർക്കിൾ ഓഫീസുകളിലെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികൾക്കുമായി 1 ലക്ഷം രൂപയും, പി.ഒ.എൽ. ഇനത്തിൽ 2 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

24. 3054-80-001-97—റോഡുകളും പാലങ്ങളും -ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം

റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള 2 മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. കൂടാതെ കെഎസ്റ്റിപി ഡിവിഷൻ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഈ ശീർഷകത്തിലാണ് വഹിക്കുന്നത്. ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 4 ലക്ഷം രൂപയും, വൈദ്യുതി ചെലവിന് 5 ലക്ഷം രൂപയും, ടെലിഫോൺ ചെലവിന് 2 ലക്ഷം രൂപയും, മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റ പണികൾക്ക് 5 ലക്ഷം രൂപയും, പി.ഒ.എൽ. ഇനത്തിൽ 10 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

25. 3054-80-004-99—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളവും ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 1 ലക്ഷം രൂപയും, വൈദ്യുതി ചെലവിന് 4 ലക്ഷം രൂപയും, ടെലഫോൺ ചെലവിന് 1 ലക്ഷം രൂപയും, പി.ഒ.എൽ. ഇനത്തിന് 2 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

26. 3054-80-004-98—റോഡുകളും പാലങ്ങളും - ജനറൽ -ഗവേഷണവും പരിഷ്കരണവും- പബ്ലിക്ക് വർക്ക് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആൻഡ് റിസർച്ച് ബോർഡ്.

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും നിർവഹിക്കുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 1 ലക്ഷം രൂപയും, പി.ഒ.എൽ. ഇനത്തിൽ 1 ലക്ഷം രൂപയും, ഓഫീസ് ചെലവിന് 1 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

27. 3054-80-107-97—റോഡുകളും പാലങ്ങളും-ജനറൽ-റെയിൽവേ സുരക്ഷിതത്വപണികൾ കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ.

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നൽകേണ്ട കുടിശ്ശിക തുക ഏകദേശം 5 കോടി രൂപയാണ്. ദക്ഷിണ റെയിൽവേയ്ക്ക് നൽകുവാനുള്ള കുടിശ്ശിക കൂടി കണക്കിലെടുത്ത് നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട സമിതി 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

28. 3054-80-800-95—റോഡുകളും പാലങ്ങളും - ജനറൽ -മറ്റ് ചെലവുകൾ-റോഡ് സുരക്ഷിതത്വ പണികൾ.

റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വ ചാലുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

29. 3054-80-800-94 (03)—റോഡുകളും പാലങ്ങളും - ജനറൽ - മറ്റ് ചെലവുകൾ- വാഹന ഗതാഗതത്തിനായി സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനും

വാഹന ഗതാഗതത്തിനായി സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

മുൻഗണനാക്രമത്തിൽ ജില്ലകളെ നിശ്ചയിച്ച് സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സൈൻബോർഡുകൾ സെൽഫ് എക്സ്പ്ലനേറ്ററിയായിരിക്കണമെന്നും അങ്ങനെ ചെയ്താൽ അപകടങ്ങൾ ഒരു പരിധിവരെ കുറയ്ക്കാൻ കഴിയുമെന്നും സൈൻ ബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത്, ഗതാഗതം, പോലീസ് എന്നീ വകുപ്പുകൾ സംയുക്തമായി ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്നും സമിതി നിർദ്ദേശിച്ചു.

30. 4059-01-051-99—<u>പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - സംസ്ഥാന നിയമസഭ.</u>

കേരള നിയമസഭയുടെ നവീകരണ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 ലക്ഷംരൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

31. 4059 -01-051-97—<u>പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ഇലക്ഷൻ</u>

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

32. 4059-01-051-96-16—<u>പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ഭൂനികുതി- വൻകിട മരാമത്തു പണികൾ.</u>

ഭൂനികുതിവകുപ്പിലെ പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

33. 4059-01-051-95—<u>പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം മുദ്രപത്രങ്ങൾ, രജിസ്ട്രേഷൻ.</u>

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

1267/2017.

34. 4059-01-051-93-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം - വിൽപ്പന നികുതി - വൻകിട മരാമത്തു പണികൾ.

കണ്ണൂർ, മഞ്ചേശ്വരം, കോട്ടയം എന്നിവിടങ്ങളിൽ വാണിജ്യനികുതി വകുപ്പിന്റെ പുതിയ കെട്ടിടങ്ങളുടെ പണി ഏറ്റെടുക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

35. 4059-01-051-92-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പബ്ലിക് സർവ്വീസ് കമ്മീഷൻ - വൻകിട മരാമത്തു പണികൾ.

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന പണികൾ ഏറ്റെടുക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 3.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

36. 4059-01-051-91-16—പൊതുമരാമത്ത് മൂലധനചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ് - വൻകിട മരാമത്തുപണികൾ.

സെക്രട്ടേറിയറ്റിലെ പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

37. 4059-01-051-89-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - പോലീസ് - വൻകിട മരാമത്തു പണികൾ.

ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 25 ലക്ഷം രൂപ മതിപ്പുചെലവിൽ തലയോലപ്പറമ്പ് സ്റ്റേഷന്റെ പണിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല ഓഫീസുകളുടെയും പണി ചെയ്യാനുള്ളതിനാലും ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

38. 4059-01-051-88-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം - ജയിൽ - വൻകിടമരാമത്തു പണികൾ

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം അനുവദിച്ച 5.42 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

39. 4059-01-051-86-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പൊതുമരാമത്ത് പണികൾ (സിവിൽ ജോലികൾ) - വൻകിട മരാമത്ത് പണികൾ

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള അടങ്കലാണിത്. 55 പണികൾക്കായി 160.60 കോടി രൂപയുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല പണികളും പുരോഗതിയിലായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും പണികൾ പൂർത്തീകരിക്കാനും ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

40. 4059-01-051-85-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - അഗ്നി പ്രതിരോധവും നിയന്ത്രണവും - വൻകിട മരാമത്തു പണികൾ

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിന് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

ആലപ്പുഴ ജില്ലാ ജയിലിന്റെ വർക്ക് പൊതുമരാമത്ത് വകുപ്പിനു നൽകാതെ, പോലീസ് വകുപ്പ് "സിൽക്ക്" എന്ന ഏജൻസിക്കു ഏൽപ്പിച്ചത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു

41. 4059-01-051-83—പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - രാജ്ഭവൻ

രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി റിവൈസ്ഡ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഈ പുതിയ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

42. 4059-01-051-75-16—പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - വാണിജ്യ നികുതി വകുപ്പ് വൻകിട മരാമത്തുപണികൾ

വാണിജ്യ നികുതി വകുപ്പിന്റെ പണികൾക്കായി ഉൾപ്പെടുത്തിയ ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ച തുക പര്യാപ്തമാണ്. എന്നാൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

43. 4059-01-051-71-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - മാന്ദ്യ വിരുദ്ധ ഉത്തേജക പാക്കേജിന്റെ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്ത് പണികൾ (കെട്ടിടങ്ങൾ) - വൻകിട മരാമത്തുപണികൾ

മാന്ദ്യ വിരുദ്ധ പാക്കേജിലെ പണികൾ വളരെ പുരോഗതിയിലാണെന്നും ഇതിൽ എല്ലാ വകുപ്പുകളിലേയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്നുവെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 45 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

44. 4059-60-051-88-16—പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ നിർമ്മാണം ജയിൽ - വൻകിട മരാമത്തുപണികൾ

ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തുക ഒന്നും തന്നെ വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകുവാനുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

45. 4059-60-051-86-16—പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ- നിർമ്മാണം - പൊതുമരാമത്ത് പണികൾ (സിവിൽ പണികൾ) - വൻകിട മരാമത്തുപണികൾ

സംസ്ഥാനത്ത് വിവിധ റസ്റ്റ് ഹൗസുകളുടേയും മറ്റുകെട്ടിടങ്ങളുടേയും പണികൾക്ക് നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ നടന്നു കൊണ്ടിരിക്കുന്ന പണികൾക്കും ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകാനുമായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

46. 4059-60-051-83—പൊതുമരാമത്ത് മൂലധനചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം- രാജ് ഭവൻ

രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി റിവൈസ്ഡ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഈ പുതിയ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

47. 4059-60-051-77-16—പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം - നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം-വൻകിട മരാമത്തു പണികൾ ( കെട്ടിടങ്ങൾ)

നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

48. 4059-60-051-69—പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യവികസനം (കോടതി കെട്ടിടങ്ങൾ, ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം - 60 % കേന്ദ്ര വിഹിതം)

60% കേന്ദ്ര സഹായം ഉള്ള ഈ പുതിയ ശീർഷകത്തിൽ വകയിരുത്തിയ തുക കോടതി കെട്ടിടങ്ങളുടെ പണികൾക്ക് അപര്യാപ്തമായതിനാൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

49. 4059-80-051-79—പൊതുമരാമത്ത് മൂലധനചെലവ് - ജനറൽ - നിർമ്മാണം - ജെൻഡർ ബഡ്ജറ്റിംഗിന് തുടക്കം

ഭരണാനുമതി കിട്ടിയ പണികൾ ചെയ്തു തീർക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

50. 4059-80-051-78—പൊതുമരാമത്ത് മൂലധനചെലവ് - ജനറൽ - നിർമ്മാണം - സൈനിക സ്കൂൾ

ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

51. 5054-01-337-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് -നാഷണൽ ഹൈവേകൾ - റോഡു പണികൾ-നാഷണൽ ഹൈവേ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടേയും സേവന റോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കുറ്റിപ്പുറം - പുതുപൊന്നാനി റോഡ് താഴെ ചൊവ്വാ ഭാഗത്തെ വീതികൂട്ടൽ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിച്ചെങ്കിലും ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനിവാര്യമായതിനാൽ 30 കോടിരൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

52. 5054-01-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - നാഷണൽ ഹൈവേകൾ - റോഡു പണികൾ - ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം-വൻകിടമരാമത്തു പണികൾ

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിൽ അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനാൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ അനിവാര്യമായതിനാലും കരമന - കളിയിക്കാവിള ദേശീയ പാതയുടെ ഒന്നാം ഘട്ടം കരമന - പ്രാവച്ചമ്പലം റോഡ് വികസനത്തിന് 74 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് അതിന്റെ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഏകദേശം 35 കോടി രൂപ നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

53. 5054-01-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - നാഷണൽ ഹൈവേകൾ - റോഡു പണികൾ - കൊല്ലം - ആലപ്പുഴ - ദേശീയപാത ബൈപ്പാസ് (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ)

കൊല്ലം, ആലപ്പുഴ ദേശീയപാത ബൈപ്പാസ് പ്രവൃത്തി പുരോഗമിക്കുന്നുവെന്നും സംസ്ഥാന വിഹിതം നൽകേണ്ടതുണ്ടെന്നും മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 250 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

54. 5054 -01 -800-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - നാഷണൽ ഹൈവേകൾ - മറ്റ് ചെലവുകൾ - ദേശീയ പാതയിലെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

ദേശീയപാതയെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ പണികൾ കൂടുതലായി ചെയ്യേണ്ടതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

55. 5054-01-800-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് നാഷണൽ ഹൈവേകൾ - മറ്റ് ചെലവുകൾ -ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിഹിതം

വിവിധ സ്ഥലങ്ങളിലെ റോഡുപണികൾക്കായി സ്ഥലം ഏറ്റെടുത്ത വകയിൽ (എൽ.എ.ആർ. കേസ്സ്) തുക നൽകുന്നതിലേയ്ക്കായി 20 കോടി രൂപയും കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡ് വികസനത്തിന് 389 കോടി രൂപയും 2 മേൽപാലങ്ങളുടെ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 115 കോടി രൂപയും ആവശ്യമായതിനാൽ 504 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

56. 5054-03-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാന പാതകൾ - പാലങ്ങൾ-പാലങ്ങളും കലുങ്കുകളും - വൻകിടമരാമത്തു പണികൾ

സംസ്ഥാന പാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിനും ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

57. 5054-03– 101-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് സംസ്ഥാന പാതകൾ -പാലങ്ങൾ - നിയമസഭാമണ്ഡല ആസ്തി വികസനപദ്ധതികൾ - വൻകിട മരാമത്തു പണികൾ

നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി, പുതിയ ജോലികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

58. 5054-03-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് സംസ്ഥാന പാതകൾ -റോഡുപണികൾ - വികസനവും പരിഷ്കരണവും - വൻകിട മരാമത്തു പണികൾ

സംസ്ഥാന പാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്ക തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിനായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

59. 5054-03-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാനപാതകൾ - റോഡുപണികൾ - ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടേയും ഉപരിതല പുനരുദ്ധാരണത്തിന് ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

60. 5054-04-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ പ്രധാന ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്തു പണികൾ

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. 2015-16 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2016-17 വർഷം പുതിയ ഭരണാനുമതി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

61. 5054-04-101-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലംപണികൾ മറ്റു ജില്ലാതല റോഡുകൾ, പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്ത് പണികൾ

മറ്റു ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി ഈ ശീർഷകത്തിൽ നടപ്പ് വർഷം തുക വകയിരുത്തിയിട്ടില്ലായെന്ന് മനസ്സിലാക്കിയ സമിതി, ബില്ലുകൾ കൊടുത്തുതീർക്കാനുള്ളതിനാൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

പഞ്ചായത്തുകൾക്ക് വിട്ടുകൊടുത്ത ഗവൺമെന്റ് റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കണമെങ്കിൽ വകുപ്പ് റോഡ് വിട്ടുതരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതിനുശേഷം ഗസറ്റിൽ പ്രസിദ്ധീകരിച്ച് റോഡ് നന്നാക്കുന്നതിനുള്ള തുടർനടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്നതാണെന്നും സമിതി ചെയർമാൻ ചൂണ്ടിക്കാട്ടി.

62. 5054-04-101-96-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - പാലങ്ങളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ - വൻകിട മരാമത്തു പണികൾ

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 125 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

63. 5054-04-101-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റ് റോഡുകളും പാലം പണികൾ നിലവിലുള്ള പൂർത്തിയാകാത്ത പണികളുടെ പൂർത്തീകരണം -പാലങ്ങൾ

വിവിധ കാരണങ്ങളാൽ പൂർത്തീകരണം മുടങ്ങിക്കിടക്കുന്ന പാലങ്ങളുടെ പണി പൂർത്തീകരണത്തിനുവേണ്ടിയുള്ള ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

64. 5054-04-101-94—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റുറോഡുകളും പാലം പണികൾ - ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം ( പാലം)

പാലങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

65. 5054-04-101-86—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്തു പണികൾ (പാലങ്ങൾ)

കുടിശ്ശിക ബില്ലുകൾ കൊടുത്ത് തീർക്കുവാനും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

66. 5054-04-337-99-16—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും - വൻകിട മരാമത്തു പണികൾ.</u>

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം എന്നിവയ്ക്കുള്ള തുക ഈ ശീർഷകത്തിൽ ഉൾപ്പെടുന്നു. 2015-16 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2016-17 വർഷം പുതിയ ഭരണാനുമതി നൽകാനുമായി 700 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

67. 5054-04-337-98—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ-മറ്റു ജില്ലാതലറോഡുകൾ പുതിയ പണികൾ.</u>

നടപ്പുസാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

68. 5054-04-337-97—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ മറ്റു ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും.</u>

നടപ്പ് സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടില്ല കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

69. 5054-04-337-94-16—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ- റോഡുകളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ-വൻകിട മരാമത്തു പണികൾ.</u>

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 135 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

70. 5054-04-337-93—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ തീരദേശ ഹൈവേ

വല്ലാർപാടം മുതൽ കോഴിക്കോട് വരെയുള്ള തീരദേശ പാത വികസിപ്പിക്കുന്നതിനായി സ്ഥലമേറ്റെടുപ്പിനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ, പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുചേർക്കാൻ കേരള സ്റ്റേറ്റ് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനോട് സമിതി നിർദ്ദേശിച്ചു.

71. 5054-04-337-92—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ മലയോര ഹൈവേ

മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. അതിനാൽ 2013-14 വർഷം ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കാനായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

72. 5054-04-337-91-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റു റോഡുകളും -പാതകളുടെപണികൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം - വൻകിടമരാമത്തു പണികൾ

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡു നിർമ്മാണം, പരിഷ്കരണം എന്നീ ജോലികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഭരണാനുമതി ലഭിച്ച പണികൾക്കും പുതിയ ഭരണാനുമതി നൽകാനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

73. 5054-04-337-90—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - ഏഴിമല നാവിക അക്കാഡമിയിലേക്കുള്ള റോഡ്

ഏഴിമല നാവിക അക്കാഡമിയിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

74. 5054-04-337-89-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ-ശബരിമല റോഡ് പ്രോജക്ട് -വൻകിട മരാമത്തു പണികൾ

ശബരിമലയുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള റോഡ് വികസന പണികൾക്കായി 150 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

75. 5054-04-337-83—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്- ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ- മാന്ദ്യ വിരുദ്ധ ഉത്തേജകപാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്ത് പണികൾ (പാതകൾ)

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 1000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കരാറുകാരുടെ കടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ പ്ലാൻ ഇനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

76. 5054-04-337-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ-മാന്ദ്യവിരുദ്ധ ഉത്തേജകപാക്കേജിൻ കീഴിലുള്ള പദ്ധതികൾ-ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾ

ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയായുള്ള അറ്റകുറ്റപണികൾക്കുവേണ്ടി ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. കരാറുകാരുടെ കടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

77. 5054-04-337-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - പൊന്നാനി വെങ്ങളം തീരദേശ ഹൈവേ നിർമ്മാണം

പൊന്നാനി വെങ്ങളം തീരദേശ ഹൈവേ നിർമ്മാണത്തിന് ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

78. 5054-04-337-80—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം

റോഡുകളുടേയും പാലങ്ങളുടേയും ഭൂമി ഏറ്റെടുത്ത ശേഷം കോടതി വിധി പ്രകാരം നഷ്ടപരിഹാരം നൽകാൻ വേണ്ടി തുടങ്ങിയ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 70 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

79. 5054-05-101-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ-പാലങ്ങൾ- സി.ആർ.എഫ്. പാലങ്ങൾ(സാധാരണ വിഹിതം)

ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

80. 5054-05-337-97-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ - റോഡുപണികൾ - സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)-വൻകിട മരാമത്ത് പണികൾ

കേന്ദ്ര സഹായത്തോടുകൂടിയുള്ള വൻകിട മരാമത്ത്പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

81. 5054-80-004-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ- ഗവേഷണം - ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും

ഗവേഷണത്തിലും ഡിസൈനിംഗിലും സംസ്ഥാനം വളരെ പിന്നോക്കമാണെന്നും ഡിസൈനിംഗിൽ പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കേണ്ടതാണെന്നും ഗവേഷണ വിഭാഗം ശക്തിപ്പെടുത്തേണ്ടതാണെന്നും സമിതി വിലയിരുത്തി. ആയതിനാൽ പുതുതായി സ്ഥാപിച്ച ജില്ലാ/മേഖലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾക്കും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ക്വാളിറ്റി കൺട്രോൾ യൂണിറ്റിനും ഗവേഷണ പ്രവർത്തനങ്ങൾക്കും 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

റോഡ് നിർമ്മാണത്തിനായി പ്ലാസ്റ്റിക് ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും കിലോഗ്രാമിന് 20 രൂപയായതിനാൽ തമിഴ്നാട്ടിൽ നിന്നും പ്ലാസ്റ്റിക് വാങ്ങേണ്ട അവസ്ഥയാണ് വന്നിരിക്കുന്നതെന്നും കുടുംബശ്രീ വഴി പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഗ്രീൻ ഡിസൈനിംഗിനു ആവശ്യമായ ഉപകരണങ്ങൾ വാങ്ങാനും സോഫ്റ്റ്‌വെയർ തയ്യാറാക്കാനും ജീവനക്കാരെ നിയമിക്കാനും ആവശ്യമായ തുക എത്രയെന്ന് കണക്കാക്കി ധനകാര്യവകുപ്പിന് പ്രത്യേക നോട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

82. 5054-80-190-97-66—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം - ലിംഗ - സമത്വ - സ്ത്രീ - ശാക്തീകരണ നയനിർവ്വഹണം ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിനുള്ള സഹായം - ലിംഗ സമത്വ പദ്ധതി നിർവ്വഹണം</u>

ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1.19 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

83. 5054-80-800-82—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ</u>

പൊതുമരാമത്ത് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

84. 5054-80-800-81—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - റെയിൽവെ സുരക്ഷിതത്വ പണികൾ</u>

റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. അതിനാൽ പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

85. 5054-80-800-74—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - മേൽപ്പാലങ്ങളുടെ പൂർത്തീകരണം

റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കുവാനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

86. 5054-80-800-73—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - പുതിയ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമിഏറ്റെടുക്കൽ

പുതിയ റെയിൽവേ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

87. 5054-80-800-71—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - കൊച്ചിയിൽ സീ പോർട്ട് - എയർ പോർട്ട് റോഡിന്റെ നിർമ്മാണം

കൊച്ചിയിൽ സീപോർട്ട് - എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. രണ്ടാം ഘട്ടം സെക്ഷൻ എ പാക്കേജ് II, എൻ.എ.ഡി. മുതൽ അശോകപുരം വരെ ഭൂമി ഏറ്റെടുക്കുന്നതിന് 76.4 കോടി രൂപയും നിർമ്മാണം നടക്കുന്ന എച്ച്.എം.റ്റി. മുതൽ എൻ.എ.ഡി. വരെയുള്ള നിർമ്മാണത്തിന് 38.5 കോടി രൂപയും ഒന്നാംഘട്ടത്തിലെ ഭാരതമാത കോളേജ് മുതൽ കളക്ടറേറ്റ് വരെ 4 വരിയാക്കുന്നതിന് 28.5 കോടി രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 131.4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

88. 5054-80-800-70—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - മുൻഗണനാ പ്രവൃത്തികൾ

മുൻഗണന നൽകി പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പണികൾക്ക് വേണ്ടിയുള്ള ഈ ശീർഷകത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കാനായി 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

## ധനാഭ്യർത്ഥന നമ്പർ XL-തുറമുഖങ്ങൾ

89. 3051-02-001-99—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും-പോർട്ട് ഡയറക്ടറേറ്റ്

തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, വാടക, കരം, നികുതി തുടങ്ങിയ ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

90. 3051-02-001-98—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-ഹാർബർ എഞ്ചിനിയറിംഗ് ഡിപ്പാർട്ട്മെന്റ്

ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിൽ 02-വേതനം എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും 05-OE-വെള്ളക്കരം എന്ന ശീർഷകത്തിൽ 4 ലക്ഷം രൂപയും 05-0E2 കറണ്ട് ചാർജ് എന്ന ശീർഷകത്തിൽ 4.50 ലക്ഷം രൂപയും 05-OE3 ടെലിഫോൺ ചെലവ് എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും 05-OE.4 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 3.5 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 11 ലക്ഷം രൂപയും 05-OE-12 സ്കോളർഷിപ്പ് & സ്റ്റൈപ്പൻറ് എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും 21 - മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും സംരക്ഷണവും എന്ന ശീർഷകത്തിൽ 3.50 ലക്ഷം രൂപയും 34 - മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ 1.52 ലക്ഷം രൂപയും 21(1) - മോട്ടോർ വാഹനങ്ങൾ വാങ്ങൽ എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

91. 3051-02-001-93—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ ഭരണവും നടത്തിപ്പും-മാരിടൈം വിദ്യാഭ്യാസപരിശീലന പരിപാടികളും ശേഷിവികസനവും

നീണ്ടകരയിലെ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് 2015-16 സാമ്പത്തികവർഷം കരാറുകാരൻ ഹാജരാക്കിയ 1,91,00,000 രൂപയുടെ ബില്ല് വെയ്സ് & മീൻസ് ക്ലീയറൻസ് ലഭിക്കാത്തതുമൂലം നൽകുവാൻ കഴിഞ്ഞില്ല. കൂടാതെ കൺസൾട്ടൻസി ചാർജ്ജിനത്തിൽ 9 ലക്ഷം രൂപയും നൽകുവാനുണ്ട്. നടപ്പ്സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

92. 3051-02-101-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - നിർമ്മാണവും അറ്റകുറ്റപ്പണികളും - പോർട്ട് ഡിപ്പാർട്ട്മെൻറ്

തുറമുഖവകുപ്പിനു കീഴിലുള്ള ഓഫീസ് കെട്ടിടങ്ങൾ, ഗോഡൗണുകൾ, സിഗ്നൽ സ്റ്റേഷനുകൾ, ക്വാർട്ടേഴ്സുകൾ, വർക്ക് ഷോപ്പുകൾ, സ്റ്റോറുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കു വേണ്ടിയുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

93. 3051-02-101-98—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ - നിർമ്മാണവും അറ്റകുറ്റപ്പണികളും - തുറമുഖ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെൻറ്

തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിലുള്ള നിർമ്മാണവും അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

94. 3051-02-102-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - തുറമുഖ കാര്യാന്വേഷണം- പോർട്ടോഫീസുകളും എസ്റ്റാബ്ലിഷ്മെൻറുകളും

നീണ്ടകര, ആലപ്പുഴ, കോഴിക്കോട് പോർട്ടോഫീസർമാരുടെ ഓഫീസുകളിലെയും മറ്റ് സബ് ഓഫീസുകളിലെയും ജീവനക്കാരുടെയും ടഗ്ഗുകൾ, ബാർജ്ജുകൾ, ക്രെയിനുകൾ എന്നിവയിലെ ജീവനക്കാരുടെയും ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവ്, ഓഫീസ് ചെലവ്, യന്ത്രോപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 997.35 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 852.99 ലക്ഷം രൂപ മാത്രമാണ് വക കൊള്ളിച്ചിരിക്കുന്നത്. സബ് ഓഫീസുകളിലെ കാറുകളുടേയും മോട്ടോർ സൈക്കിളുകളുടേയും ഇന്ധന ചെലവിനായി 1 ലക്ഷം രൂപയും റ്റി.എ. ഇനത്തിൽ 2 ലക്ഷം രൂപയും ടെലഫോൺ ചാർജ്ജ് ഇനത്തിൽ 2 ലക്ഷം രൂപയും അധികമായി ആവശ്യമുള്ളതിനാൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

95. 3051 -02-103-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ചെറുകിട തുറമുഖങ്ങൾ- ഡ്രെഡ്ജിംഗും സർവ്വേയിങ്ങും - ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം

ബേപ്പൂർ മറൈൻ സർവ്വേയറുടെ പഴയ ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 1.50 ലക്ഷം രൂപ അധികമായി ധനപുനഃ വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

96. 5051-02-200-81—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ് -ചെറുകിട തുറമുഖങ്ങൾ -മറ്റു ചെറുകിട തുറമുഖങ്ങൾ- തങ്കശ്ശേരി തുറമുഖ വികസനം

തുറമുഖചാനൽ ആഴം കൂട്ടുക, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രം സ്ഥാപിക്കുക, ഡ്രെഡ്ജർ വാങ്ങുക, തുറമുഖ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും നടപ്പിലാക്കുക, കാർഗോ വാർഫ് നിർമ്മിക്കുക, ആശ്രാമം ഉൾപ്പെടെയുള്ള സ്ഥലത്ത് കെട്ടിടങ്ങൾ നിർമ്മിക്കുക, തുറമുഖ വികസനത്തിനുള്ള ഭൂമി പരിപാലിക്കുക, ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുക, ചാനൽ മാർക്കിംഗ് ചെയ്യുക, ടഗ്ഗുകളുടെയും യന്ത്രങ്ങളുടെയും അറ്റകുറ്റപണികൾ നടത്തുക, റോഡ്/റെയിൽ ബന്ധം സ്ഥാപിക്കുക, പൈലറ്റ് പട്രോൾ ബോട്ടുകൾ വാങ്ങുക, സി.സി.എൻ. ഉൾപ്പെടെയുള്ള തുറമുഖ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക, പി.പി.പി. മോഡൽ സിമന്റ് ടെർമിനൽ സ്ഥാപിക്കുക എന്നിവയ്ക്കായി 15.70 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ഈ ശീർഷകത്തിൽ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണത്തിനായി 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

97. 5051-02-200-70—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ് ചെറുകിട തുറമുഖങ്ങൾ -മറ്റു ചെറുകിട തുറമുഖങ്ങൾ- മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണം

നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട ഈ ശീർഷകത്തിൽ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

98. 5051-80-001-95—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ് - പൊതുവായ - ഭരണവും നടത്തിപ്പും - പുതിയാപ്പയിലെ ഓഫീസ് സമുച്ചയ നിർമ്മാണം (ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്)

പുതിയാപ്പയിലെ ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കുവാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

99. 5051-80-190-98—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ് -പൊതുവായ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങൾക്കുമുള്ള മൂലധന നിക്ഷേപം - കേരള മാരിടൈം ബോർഡ്

ഈ വർഷം പ്രവർത്തനമാരംഭിക്കുന്ന കേരള മാരിടൈം ബോർഡിന്റെ ചെലവുകൾക്കായി 80 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കുവാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

100. 5051-80-800-57—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ് - പൊതുവായ - മറ്റു ചെലവുകൾ - ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന് വേണ്ടി തിരുവനന്തപുരത്ത് കെട്ടിട നിർമ്മാണം

ഹൈഡ്രോഗ്രാഫിക് സർവ്വേവിംഗിന് വേണ്ടി തിരുവനന്തപുരത്ത് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ബാക്കി നിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിന് 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കുവാൻ ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.45-ന് പിരിഞ്ഞു.

## 9-8-2016-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2016 ആഗസ്റ്റ് മാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ ജി.സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പു മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു.ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ.കെ. ശശീന്ദ്രനും താഴെ പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു

1. ശ്രീ.കെ.വി.അബ്ദുൾ ഖാദർ, എം.എൽ.എ.
2. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
4. ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.
5. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
6. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.
7. ശ്രീ. സി. എഫ്. തോമസ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവിഅമ്മ.എസ്., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ഏലിയാസ് ജോർജ്ജ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഗതാഗതവും മെട്രോറെയിലും വകുപ്പ്
2. ശ്രീ. വി. ജെ. കുര്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. ടോമിൻ. ജെ. തച്ചങ്കരി, ട്രാൻസ്പോർട്ട് കമ്മീഷണർ
4. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ഗതാഗത വകുപ്പ്
5. ശ്രീ. ഷേയ്ക്ക് പരീത്, ഡയറക്ടർ, തുറമുഖ വകുപ്പ്
6. ശ്രീ. ഷാജി. വി. നായർ, ഡയറക്ടർ, ജലഗതാഗത വകുപ്പ്
7. ശ്രീ. എസ്. സുരേഷ്കുമാർ, ഡയറക്ടർ, ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്
8. ശ്രീ. എ. ഷരീഫുദ്ദീൻ, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
9. ശ്രീ. ജെ. വിജയമോഹനൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീമതി ഡി. കൃഷ്ണപ്രിയ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീ. എം. അനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
12. ശ്രീ. ആന്റണി ചാക്കോ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലിമിറ്റഡ്
13. ശ്രീമതി ബി. ഉഷാദേവി, മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്
14. ശ്രീ. ആർ. സുധാകരൻ, ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലിമിറ്റഡ്
15. ശ്രീമതി ഡി. സുമ, ജോയിന്റ് ഡയറക്ടർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
16. ശ്രീ.വി.കെ.മഹാനുദേവൻ, ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
17. ശ്രീമതി കെ. എസ്. ശോഭ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
18. ശ്രീ. എസ്. സുനിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്, കൊല്ലം
19. ശ്രീ. കെ. നന്ദനൻ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്, കണ്ണൂർ
20. ശ്രീ. ആനന്ദ് ഇലമൺ, പ്രോജക്ട് മാനേജർ, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്.

സമിതി, 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ IX (വാഹനനികുതികൾ), XLI (ഗതാഗതം) എന്നിവയുടെ കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ആരായുകയും ശിപാർശകൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ

1. 2041-00-001—<u>വാഹന നികുതികൾ-നടത്തിപ്പും ഭരണവും</u>

ഭരണ ചെലവുകൾക്കും മോട്ടോർ വാഹന വകുപ്പിന്റെ നവീകരണത്തിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.08 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2. 2041-00-102-99—<u>വാഹന നികുതികൾ -മോട്ടോർ വാഹനങ്ങളുടെ പരിശോധന-മോട്ടോർ വാഹനങ്ങളുടെ പരിശോധന</u>

മോട്ടോർ വാഹനങ്ങളുടെ പരിശോധന സംബന്ധിച്ച ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.5827 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

ചരക്കുവാഹനങ്ങൾക്ക് കൂടുതൽ നികുതി ഏർപ്പെടുത്തിയതുവഴി 50 കോടി രൂപയാണ് ഒരു വർഷത്തെ അധിക വരുമാനമായി പ്രതീക്ഷിക്കുന്നതെന്നും ആയത് ബഡ്ജറ്റിൽ തന്നെ സൂചിപ്പിച്ചിട്ടുണ്ടെന്നും 12 വർഷത്തിനുശേഷം ഇപ്പോഴാണ് ടാക്സ് വർദ്ധിപ്പിക്കുന്നതെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

## ധനാഭ്യർത്ഥന നമ്പർ XLI- ഗതാഗതം

### <u>കേരള റോഡ് സുരക്ഷാ അതോറിറ്റി</u>

3. 3055-00-800-95—<u>റോഡ് ഗതാഗതം - മറ്റു ചെലവുകൾ - കേരള റോഡ് സുരക്ഷ ഫണ്ടിലേയ്ക്ക് മാറ്റൽ</u>

2015-16 സാമ്പത്തിക വർഷത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുമായി ബന്ധപ്പെട്ട് ബഡ്ജറ്റ് വിഹിതമായി 86 കോടി രൂപ അനുവദിച്ചുവെങ്കിലും തുകയൊന്നും ചെലവഴിച്ചില്ലെന്നും ഈ വർഷം വിശദമായ സേഫ് സോൺ കേരളത്തിൽ നടപ്പാക്കുന്നതിനുള്ള പദ്ധതി ബഹു.മന്ത്രി വിളിച്ചു ചേർത്ത റോഡ് സേഫ്റ്റി അതോറിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചതു പ്രകാരം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും 85 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്നതെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കൊല്ലം മുതൽ ഹോസ്ദുർഗ്ഗ് വരെയുള്ള കനാലുകളിലെ ബോട്ടുയാത്ര സുഗമമാക്കുന്നതിന് കനാലുകളിലെ പായലും പോളയും കാലാകാലങ്ങളിൽ നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

ആലപ്പുഴ-ചങ്ങനാശ്ശേരി, ആലപ്പുഴ-കോട്ടയം, ആലപ്പുഴ-വൈക്കം കനാലുകൾ ദേശീയ ജലപാതയാക്കുന്നതിനുള്ള പ്രായോഗിക പഠനം ഇൻലാന്റ് വാട്ടർ അതോറിറ്റി ഓഫ് ഇന്ത്യ നടത്തിക്കൊണ്ടിരിക്കുകയാണെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

4. 3056-00-001-99-01 (4)—<u>ഉൾനാടൻ ജലഗതാഗതം - ഭരണവുംനടത്തിപ്പും - മാനേജ്മെന്റ് - ശമ്പളം (മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്)</u>

ജീവനക്കാരുടെ മെഡിക്കൽ ബില്ലുകൾ മാറുന്നതിന് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

5. 3056-00-001-99-05(3)—<u>ഉൾനാടൻ ജലഗതാഗതം - ഭരണവുംനടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ (ടെലഫോൺ ചെലവ്)</u>

സ്പാർക്ക്, ബ്രോഡ് ബാന്റ് കണക്ഷനുമായി ബന്ധപ്പെട്ട് വരുന്ന അധിക ബിൽ തുക നൽകാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന മനസ്സിലാക്കിയ സമിതി 80,000 രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

6. 3056-00-001-99-21(1)—<u>ഉൾനാടൻ ജലഗതാഗതം - ഭരണവുംനടത്തിപ്പും - മാനേജ്മെന്റ് - മോട്ടോർ വാഹനങ്ങൾ (പുതിയ വാഹനം വാങ്ങൽ)</u>

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 21(1) എന്ന ഉപശീർഷകം ഉൾപ്പെടുത്തിയിട്ടില്ലായെന്നും വകുപ്പിന് പുതിയ വാഹനം വാങ്ങുന്നതിനുള്ള പ്രസ്തുത ഉപശീർഷകത്തിൽ നിലവിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്നും സമിതിക്കു ബോദ്ധ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ഉപശീർഷകം ഉൾപ്പെടുത്തി 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

7. 3056-00-001-98-01(4)—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - ശമ്പളം (മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്)

മെഡിക്കൽ ബില്ലുകൾ മാറുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട സമിതി 14.19 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

8. 3056-00-001-98-06—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - വാടക, കരം, നികുതി

വകുപ്പിന്റെ സർവ്വീസ് ബോട്ടുകളുടെ ഫിറ്റ്നസ്, ലൈസൻസ് എന്നിവ പുതുക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന മനസ്സിലാക്കിയ സമിതി 1 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

9. 3056-00-001-98-34(3)—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - മറ്റു ചെലവുകൾ (മറ്റിനം)

ഡീസലിന്റെ വില വർദ്ധനവ് മൂലമുണ്ടാകുന്ന അധിക ചെലവ് നേരിടുന്നതിന് നിലവിലെ തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കഴിയുന്നത്ര ഡീസലിൽ നിന്നും നോൺ പൊല്യൂട്ടഡായിട്ടുള്ള മറ്റ് ഇന്ധനങ്ങളിലേയ്ക്ക് മാറാനുള്ള ശ്രമങ്ങളാണ് നടക്കുന്നതെന്നും ഇന്ത്യയിൽ ആദ്യമായി സോളാർ എനർജിയിൽ പ്രവർത്തിക്കുന്ന ഒരു ബോട്ട് തയ്യാറാക്കിയിട്ടുണ്ടെന്നും കേന്ദ്ര ഗവൺമെന്റ് അതിന്റെ വിശദാംശങ്ങൾ ചോദിച്ചിട്ടുണ്ടെന്നും കൊച്ചിയിൽ ലോഞ്ച് ചെയ്ത്, കൊച്ചി മുതൽ ആലപ്പുഴ വരെയാണ് ബോട്ട് സർവ്വീസ് പ്ലാൻ ചെയ്തിരിക്കുന്നതെന്നും കൊല്ലം വരെയാകുമ്പോൾ കായംകുളത്ത് ഡ്രഡ്ജിംഗ് ആവശ്യമുണ്ടെന്നും ഇൻലാൻഡ് വാട്ടർവേയ്സ് ആണ് ഡ്രഡ്ജിംഗ് ചെയ്യുന്നതെന്നും പ്രസ്തുത പ്രശ്നം പരിഹരിക്കുന്ന മുറയ്ക്ക് കൊല്ലം - കൊച്ചി റൂട്ടിൽ റഗുലർ സർവ്വീസ് തുടങ്ങാൻ സാധിക്കുമെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇരുപത്തിയഞ്ചു വർഷം പഴക്കമുള്ള 14 ബോട്ടുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള തുക നൽകിയിട്ടുണ്ടെന്നും പല സർവ്വീസുകളും മുടങ്ങുവാൻ കാരണം യാർഡുകളുടെ അപര്യാപ്തതയാണെന്നും ആലപ്പുഴയിൽ കേരളത്തിലെ ആദ്യത്തെ ഡ്രൈഡോക്കും സ്ലിപ്‌വേയും പൂർത്തിയാക്കിയെന്നും അവിടെ 8 ബോട്ടുകൾ കയറ്റി വച്ചു കഴിഞ്ഞുവെന്നും നേരത്തെ യാർഡ് ഇല്ലാതിരുന്ന കണ്ണൂർ മേഖലയിൽ ഒരു മാസത്തിനുള്ളിൽ ഒരു യാർഡിന്റെ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും ആകെ ഒരു യാർഡ് മാത്രമുള്ള എറണാകുളത്ത് തേവരയിൽ ഇലക്ട്രിക് വെഞ്ച് സ്ഥാപിച്ചു കഴിഞ്ഞുവെന്നും ജലഗതാഗത വകുപ്പു ഡയറക്ടർ സമിതിയെ ബോധ്യപ്പെടുത്തി.

10. 3056-00-001-97-01(4)—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - അറ്റകുറ്റപ്പണികളും സംരക്ഷണവും -ശമ്പളം (മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്)</u>

ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട സമിതി 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

11. 3056-00-800-99-10—<u>ഉൾനാടൻ ജലഗതാഗതം-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-സംഭാവന</u>

വകുപ്പിലെ ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിലെ ജീവനക്കാരുടെ ഇ.പി.എഫ്, ഇ.എസ്.ഐ വിഹിതം അടയ്ക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 15,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

12. 3075-60-800-97—<u>മറ്റു ഗതാഗതസർവ്വീസുകൾ - മറ്റുള്ളവ - മറ്റു ചെലവുകൾ-ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം</u>

ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

13. 3075-60-800-90—<u>മറ്റു ഗതാഗതസർവ്വീസുകൾ-മറ്റുള്ളവ-മറ്റു ചെലവുകൾ സബർബൻ റെയിൽ സർവ്വീസിനായുള്ള സാദ്ധ്യതാപഠനം</u>

സംസ്ഥാനത്തെ സബർബൻ റെയിൽ സർവ്വീസിനായുള്ള സാദ്ധ്യതാപഠനം നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി എം.ആർ.വി.സി സമർപ്പിച്ചിട്ടുണ്ടെന്നും ഈ പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി 51:49 എന്ന ഓഹരി പങ്കാളിത്തത്തോടെ കേരള സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി ചേർന്ന് ഒപ്പുവച്ച ധാരണാപത്ര പ്രകാരം, രജിസ്റ്റർ ചെയ്യപ്പെടുന്ന സംയുക്ത സംരംഭ കമ്പനി (JVC) യുടെ കീഴിൽ രൂപീകൃതമാകുന്ന പ്രത്യേക ദൗത്യ വിഭാഗം (SPV) വഴി പദ്ധതി നടപ്പിലാക്കാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞുവെന്നും സമിതി മനസ്സിലാക്കുന്നു. 2014-ലെ വിലനിലവാരം അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക 2016 വിലനിലവാരത്തിലേയ്ക്ക് പുതുക്കുന്നതിലേക്കും വിശദ പദ്ധതി റിപ്പോർട്ടിലും 2016 അടിസ്ഥാനമാക്കി വരുത്തേണ്ട മാറ്റങ്ങൾക്കുമായി നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി 29 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ഷൊർണ്ണൂർ മുതൽ കോഴിക്കോട് വരെയുള്ള ഇലക്ട്രിഫിക്കേഷൻ കഴിഞ്ഞിട്ടും ആയത് കമ്മീഷൻ ചെയ്യാത്തത് എന്തുകൊണ്ടാണെന്നത് സംബന്ധിച്ച് റയിൽവേ ബോർഡിനോട് അന്വേഷിക്കുവാൻ, ഗതാഗത വകുപ്പിനോട് നിർദ്ദേശിക്കുവാൻ സമിതി തീരുമാനിച്ചു

14. 5055-00-190-99—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിക്ഷേപങ്ങൾ

കെ.എസ്.ആർ.ടി.സി വർക്ക് ഷോപ്പ് നവീകരണവും അടിസ്ഥാന സൗകര്യ വികസനവും, സമ്പൂർണമായ കമ്പ്യൂട്ടറൈസേഷനും ഇ-ഗവേണൻസ് നടപ്പാക്കലും, കെ.എസ്.ആർ.ടി.സി ഡ്രൈവർമാർ, ടെക്നിക്കൽ ഓഫീസർമാർ/പേഴ്സണൽ എന്നിവരുടെ പരിശീലനം, വാഹനവ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 56.35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

15. 5055-00-190-94—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കെ.യു.ആർ.ടി.സിയുടെ ഹരിത നഗരം പദ്ധതി

ഡൽഹിയിൽ സി.എൻ.ജി. ഇന്ധനം ഉപയോഗിച്ചാണ് ബസുകൾ ഓടുന്നതെന്നും കേരളത്തിൽ എൽ.എൻ.ജി.യാണ് കിട്ടുന്നതെന്നും ചൈനയിൽ 2 ലക്ഷം ബസുകളിൽ എൽ.എൻ.ജി. ഡയറക്ടായി ഉപയോഗിക്കുന്നുണ്ടെന്നും എൽ.എൻ.ജി. ഡയറക്ടായി ഉപയോഗിക്കാൻ കഴിയുമെങ്കിൽ കിലോമീറ്ററിന് 10 രൂപ എന്നത് 4 രൂപയായി കുറയ്ക്കാൻ കഴിയുമെന്നും അതുവഴി കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കുറയ്ക്കാൻ കഴിയുമെന്നും അതിനായി I.O.C., പെട്രോനെറ്റ് എന്നിവയുമായി കരാറുണ്ടാക്കണമെന്നും കേരളത്തിലും ഗുജറാത്തിലും മാത്രമാണ് ഇപ്പോൾ എൽ.എൻ.ജി. ടെർമിനലുള്ളതെന്നും സെൻട്രൽ മോട്ടോർ വെഹിക്കിൾ ആക്ടിൽ ഭേദഗതി കൊണ്ടുവന്ന് എൽ.എൻ.ജി. ഡയറക്ടായി ഉപയോഗിക്കുന്നതിനുള്ള അനുവാദം വാങ്ങേണ്ടതായുണ്ടെന്നും ഇന്ത്യയിൽ ഒരിടത്തും എൽ.എൻ.ജി. ഉപയോഗിച്ച് ബസ് ഓടുന്നില്ലെന്നും ഡീസലിൽ നിന്നും പതുക്കെ മാറുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും സി.എൻ.ജി. ബസുകളോടൊപ്പം കൊച്ചി നഗരത്തിൽ 50 ഇലക്ട്രിക് ബസുകൾ കൂടി ജർമ്മൻ ഫണ്ടിംഗ് ഏജൻസിയിൽ നിന്നും വായ്പയെടുത്ത് നിരത്തിലിറക്കുകയാണെന്നും ഗതാഗത വകുപ്പു സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

ഇലക്ട്രിക് ബസുകൾ പ്രായോഗികമാണോയെന്ന് സമിതി ആരാഞ്ഞതിന്, കൊച്ചി-മൂന്നാർ റൂട്ടിൽ ഫീസിബിൾ ആണോയെന്ന് പഠനം നടത്തിയിരുന്നുവെന്നും 60 കിലോമീറ്റർ കഴിയുമ്പോൾ ഒരു ഇലക്ട്രിക് സ്റ്റേഷൻ ആവശ്യമാണെന്നും 8 മിനിട്ട് ചാർജ്ജ് ചെയ്യേണ്ടി വരുമെന്നും ചെലവ് കൂടുതലാണെന്നും എന്നാൽ സോളാർ ഉപയോഗിച്ചാൽ ചെലവ് കുറയ്ക്കാൻ സാധിക്കുമെന്നും ഗതാഗത വകുപ്പ് സെക്രട്ടറി മറുപടി പറഞ്ഞു.

500 ബസുകൾ എൽ.എൻ.ജി. ആക്കുകയാണെങ്കിൽ 500 കോടി രൂപയുടെ ലാഭം ഒരു വർഷം ലഭിക്കുമെന്നും നഷ്ടമില്ലാതെ പോകുന്നതിന് പരമാവധി പകരം സംവിധാനങ്ങൾ ഏർപ്പെടുത്താറുണ്ടെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

കെ.യു.ആർ.ടി.സിയുടെ ഹരിത നഗരം പദ്ധതി പ്രകാരം 1000 പുതിയ സി.എൻ.ജി ബസുകൾ സർക്കാരിന്റെ പ്രത്യേക വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി 300 കോടി രൂപാ മുതൽ മുടക്കിൽ നിരത്തിലിറക്കുമെന്ന് ബഡ്ജറ്റ് പ്രസ്താവനയിൽ സൂചിപ്പിച്ചതനുസരിച്ച് ഈ ശീർഷകത്തിൽ (+)1(1000 രൂപ) "ന്യൂ സർവ്വീസ് " ആയി ടോക്കൺ തുക വകയിരുത്തിയതായി മനസ്സിലാക്കിയ സമിതി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി 230 കോടി രൂപ അധികമായി ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

16. 5056-00-104-85(01)—<u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനചെലവ്-നാവിഗേഷൻ - കേരള പരിപ്രേക്ഷ്യപദ്ധതി 2030-ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ (കൊച്ചി സംയോജിത ജലഗതാഗത പദ്ധതി)</u>

കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട വായ്പാ-പദ്ധതി കരാറുകൾ ഒപ്പുവച്ചുകഴിഞ്ഞതായി മനസ്സിലാക്കിയ സമിതി, പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾക്കായി സംസ്ഥാന നിക്ഷേപവിഹിതമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 24.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

17. 5056-00-190-96—<u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനചെലവ്-പൊതുമേഖലയിലും മറ്റുസ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കൊച്ചിയിൽ വേഗതയേറിയ കടത്ത് സർവ്വീസ്</u>

രണ്ട് അതിവേഗ ഫെറി ബോട്ടുകളുടെ നിർമ്മാണത്തിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി, 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

18. 5056-00-190-95—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനചെലവ്-പൊതുമേഖലയിലും മറ്റുസ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കടത്ത് സർവ്വീസ് ടെർമിനലിന്റെ പുനർനിർമ്മാണം

ഫെറി ടെർമിനൽ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണെന്നും വലിയ ജലവാഹനങ്ങൾ അടുപ്പിക്കുന്നതിന് നിലവിലുള്ള കാലപ്പഴക്കംചെന്ന ജെട്ടി പുനർനിർമ്മിക്കേണ്ടതുണ്ടെന്നും അതിനായുള്ള മതിപ്പ് ചെലവ് 225 ലക്ഷം രൂപയാണെന്നും മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

19. 5056-00-190-93—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനചെലവ്-പൊതുമേഖലയിലും മറ്റുസ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കാർഗോ ബാർജ്ജുകളുടെ നിർമ്മാണം (കേരള സംസ്ഥാന ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ ലിമിറ്റഡ്)

2 കാർഗോ ബാർജ്ജുകൾ നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ 5.5 കോടി രൂപ അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

20. 5056-00-190-92—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനചെലവ്-പൊതുമേഖലയിലും മറ്റുസ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ -തീം ക്രൂസ് വെസ്സലുകളുടെ നിർമ്മാണം (കേരള സംസ്ഥാന ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ ലിമിറ്റഡ്)

വിനോദസഞ്ചാരികൾക്ക് കടൽയാത്രയ്ക്ക് ഉതകുന്ന രീതിയിലുള്ള ക്രൂസ് വെസ്സലിന്റെ നിർമ്മാണത്തിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.49 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

21. 5056-00-190-91—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനചെലവ് പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കൊച്ചിയിലെ ഉൾനാടൻ കനാലുകളുടെ വികസനം - പഠനവും വിശദമായ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കലും

കൊച്ചിയിലെ കനാലുകളുടെ വികസനത്തിനായി വിശദമായ പഠനം നടത്തുന്നതിനും രൂപരേഖ തയ്യാറാക്കുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 99 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കേരളത്തിലെ പ്രധാനപ്പെട്ട വാണിജ്യ നഗരങ്ങളിലേയ്ക്ക് ചരക്കുകൈമാറ്റം നടത്തുവാൻ ചെലവും മലിനീകരണതോതും കുറഞ്ഞ ജലമാർഗ്ഗം തെരഞ്ഞെടുക്കുന്നത് അനുയോജ്യമാകുമെന്നും അതിനായി പുതിയ പദ്ധതികൾ സമർപ്പിക്കേണ്ടത് ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഈ വർഷം പുതിയ രണ്ട് ബാർജ്ജുകൾ പണിയുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളെ ശാക്തീകരിച്ചുകൊണ്ടുള്ള ശ്രമം നടക്കുകയാണെന്നും ദേശീയ പാതയിലൂടെയുള്ള ചരക്കു നീക്കം പരമാവധി കുറയ്ക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ച് പഠിച്ചു കൊണ്ടിരിക്കുകയാണെന്നും വകുപ്പ് സമിതിയെ അറിയിച്ചു.

അമിതഭാരം കയറ്റിയ വൻകിട ട്രെയിലറുകൾ റോഡ് മാർഗ്ഗം പോകുന്നത് റോഡിന്റെ തകർച്ചയ്ക്ക് കാരണമാകുന്നുവെന്നും ആയതിന് കർശന നിയന്ത്രണമേർപ്പെടുത്തുന്നതിന് ഗതാഗതം, പൊതുമരാമത്ത്, റവന്യൂ വകുപ്പുകൾ സംയുക്തമായ ശ്രമം നടത്തണമെന്നും സമിതി നിർദ്ദേശിച്ചു.

22. 5075-60-190-96—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ് - മറ്റുള്ളവ-പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

കൊച്ചി മെട്രോ റെയിലിന്റെ ജെ.എൽ.എൻ സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള പുതിയ മെട്രോ പാതയുടെ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും 2024 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ ഓഹരി പങ്കാളിത്തത്തോടെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും മനസ്സിലാക്കിയ സമിതി, പദ്ധതിക്കു അംഗീകാരം ലഭിക്കുന്ന മുറയ്ക്കു പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 49.9949 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

23. 5075-60-190-94(01)—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്-മറ്റുള്ളവ-പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ കേരള പരിപ്രേക്ഷ്യ പദ്ധതി 2030 ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ (കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ നിക്ഷേപങ്ങൾ)

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികൾക്കായി സ്റ്റേഷൻ, ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ, ഡിപ്പോ എന്നിവയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കേണ്ട നടപടികൾ പൂർത്തിയാക്കാനും റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 343.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോയുടെ നിർമ്മാണവും നാഷണൽ ഹൈവേയുടെ വീതി കൂട്ടലും ഒരേ സമയം ചെയ്യണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

24. 5075-60-800-94—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്-മറ്റുള്ളവ-മറ്റുചെലവുകൾ-ഉൾനാടൻ ജലഗതാഗതം (സ്റ്റേറ്റാവിഷ്കൃതം) ഭരണവും നടത്തിപ്പും

കനാലുകൾ, നടപ്പാലങ്ങൾ, ബോട്ടുജെട്ടികൾ എന്നിവ നിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും അതിർത്തി നിർണ്ണയിക്കുന്നതിനുമായി കൂടുതൽ തുക ആവശ്യമാകയാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

25. 5075-60-800-83—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്-മറ്റുള്ളവ-മറ്റുചെലവുകൾ -കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ പേട്ട-തൃപ്പൂണ്ണിത്തുറ ഘട്ടം I A യുടെയും ജെ.എൽ.എൻ സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള പുതിയ മെട്രോ പാതയുടെയും തയ്യാറെടുപ്പ് ജോലികൾക്കും; ഭൂമി ഏറ്റെടുക്കലിനും പദ്ധതി നിർമ്മാണ ജോലികൾക്കുമായി 326.35 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ച നികുതിയിളവിന് തത്തുല്യമായി 182.59 കോടി രൂപ കീഴ്വടമായും സംസ്ഥാന നികുതി ഇനത്തിൽ റീ ഇമ്പേഴ്സ്മെന്റായി 25 കോടി രൂപയും സംസ്ഥാന സർക്കാർ അനുവദിക്കേണ്ടതായിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി, ഈ ശീർഷകത്തിൽ 504.585 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

26. 5075-60-800-70—മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്-മറ്റുള്ളവ-മറ്റുചെലവുകൾ-സബർബൻ റയിൽ പദ്ധതി

സബർബൻ റെയിൽ പദ്ധതിയുടെ സാധ്യതാപഠനം നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് എം.ആർ.വി.സി സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി 51:49 എന്ന ഓഹരി പങ്കാളിത്തത്തോടെ കേരള സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവും ചേർന്ന് ഒപ്പുവച്ച ധാരണാപത്ര പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സംയുക്ത സംരംഭ കമ്പനി (JVC) യുടെ കീഴിൽ രൂപീകൃതമാകുന്ന പ്രത്യേക ദൗത്യവിഭാഗം (SPV) വഴി പദ്ധതി സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നതായും മനസ്സിലാക്കിയ സമിതി, പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രോജക്ട് ഡയറക്ടറുടെ കീഴിൽ തിരുവനന്തപുരത്ത് ഒരു ഓഫീസ് പ്രവർത്തിച്ചു വരുന്നതിനാൽ, ശമ്പള ഇനത്തിനും ഓഫീസ് പ്രവർത്തനത്തിനും ഏകോപന പ്രവർത്തനങ്ങളുടെ ചെലവിലേയ്ക്കുമായി ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

27. 7055-00-190-99—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ- പൊതുമേഖലയും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ-കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നതിനായി ബഹു.മുഖ്യമന്ത്രി 22-12-2014-ന് വിളിച്ചുചേർത്ത യോഗത്തിൽ 2015 ഏപ്രിൽ 1 മുതൽ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം സുഗമമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുമെന്നും ഇതിനായി പ്രതിമാസം പെൻഷനുവേണ്ടി വരുന്ന തുകയുടെ പകുതി എന്നാൽ 20 കോടിയിൽ കൂടാത്ത തുക സർക്കാർ വിഹിതമായി നോൺ പ്ലാൻ ഇനത്തിൽ നൽകുവാനും ബാക്കി കെ.എസ്. ആർ.ടി.സി. നൽകുവാനും തീരുമാനിക്കുകയുണ്ടായി. എന്നാൽ 22-12-2014-നു ശേഷം കൂടുതൽ ജീവനക്കാർ പെൻഷനാവുകയും ക്ഷാമാശ്വാസ കുടിശ്ശിക പെൻഷൻകാർക്കു അനുവദിച്ചതുമൂലവും 2016 ജൂലൈ മാസത്തിൽ പെൻഷൻ ബാദ്ധ്യത 55 കോടിയിൽ എത്തി നിൽക്കുന്നതായി വിലയിരുത്തിയ സമിതി, 2017 മാർച്ച് മാസംവരെ പെൻഷൻ സുഗമമായി വിതരണം ചെയ്യണമെങ്കിൽ ആകെ 305 കോടി രൂപ അധികമായി ആവശ്യമാകയാൽ ഈ ശീർഷകത്തിൽ 205 കോടി രൂപ അധികമായി ധന പുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

സർക്കാർ വിവിധ ജന വിഭാഗങ്ങൾക്ക് നൽകി വരുന്ന യാത്രാ സൗജന്യവും യാത്രാക്കൂലിയിലെ ഇളവുകളും കെ.എസ്.ആർ.ടി.സി.യ്ക്ക് അമിത ബാദ്ധ്യത വരുത്തുന്നതായി സമിതി വിലയിരുത്തുകയും കെ.എസ്.ആർ.ടി.സി.യെ നിലനിർത്തേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ആയതിനാൽ ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം ഉച്ചയ്ക്കുശേഷം 12.15 ന് പിരിഞ്ഞു.

## 16-8-2016-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2016 ആഗസ്റ്റ് 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു. ഗതാഗതവകുപ്പു മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ.വി. അബ്ദുൾ ഖാദർ, എം.എൽ.എ.
2. ശ്രീ.വി. അബ്ദുറഹിമാൻ, എം.എൽ.എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
4. ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.
5. ശ്രീ. വി.ആർ. സുനിൽ കുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവി അമ്മ. എസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

സമിതി, 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുന്ന IX(വാഹന നികുതികൾ), XV(പൊതുമരാമത്ത്), XL(തുറമുഖങ്ങൾ), XLI(ഗതാഗതം) എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

1. ശീർഷകം 3054-80-800-95 പരിഗണിച്ച സമിതി, "പാതയോരങ്ങളിൽ അനധികൃതമായി ദീർഘസമയം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതും കല്ല്, മണൽ, തടി എന്നിവ നിക്ഷേപിക്കുന്നതും വാഹന ഗതാഗതത്തിനും കാൽനട യാത്രയ്ക്കും തടസ്സം സൃഷ്ടിക്കുകയും അപകടങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നതിനാൽ ഇതിനെതിരെ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പാതയോരങ്ങളിൽ നിന്നും ഇവ നീക്കം ചെയ്യുന്നതിനും റോഡ് ഫണ്ട് ബോർഡിൽ നിന്നും തുക ഈടാക്കണമെന്നും പുതിയ റോഡുകളിൽ ആവശ്യമായ ബസ്ബേകൾ നിർമ്മിക്കണമെന്നും റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുമരാമത്ത്, ഗതാഗതം, പോലീസ് എന്നീ വകുപ്പുകളുമായി ചർച്ച ചെയ്ത് സമഗ്രമായ ഒരു റിപ്പോർട്ട് സമർപ്പിക്കണമെന്നും" ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2. ശീർഷകം 3054-80-800-94 (03)-ൽ നൽകിയ പൊതുശിപാർശ "മുൻഗണനാ ക്രമത്തിൽ ജില്ലകളെ നിശ്ചയിച്ച് സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സൈൻബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത്, ഗതാഗതം, പോലീസ് എന്നീ വകുപ്പുകൾ സംയുക്തമായി ചർച്ച ചെയ്ത് സമഗ്രമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും" ഭേദഗതി ചെയ്യാൻ സമിതി തീരുമാനിച്ചു.

3. ശീർഷകം 5054-01-337-99 പരിഗണിച്ച സമിതി, "റോഡ് കരാർ പണിക്ക് 3 വർഷത്തെ കാലാവധി നിലവിലിരിക്കെ, 80 കോടി രൂപ മുടക്കി നാഷണൽ ഹൈവേ അതോറിറ്റി നിർമ്മിച്ച ആലപ്പുഴ ദേശീയ പാതയിലെ 80 കി.മീ റോഡ് കരാർ കാലാവധി തീരുംമുമ്പേ തകർന്നു പോയത് സംബന്ധിച്ച് ഒരു അന്വേഷണ റിപ്പോർട്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ലഭ്യമാക്കുക" എന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4. ശീർഷകം 5054-04-337-89-16 ലെ ശിപാർശ "ശബരിമലയുടെ സമഗ്ര റോഡ് വികസനത്തിനായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണെന്നും മാത്രമല്ല ഹൈക്കോടതി നിർദ്ദേശമനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ച് അനുബന്ധ റോഡ് നിർമ്മാണം നടത്തുന്നതിന് 150 കോടി രൂപ അധികമായി അനുവദിക്കണമെന്ന്" ഭേദഗതി വരുത്താൻ സമിതി തീരുമാനിച്ചു.

5. ശീർഷകം 5054-80-004-98 പരിഗണിച്ച സമിതി, നിലവിലെ ശിപാർശ ചുവടെ പറയും വിധം ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു; "ഗവേഷണത്തിലും ഡിസൈനിംഗിലും സംസ്ഥാനം വളരെ പിന്നോക്കമാണെന്നും ഡിസൈനിംഗിൽ പുതിയ സാങ്കേതികവിദ്യ നടപ്പിലാക്കേണ്ടതാണെന്നും പ്ലാസ്റ്റിക്, റബ്ബറൈസ്ഡ് ബിറ്റുമിൻ, കയർ ജിയോ ടെക്സ്റ്റയിൽസ് എന്നിവ ഉപയോഗിച്ച് നൂതന സാങ്കേതികവിദ്യ മുഖേന നിലവാരമുള്ളതും ദീർഘകാലം ഈടുനിൽക്കുന്നതും കൈവരി, ഓട, പാർക്കിംഗ് സൗകര്യം മുതലായ സംവിധാനങ്ങളോട് കൂടിയതുമായ റോഡുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള പബ്ലിക് വർക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതും നവീകരിക്കേണ്ടതുമാണെന്നും ആയതിലേയ്ക്കായി മുൻവർഷങ്ങളിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണെന്നും ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള റോഡ് നിർമ്മാണം സംബന്ധിച്ച് ഗവേഷണം നടത്തുന്ന ജില്ലാ/മേഖലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളുടെയും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഭരണവകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും" ഭേദഗതി ചെയ്തു.

കൂടാതെ പ്രസ്തുത ശീർഷകത്തിൽ " റോഡ് നിർമ്മാണത്തിനായി പ്ലാസ്റ്റിക് ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവ മുഖേന പ്ലാസ്റ്റിക് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുക" എന്ന ഒരു പൊതുശിപാർശ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു

6. ഉൾനാടൻ ജലഗതാഗതത്തിൽ, "കോട്ടപ്പുറം-കൊല്ലം ജലപാത പദ്ധതി സംബന്ധിച്ച പ്രായോഗിക പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുക" എന്ന പൊതുശിപാർശ ഉൾപ്പെടുത്താൻ തീരുമാനിച്ചു. കൂടാതെ സമിതി താഴെപ്പറയുന്ന നിർദ്ദേശങ്ങളും നൽകുകയുണ്ടായി:

1. 2041-വാഹന നികുതികൾ എന്ന ശീർഷകം പരിഗണിച്ച സമിതി, ഗ്രാമ പ്രദേശങ്ങളിൽ നടക്കുന്ന വാഹനപരിശോധനയുമായി ബന്ധപ്പെട്ട് ഉടമകളിൽ നിന്നും പിഴ ഈടാക്കി രസീത് നൽകുമ്പോൾ അതിന്റെ ഡ്യൂപ്ലിക്കേറ്റ് സൂക്ഷിക്കുന്നില്ലെന്ന പരാതി വ്യാപകമായി ഉയർന്നുവരുന്ന സാഹചര്യത്തിൽ അക്കാര്യം ശ്രദ്ധിക്കണമെന്ന അഭിപ്രായം രേഖപ്പെടുത്തി.

2. 3051-02-102-99 എന്ന ശീർഷകം പരിഗണിച്ച സമിതി, തുറമുഖ വികസനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ തുറമുഖങ്ങൾ സന്ദർശിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തണമെന്ന് തീരുമാനിച്ചു.

3. 3054-80-800-95 ശീർഷകം പരിഗണിച്ച സമിതി, കൊടുങ്ങല്ലൂരിലെ നാലുവരിപ്പാതയിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്ന ജോലി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ, പ്രസ്തുത ജോലി ഏറ്റെടുത്ത കരാറുകാരന്റെ ബിൽ തടഞ്ഞു വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭിപ്രായപ്പെട്ടു.

ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെന്റുകളുടെ പരിഗണനയ്ക്കായി സമിതി 30-8-2016-ന് ഒരു യോഗം ചേരുവാൻ തീരുമാനിച്ചു. സമിതിയോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

## 30-8-2016-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2016 ആഗസ്റ്റ് 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ.ജി.സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു.ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ.വി.അബ്ദുറഹിമാൻ, എം.എൽ.എ.
2. ശ്രീ.ജോൺ ഫെർണാണ്ടസ്, എം.എൽ.എ,
3. ശ്രീ.ഒ.രാജഗോപാൽ, എം.എൽ.എ
4. ശ്രീ.വി.ആർ.സുനിൽ കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി രമാദേവിഅമ്മ.എസ്, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. കെ.വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീമതി കല.എൻ.എൽ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. എൻ. എം. രവീന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. ശ്രീകുമാർ. എൻ. കെ, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
5. ശ്രീ. പി. രഘുറാം, അഡീഷണൽ സെക്രട്ടറി,ഗതാഗത വകുപ്പ്
6. ശ്രീമതി റ്റി. എസ്. ജയശ്രീ,അഡീഷണൽ സെക്രട്ടറി, തുറമുഖ വകുപ്പ്
7. ശ്രീ. ഷേയ്ക്ക് പരീത്, ഡയറക്ടർ, തുറമുഖ വകുപ്പ്
8. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്)
9. ശ്രീമതി എം. പെണ്ണമ്മ, ചീഫ് എഞ്ചിനീയർ,പൊതുമരാമത്ത് വകുപ്പ് (ബിൽഡിംഗ്സ്)
10. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ് എഞ്ചിനീയർ,പൊതുമരാമത്ത് വകുപ്പ് (നാഷണൽ ഹൈവേയ്സ്)
11. ശ്രീ. ഡാർലിൻ ഡിക്രൂസ്, ചീഫ് എഞ്ചിനീയർ (ഇൻ-ചാർജ്), കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്
12. ശ്രീ. പി. ആർ. സന്തോഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് & പ്രതീക്ഷ ബസ് ഷെൽറ്റേഴ്സ്
13. ശ്രീ. ജെ. രവീന്ദ്രൻ, ജനറൽ മാനേജർ, റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
14. ശ്രീ. പി. സി. ഹരികേഷ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ് ഫണ്ട് ബോർഡ്
15. ശ്രീ. പി. ജി. സുരേഷ്, പ്രോജക്ട് ഡയറക്ടർ, കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്
16. ശ്രീ. പി. എ. ഹാഷിം. മാനേജിംഗ് ഡയറക്ടർ, ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്.

സമിതി, 2015 ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ് (എസ്.ആർ.ഒ നം.363/2015) സമിതിയുടെ സൂക്ഷ്മ പരിശോധന കൂടാതെ പുറപ്പെടുവിച്ച നടപടിയുടെ സാധൂകരണം, സമിതിയുടെ വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചിട്ടുള്ള നടപടിപത്രികകൾ, 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. <u>2015-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾസ് (എസ്.ആർ.ഒ നം.363/2015) സമിതിയുടെ സൂക്ഷ്മ പരിശോധന കൂടാതെ പുറപ്പെടുവിച്ച നടപടിയുടെ സാധൂകരണം (ഫയൽ നം.4076/സബ്സിഎ 2/2015/നി.സെ)</u>

മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യതയും നിയമനരീതിയും നിഷ്കർഷിച്ചുകൊണ്ട് 7-4-2008-ലെ സ.ഉ (അച്ചടി) നം.16/2008/ഗതാഗതം നമ്പർ ഉത്തരവു പ്രകാരം പ്രസ്തുത തസ്തികയിൽ നേരിട്ടുള്ള നിയമനവും മോട്ടോർ വാഹന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനവും 4:1 എന്ന അനുപാതത്തിൽ നടത്തേണ്ടതാണെന്നും എന്നാൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിശ്ചിത യോഗ്യതയുള്ള ജീവനക്കാരില്ലാത്ത പക്ഷം നിശ്ചിത യോഗ്യതയുള്ള അറ്റന്റർ ഉൾപ്പെടെയുള്ള ക്ലാസ് IV ജീവനക്കാരെയും പരിഗണിക്കുന്നതിനായി 3-6-2015 ലെ സ.ഉ (അച്ചടി) നം.35/15/ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഗതാഗത വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു. ക്ലാസ് IV ജീവനക്കാർക്ക് എൽ.ഡി.സി ആയി നിയമനം ലഭിക്കണമെങ്കിൽ പി.എസ്.സി ടെസ്റ്റ് എഴുതി 40% മാർക്ക് നേടണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളതെന്നും ഇവർക്ക് നേരിട്ട് പ്രമോഷൻ നൽകുന്നതുവഴി ഉണ്ടാകുന്ന അനോമലി പരിഹരിക്കുവാൻ 2015-ൽ പുറപ്പെടുവിച്ച മേൽപ്പറഞ്ഞ ഉത്തരവിലെ അപാകതകൾ പരിഹരിക്കേണ്ടതാണെന്നും പുതുതായി വരുന്നവർക്ക് പി.എസ്.സി ടെസ്റ്റ് നടത്തി 40% കട്ട് ഓഫ് മാർക്ക് എന്ന നിബന്ധന ഉൾപ്പെടുത്തണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ഇത്തരത്തിൽ പ്രമോഷൻ നൽകുന്നത് പുറത്തുനിന്നുള്ള ഉദ്യോഗാർത്ഥികളുടെ അവസരം ഇല്ലാതാക്കുന്നതിനും, മുൻപ് നടത്തിയ നിയമനം സാധൂകരിക്കുവാൻ വേണ്ടി കൊണ്ടുവന്ന 2015 ലെ ഉത്തരവ് ക്രമവിരുദ്ധമായി പുറപ്പെടുവിച്ചതായതിനാലും തികച്ചും ചട്ടവിരുദ്ധവും ക്രമരഹിതവും നിയമ വിരുദ്ധവുമായതിനാലും ഭേദഗതി അംഗീകരിക്കേണ്ടതില്ല എന്നു സമിതി തീരുമാനിച്ചു

പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ആയതിന്റെ റിപ്പോർട്ട് സമിതി മുമ്പാകെ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്താൻ സമിതി തീരുമാനിച്ചു.

II. സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ലഭിച്ച നടപടി പത്രികകൾ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും അധിക വിവരങ്ങൾ ആരായുകയും അംഗീകരിക്കുകയും ചെയ്തു:

1. 2015-16 ലെ അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നം.3319/സബ്സിഎ 2/2015/നി.സെ)

(ഫയൽ നം.3912/സബ്സി. എ 2/2015/നി.സെ)

ഖണ്ഡിക നമ്പർ 3-89, 93, 94, 97-102, 104, 105, 110, 111, 112, 114, 116

2. 2014-15 ലെ നാലാമത് റിപ്പോർട്ട്

(ഫയൽ നം.3458/സബ്സിഎ 2/2014/നി.സെ)

ഖണ്ഡിക നമ്പർ 99, 104, 106, 116, 123, 125.

"3075-60-800-96-മറ്റുഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-മറ്റുചെലവുകൾ-കൊച്ചി നഗരത്തിലെ മെട്രോറെയിൽ പദ്ധതി" (ഖണ്ഡിക 116) എന്ന ശീർഷകത്തിൽ ആവശ്യപ്പെട്ടിരുന്ന തുക ലഭിച്ചുവെന്നും "5075-60-190-96-മറ്റുഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്-മറ്റുള്ളവ-പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ ചെലവുകൾ- കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്" (ഖണ്ഡിക 117) എന്ന ശീർഷകത്തിൽ 412 കോടി രൂപ മൂലധന ചെലവിലേയ്ക്കായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അത്രയും തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലായെന്നും സാമ്പത്തിക പ്രതിസന്ധിമൂലം സംസ്ഥാന സർക്കാരും കൂടുതൽ തുക അനുവദിക്കുകയുണ്ടായില്ലായെന്നും അടുത്ത ബഡ്ജറ്റിൽ മേൽപ്പറഞ്ഞ തുക ആവശ്യപ്പെട്ടിട്ടുണ്ടെന്നും "5075-60-800-96-മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്-മറ്റുള്ളവ-മറ്റുചെലവുകൾ-കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി" (ഖണ്ഡിക 125) എന്ന ശീർഷകത്തിൽ സ്ഥലമേറ്റെടുപ്പിനുവേണ്ടി അനുവദിച്ചിരുന്ന തുകയിൽ 366 കോടി രൂപ എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്ന് വായ്പയെടുക്കുകയും സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ്) ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

കൊച്ചി മെട്രോയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന എല്ലാ സ്ഥലങ്ങൾക്കും സർക്കാർ നഷ്ടപരിഹാരം നൽകാറുണ്ടെങ്കിലും ജില്ലാ ആയുർവ്വേദ ആശുപത്രിയുടെ ഏഴ് സെന്റ് സ്ഥലം ഏറ്റെടുത്തിട്ട് തുകയൊന്നും നൽകാത്തതിനാൽ ആശുപത്രിയുടെ വികസനം തടസ്സപ്പെട്ടിരിക്കുന്ന അവസ്ഥയാണുള്ളതെന്നുള്ള അംഗത്തിന്റെ പരാമർശത്തിന് സർക്കാർ ഭൂമി സർക്കാർ ആവശ്യങ്ങൾക്കായി ഏറ്റെടുക്കുമ്പോൾ അതിന് നഷ്ടപരിഹാരം നൽകേണ്ടതില്ല എന്ന സമ്പ്രദായമാണ് നിലവിലുള്ളതെന്ന് ഗതാഗത വകുപ്പുമന്ത്രി വ്യക്തമാക്കി.

III. <u>2009-10 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് ("കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന" പൊതുശിപാർശ )(ഗതാഗതം) (ഫയൽ നം.2574/സബ്സി എ 2/2012/നി.സെ)</u>

കെ.എസ്.ആർ.ടി.സി.ക്ക് ആകെ 172.98 ഹെക്ടർ ഭൂമിയാണുള്ളതെന്നും അതിൽ 126.74 ഹെക്ടർ ഭൂമിക്കു പട്ടയം ലഭിക്കുകയും 40.36 ഹെക്ടർ സ്ഥലത്തിന് പട്ടയം ലഭിക്കാനുണ്ടെന്നും 5.88 ഹെക്ടർ സ്ഥലം പാട്ട വ്യവസ്ഥയിലുള്ളതാണെന്നും പട്ടയമില്ലാത്ത ഭൂമിക്കു പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പ് സെക്രട്ടറി തുടർ നടപടി സ്വീകരിക്കുന്നുണ്ടെന്നും ഗതാഗത വകുപ്പു സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

പട്ടയമില്ലാത്ത ഭൂമിക്കു പട്ടയം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണർക്കു റവന്യൂ വകുപ്പ് നൽകിയിരിക്കുന്ന നിർദ്ദേശങ്ങളിൽ "കമ്പോള വില ഈടാക്കി പതിച്ചോ" എന്ന പരാമർശം ഒഴിവാക്കണമെന്നും കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ളതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ ഭൂമി സംബന്ധിച്ച് (സ്റ്റേഷൻ വൈസ്) റിപ്പോർട്ട് തയ്യാറാക്കി ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെയും സെക്രട്ടറിയുടെയും നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ച് അടിയന്തരമായി സമിതിക്കു സമർപ്പിക്കണമെന്നും പ്രസ്തുത റിപ്പോർട്ട് ലഭിച്ച ശേഷം പ്രത്യേക യോഗം വിളിച്ചുചേർത്തു ഇക്കാര്യം ചർച്ച ചെയ്യാമെന്നും സമിതി തീരുമാനിച്ചു.

IV. <u>2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് (ഫയൽ നം.2304/സബ്.സി.എ 2/16/നി.സെ)</u>

2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ സമിതി താഴെപ്പറയുന്ന നിർദ്ദേശങ്ങളും മുന്നോട്ട് വച്ചു.

1. 3075-60-800-93—<u>ഇടുക്കി എയർപോർട്ടിനായുള്ള സാധ്യതാ പഠനം</u>

എല്ലാ ജില്ലകളിലും എയർ സ്ട്രിപ്പുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2. 5056-00-102-99—<u>ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്- വർക്ക് ഷോപ്പ് സൗകര്യങ്ങൾ-ചെറിയ ഡ്രൈ ഡോക്ക് നിർമ്മാണം</u>

ഡ്രൈ ഡോക്ക് നിർമ്മാണത്തിന് 10 കോടി രൂപ അനുവദിച്ചെങ്കിലും ആ തുക ചെലവഴിക്കാത്തതു സംബന്ധിച്ച് വകുപ്പിനോട് വിശദീകരണം ആരായാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം രാവിലെ 10.45 ന് പിരിഞ്ഞു.

## 20-9-2016-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2016 സെപ്തംബർ മാസം 20-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'IV എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ശ്രീ ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു.തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.
2. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
4. ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.
5. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
6. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവിഅമ്മ.എസ്, ഡെപ്യൂട്ടി സെക്രട്ടറി.

സമിതി, 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

കരട് റിപ്പോർട്ടിലെ 3, 9, 31, 32, 33, 35, 37, 38, 45, 46, 48, 49, 69 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രികയിൽ "സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നില്ല" എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് എന്തുകൊണ്ടാണെന്നുള്ളതിന്റെ വിശദീകരണവും 81, 83, 84, 85 ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രികയിൽ "തുക വക മാറ്റി ചെലവഴിച്ചു" എന്നു രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ആ തുക ഏത് ഇനത്തിലേയ്ക്കാണ് വകമാറ്റി ചെലവഴിച്ചത് എന്നുള്ളതിന്റെ വിശദാംശവും ബന്ധപ്പെട്ട വകുപ്പുകളോട് ആരായാൻ സമിതി തീരുമാനിച്ചു.

സമിതിയോഗം ഉച്ചയ്ക്ക് ശേഷം 12.45-ന് പിരിഞ്ഞു.

## 27-10-2016-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുടെ ഒരു സംയുക്തയോഗം 2016 ഒക്ടോബർ 27-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനു ശേഷം വൈകുന്നേരം 5.15-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനും ധനകാര്യവും കയറും വകുപ്പു മന്ത്രിയുമായ ഡോ. ടി.എം. തോമസ് ഐസക്ക് അദ്ധ്യക്ഷത വഹിച്ചു.

തദവസരത്തിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനും മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയൻ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ എക്സ് ഒഫീഷ്യോ അംഗങ്ങളായ തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ.കെ ശശീന്ദ്രൻ, പ്രത്യേക ക്ഷണിതാവായി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്ക്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>സബ്ജക്ട് കമ്മിറ്റി VIII:</u>

1. ശ്രീ. ടി. എ. അഹമ്മദ് കബീർ
2. ഡോ. എൻ. ജയരാജ്
3. ശ്രീ. വി. കെ. സി. മമ്മത് കോയ
4. ശ്രീ. ഡി. കെ. മുരളി

5. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
6. ശ്രീ. മുല്ലക്കര രത്നാകരൻ
7. ശ്രീ. വി. ഡി. സതീശൻ

സബ്ജക്ട് കമ്മിറ്റി V:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. ജോൺ ഫെർണാണ്ടസ്
4. ശ്രീ. എൻ. ഷംസുദ്ദീൻ

സബ്ജക്ട് കമ്മിറ്റി XIV:

1. ശ്രീ. ജെയിംസ് മാത്യു
2. ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി
3. ശ്രീ. സി. കെ. നാണു
4. ശ്രീ. എ. പ്രദീപ്കുമാർ
5. ശ്രീ. രാജു എബ്രഹാം
6. ശ്രീ. ആർ. രാമചന്ദ്രൻ
7. ശ്രീ. രമേശ് ചെന്നിത്തല

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
3. ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി
4. ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി
5. ശ്രീമതി എസ്. രമാദേവി അമ്മ, ഡെപ്യൂട്ടി സെക്രട്ടറി
6. ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി
7. ശ്രീ. ജി. എസ്. സുരേഷ്കുമാർ, അണ്ടർ സെക്രട്ടറി
8. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പി. മാരപാണ്ഡ്യൻ, അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്
2. ശ്രീ. രാജൻ ഖൊബ്രഗഡെ, കമ്മീഷണർ, വാണിജ്യ നികുതി വകുപ്പ്
3. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ഗതാഗത വകുപ്പ്
4. ശ്രീ. ബി. ജി. ഹരീന്ദ്രനാഥ്, സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി എൻ. എൽ കല, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. ജി. ശിവപ്രസാദ്, സ്പെഷ്യൽ സെക്രട്ടറി, ഗതാഗത വകുപ്പ്
7. ശ്രീ. ബി. എസ്. ജയകുമാർ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
8. ശ്രീ. അനന്തകൃഷ്ണൻ, ട്രാൻസ്പോർട്ട് കമ്മീഷണർ
9. ശ്രീ. ഇ. ദേവദാസൻ, ഐ.ജി, രജിസ്ട്രേഷൻ വകുപ്പ്
10. ശ്രീ. എൻ. തുളസീധരൻ പിള്ള, ജോയിന്റ് കമ്മീഷണർ (ജനറൽ) വാണിജ്യ നികുതി വകുപ്പ്
11. ശ്രീ. പി. കെ. സാജൻകുമാർ, ജോയിന്റ് ഐ.ജി, രജിസ്ട്രേഷൻ വകുപ്പ്.

സമിതി 2016-ലെ കേരള ധനകാര്യബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

## Clasue 1

For Clause 1, the following clause shall be substituted, namely:—

"1. Short tittle and commencement.—(1) This Act may be called the Kerala Finance Act, 2016.

(2) Save as otherwise provided in this Act,—

(i) Clause (b) sub-section (8) of section 9 shall be deemed to have come into force on the 1st day of April, 2005;

(ii) Clause (b) sub-section (2) of section 9 shall be deemed to have come into force on the 1st day of April, 2013;

(iii) Sub-clause (i) of clause (a) of sub-section (2) and item (d) of sub-clause (ii) of clause (a) of sub-section (2) of section 9 shall be deemed to have come into force on the 1st day of April, 2015;

(iv) Clause (a) section 7, section 8, item (a) of sub-clause (i) of clause (a) sub-section (1) of section 9, item (a) of sub-clause (ii) of clause (a) of sub-section (2) of section 9, sub - section (4) of section 9, sub-clauses (i), (ii), (iii) and (v) of clause (a) of sub-section (16) of section 9 shall be deemed to have come into force on the 1st day of April, 2016;

(v) Sub-clause (i) and sub-clause (ii) of clause (b) of section 7, items (b) and (c) of sub-clause (i) of clause (a) of sub-section (1) of section 9, sub-clause (ii) of clause (a) of sub-section (1) of section 9, clause (b) of sub-section (1) of section 9, items (b) and (c) of sub-clause (ii) of clause (a) of sub-section (2) of section 9, sub-section (3) and sub-sections (5) to (7), clause (a) of sub-section (8) and sub-sections (9) to (15) of section 9, sub-clause (iv) sub-clauses (vi), (vii), (viii) and (ix) of clause (a) of sub-section (16) of section 9 and clause (b) and sub-clauses (i), (ii), (iii), (v), (vi), (vii) and (viii) of clause (c) of sub-section (16) of section 9 shall be deemed to have come into force on the 18th day of july,2016;

(vi) The remaining provisions of this Act shall come into force at once".

## Clasue 2

1. In sub-clause (b) for the word "inserted" the word "substituted" shall be substituted;

2. In sub-clause (c) for the word "inserted" the word "substituted" shall be substituted;

## Clasue 3

1. For sub-section (1) of the Kerala Stamp Act, 1959 proposed to be inserted by clause 3 of the Bill, the following sub-section shall be substituted, namely:—

(1) in section 2,—

(a) for clause (d), the following clause shall be substituted, namely:—

(d) "Conveyance" includes,—

(i) a conveyance on sale;

(ii) deed of amalgamation of two or more companies whether in pursuance of an order of the National Company Law Tribunal or not;

(iii) deed of amalgamation in pursuance of the order under section 44 A of Banking Regulation Act, 1949; and

(iv) every other instrument, by which property, whether movable or immovable or any interest in any property is transferred inter vivos and which is not otherwise specifically provided in the Schedule";

(b) in clause (1) after item (vii) following items shall be inserted, namely:—

"(viii) an agreement relating to installation of ATM/CDM or both of them between banks and the land owner or renewal of such an agreement;

(ix) an agreement relating to installation of Mobile Tower, between a company and the land owner or renewal of such an agreement".

2. after clause (d) the following shall be inserted:—

(i) (da) after serial number 22 and the entries against it in columns (2) and (3), the following serial number and entries shall, respectively, be inserted. namely:—

| | |
|---|---|
| "22 A. Conveyance as defined in items (ii) and (iii) of section 2 (d) not being a transfer charged or exempted under no 55. | Five rupees for every 100 rupees or part thereof of the fair value of the land and the value of other immovable properties of the transferor company, which is the subject matter of the conveyance; or the aggregate of the market value of shares or other marketable securities, which is the subject matter of the conveyance; issued or allotted in exchange or otherwise; or the amount of consideration paid for such amalgamation whichever is higher". |

(ii) for item (f) of sub-clause (3) clause 3, following shall be substituted, namely:—

in serial number 31, for the entries in columns (2) and (3), the following entries shall be substituted, namely:—

| | |
|---|---|
| "Gift - instrument not being a settlement or will or transfer, | |
| (a) where the gift in favour of father, mother, grandfather, grandmother, husband, wife, son, daughter, brother, sister or grandchildren of a person and if - | |
| (i) the extent of land involved in the property transferred by the instrument is five acres or less | Two rupees for every rupees 100 or part thereof of the fair value of the property and the value of the other properties set forth in the instrument or the value of all the properties set forth in the instrument whichever is higher, subject to a maximum of rupees 1,000. |
| (ii) the extent of land involved in the property transferred by the instrument is above five acres | Two rupees for every rupees 100 or part thereof of the fair value of the property and the value of the other properties set forth in the instrument or the value of all the properties set forth in the instrument whichever is higher. |
| (b) in any other case | The same duty as a conveyance (No. 21 or 22 as the case may be)"; |

(iii) for item (b) of sub-clause (3) of clause3, the following shall be substituted, namely :—

in serial number 42, for the entries in columns (2) and (3), the following entries shall be substituted, namely :—

"*Partition*.-Instrument of (as defined by section 2 (k).

(a) Where the partition is among all or some of the members of the family and if-

| | |
|---|---|
| (i) the extent of land involved in the property divided by the instrument is five acres or less. | One rupee for every rupees 100 or part thereof of the fair value of the separated share or shares of property and the value of other properties in such separated share or shares set forth in the instrument, or of the value of all the properties of the separated share or shares as set forth in the instrument, whichever is higher, subject to the maximum of rupees 1,000. |
| (ii) the extent of land involved in the property divided by the instrument is above five acres. | One rupee for every rupees 100 or part thereof of the fair value of the separated share or shares of property and the value of other properties in such separated share or shares set forth in the instrument, or of the value of all the properties of the separated share or shares as set forth in the instrument, whichever is higher. |
| (b) in any other case | Six rupees for every rupees 100 or part thereof of the amount of the value or fair value of the separated share or shares of the property whichever is higher". |

(iv) for item (1) of sub-clause (3) of clause3, the following shall be substituted, namely :—

in serial number 48, for rhe entries in columns (2) and (3), the following entries shall be substituted, namely :—

| | |
|---|---|
| "Release, that is to say, any instrument (not being such a release as is provided in section 24), whereby a person renounces a claim upon another person or against any specified property.- | |
| (a) When such release operates in favour of father, mother, grandfather, grandmother, husband, sister, grandchildren or legal heirs of the deceased children of a person and if- | |
| (i) the extent of land involved in the property in which right relinquished by the instrument is five acres or less. | One rupee for every rupees 100 or part thereof of the amount of the fair value of other properties or claims of which the right is relinquished in proportion to right relinquished or value of all the properties or claims of which the right is relinquished in proportion to the right relinquished or consideration for the release, whichever is higher, subject to a maximum of rupees 1,000. |
| (ii) the extent of land involved in the property in which right relinquished by the instrument is above five acres. | One rupee for every rupees 100 or part thereof of the amount of the fair value of other properties or claims of which the right is relinquished in proportion to right relinquished or value of all the properties or claims of which the right is relinquished in proportion to the right relinquished or consideration for the release, whichever is higher". |

| | |
|---|---|
| (b) in any other case | The same duty as a conveyance (No. 21 or 22 as the case may be) for such amount or value of the property or claim or fair value of the property of which the right is relinquished in proportion to right relinquished or consideration for the release, whichever is higher. |

(v) for item (1) of sub-clause (3) of clause3, the following shall be substituted, namely :—

in serial number 51, clause (a), for rhe entries in columns (2) and (3), the following entries shall be substituted, namely :—

"*Settlement.*—

| | |
|---|---|
| A instrument of (including a deed of dower). | |
| (a) Where the settlement is in favour of father, mother, grandfather, grand mother, husband, wife, son, daughter, brother, sister or grandchildren of a person and if | |
| (i) the extent of land involved in the property settled by the instrument is five acres or less. | Two rupees for every rupees 100 or part thereof of the amount of the fair value of other properties set forth in the instruments or the value of all properties set forth in such instrument, whichever is higher, subject to a maximum of Rupees 1,000. |

| | |
|---|---|
| (ii) the extent of land involved in the property settled by the instrument is above five acres. | Two rupees for every rupees 100 or part thereof of the amount of the fair value of the land and the value of other properties set forth in the instrument or the value of all properties set forth in such instrument, whichever is higher. |
| (b) in any other case | The same duty as Bottomry Bond (No. 14) for sum equal to amount or value of the property settled as set forth in such instrument or fair value of land, whichever is higher." |

Clause 4

1. For sub-section (1) of section 76 of the Kerala Court Fees and Suits Valuation Act, 1959 proposed to be amended by sub-clause (1), the following sub-section shall be submitted, namely :—

"Notwithstanding anything contained in this Act or any other law for the time being in force and subject to section 4A of the Act and sub-rule (1) of rule 397 of the Kerala Motor Vechile Rules, 1989 it shall be competent for the Government to levy an additional court fee by notification in the Gazette, in respect of original petitions, original applications, appeals or revisions to tribunals, appellate authorities and original suits in Civil Courts other than in Family Court at a rate not exceeding one per cent of the amount involved in the dispute and in other cases at a rate not exceeding one hundred rupees for each original suit, original petition, original application, appeal or revision.

*Explanation* :— The term "amount involved in the dispute" as specified in sub-section (1), where it is capable of valuation, does not include the amount of valuation for the purpose of court fee, in suits for recovery of possession and suits of similar nature and where fixed court fee is specified under this Act."

2. in sub-clause (2),—

(i) in item (a) the words "subject to a minimum of five hundred rupees" shall be omitted.

(ii) in term (b) the words "subject to a minimum of five hundred rupees" shall be omitted.

Clause 6

1. In the 4th proviso to sub-section (1) of Section 3 of the Kerala Motor Vehicles Taxation Act, 1976 proposed to be inserted by item (a) of sub - clause (2),—

(a) after the words "in respect of", the word "new" shall be inserted;

(b) to the 4th proviso as so inserted, following note shall be inserted. namely:—

"NOTE:— This shall be deemed to have come into force on and from 18th day of July, 2016";

(c) in the proviso substituted by sub-clause (b), the word "also" shall be omitted;

(d) in the proviso inserted by sub-clause (c),—

(i) after the word "payable" the following shall be inserted, namely:—

"from the date of entry till the end of the quarter".

(ii) the third proviso and Explanation shall be omitted.

2. in the Table in section 3A proposed to be inserted by sub-clause (3), serial number 5 and the entries against it in columns (2), (3) and (4) shall be omitted.

3. in serial number 7 in the Schedule proposed to be substituted by sub-item (i) of item (b) of sub-clause (8),—

(a) in item (i),—

(i) in sub-item (e), for the entry "3500" in column (3) against entry in column (2) the entry "3000" shall be substituted.

(ii) in sub-item (f) substituted by sub-item (i) (b) for the entry " 3500" in column (3) against entry (ii) in column (2) the entry " 3000" shall be substituted.

(b) in item (iv), proposed to be inserted by sub-item (iii), for the entry "Rs.1,360" in column (3) against entry in column (2) against item (b), the entry "Rs.1,100" shall be substituted.

4. In serial number 9 proposed to be substituted by sub-clause (c) for the entry "7000" in column (7) against item (e) the entry "700" shall be substituted.

Clasue 7

In sub-clause (b) after item (ii) the following shall be inserted, namely:—
"(iii) the second proviso to clause (c) shall be omitted."

Clause 9

In the Kerala Value Added Tax Act, 2003 proposed to be inserted by clause 9,—

(1) in section 25 D, proposed to be inserted by sub-clause (6) the following shall be substituted, namely:—

"(i) for the words and figure " 30th June, 2016" the words and figures "from 1st April, 2016 to 31st March, 2017 "and shall pay the amount within a period of two years in equal quarterly instalments" shall be substituted.

(2) For sub-section (8), the following shall be substituted, namely:—

(8) in section 42,—

(a) in sub-section (1), after the second proviso, the following proviso shall be inserted, namely:—

"Provided also that with respect to units of Kerala State Electricity Board Ltd. which obtained separate registration as per sub-section (3) of section 20 shall file trial balance for each such units, along with audited statement of accounts and certificate of the company".

(b) after sub-section (2), the following sub-section shall be inserted, namely:—

"(3) Notwithstanding anything to the contrary contained in this Act, if a dealer,—

(i) fails to file audited accounts referred to in sub-section (1), or

(ii) fails to file revised annual return rectifying the mistake or omission, along with the audited statement of accounts and certificate or if the variance in the audited statement of accounts with the returns is not satisfactorily explained in the reconciliation statement prescribed, or

(iii) fails to file the annexures, statements certificates, declarations, including the statutory declarations to be filed under the Central Sales Tax Act, 1956 which are required to be filed along with the returns to prove the correctness of the concessional rate of tax, exemptions and exports claimed in the returns, or

(iv) fails to declare any sale, purchase or inter-state stock transfer as evidenced from the documents prescribed under section 46 available with the assessing authority in the sales and purchase lists filed along with the returns, the assessment of such dealer for the relevant year for the purpose of section 25 shall be treated as pending and the time limit mentioned thereunder shall not be applicable in such cases".

(3) in section 58 A proposed to be inserted by sub-clause (13),—

(a) in sub-section (2) clause (a) shall be omitted;

(b) clauses (b) and (c) shall be relettered as clauses (a) and (b);

(c) in sub-section (3), for the words "clause (b) of sub-section (2)" the words "clause (a) of sub-section (2)" shall be substituted.

(4) in the First Schedule, proposed to be inserted by item (a) of sub-clause (16),—

(a) in serial number 2 proposed to be inserted by sub-item (i) of sub-clause (a),—

(i) after item (ix), the following item shall be inserted,—

"(x) in serial number 63, in the entry in column (2) after the words, " used plastic" the words " plastic scrap, waste chips, parings" shall be inserted",

(ii) in item (c),—

(a) for sub-item (i) the following shall be substituted, namely:—

(i) after serial number 5A and the entries against it in columns (2) and (3) the following serial number and entries shall respectively, be inserted, namely:—

"5B Atta maida, sooji and rava sold in packages with MRP printed on such packages" ;

(b) for sub-item (ii) the following shall be substituted, namely:—

(ii) after serial number 8, the entry against it in columns (2) and (3) the following serial number and entries shall, respectively, be inserted, namely:—

"8A. Basmati Rice sold in packages with MRP printed on such packages";

(c) for sub-item (iv), the following shall be substituted, namely:—

for serial number 30 A and the entries against it in columns (2) and (3), the following serial number and entries shall respectively be inserted, namely:—

"30A. Cooked Food, other than,—

(i) those served to any airline service company or institution or shipping company for serving in aircraftship or steamer or served in aircraft, ship, steamer and five star hotels; and

(ii) burgers, pizzas, tacos, doughnuts, sandwitches, burger-pattys, pasta and bread fillings sold by restaurants having a brand name or trade mark registered under the Trade Markes Act, 1999",

(d) sub-item (vi) of item (c) of sub-clause (16) of clause 9 shall be omitted and sub-items (vii) to (ix) coming thereafter shall be renumbered as (vi) to (viii) respectively;

(e) after sub-item (viii) so renumbered, the following shall be inserted, namely:—

"(d) in List A.—

(i) in serial number 118, in item 15 for entries against it in columns (2) and (3), the following entries shall, respectively, be substituted, namely:—

"recycled Plastic".

New Clause 10

After clause 9, a new clause shall be added as Clause 10, namely:—

"10. Validation:- (1) Notwithstanding the lapse of the Kerala Finance Bill, 2016 (Bill No. 396 of Thirteenth Kerala Legislative Assembly) (hereinafter referred to as the said Bill) and the cesser of force of law of the declared provisions of said Bill anything done or any action taken, including levy and collection of tax or duty, during the period from the 1st day of April, 2016 to the 17th day of July, 2016 by virtue of the declared provisions contained in the said bill, under the Kerala Surcharge on Taxes Act, 1957 (11 of 1957) or under the Kerala Stamp Act 1959 (17 of 1959) or under the Kerala Court Fees and Suits Valuation Act, 1959 (10 of 1960) or under Kerala Tax on Luxuries Act, 1976 (32 of 1976) or under the Kerala Agriculture Income Tax Act, 1991 (15 of 1991) or under the Kerala Value Added Tax Act, 2003 (30 of 2004) (hereinafter referred to as the respective Acts) as they stand amended by the said Bill, shall be deemed to be and to have always been for all purposes, validly and effectively done or taken under the provisions of the respective Acts, as if the said amendments had been in force at all material times.

(2) Notwithstanding anything contained in the respective Acts during the period from 1st April, 2016 to 17th day of July, 2016 during which the declared provisions contained in the said Bill was in force, anything done or any action taken by virtue of the said provisions of the said Bill shall be deemed to have been validly done or taken under the respective Acts and no action shall lie against any dealer or authority on the ground of short levy or refund of excess tax or duty and tax or duty collected, if any, by a dealer or an authority, as the case may be, shall be paid over to the Government.

(3) Notwithstanding anything contained in the Kerala Value Added Tax Act, 2003 (30 of 2004) any tax collected or paid at higher rate by virtue of the provisions of the Kerala Finance Bill, 2016 (Bill No. 16 of the XIV Kerala Legislative Assembly) in respect of the period with effect on and from the 18th day of July, 2016 to the date of publication of this Act, shall be deemed to have been validly done and any tax collected or paid by a dealer or authority at such higher rates shall be deemed to have been validly collected or paid and the tax so collected shall be paid over to the Government and shall not be refunded."

സർവ്വശ്രീ ടി.എ. അഹമ്മദ് കബീർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി.ഡി സതീശൻ, എൻ. ഷംസിദ്ദീൻ, പി.കെ. കുഞ്ഞാലിക്കുട്ടി, രമേശ് ചെന്നിത്തല, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

വൈകുന്നേരം 6.35-ന് യോഗം പിരിഞ്ഞു.

## 13-12-2016-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2016 ഡിസംബർ മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V A' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ.കെ. ശശീന്ദ്രനും താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
2. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവി അമ്മ എസ്., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. സുബ്രതാ ബിശ്വാസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, ഗതാഗത വകുപ്പ്
3. ശ്രീ. എസ്. ആനന്ദകൃഷ്ണൻ, ട്രാൻസ്പോർട്ട് കമ്മീഷണർ

4. ശ്രീ. രാജീവ് പുത്തലത്ത്, ജോയിൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ

5. ശ്രീ. മനോജ് എബ്രഹാം, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ട്രാഫിക്)

6. ശ്രീ. കെ. ബി. ബാഹുലേയൻ, ജോയിൻറ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

7. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്.

സമിതി, റോഡ് സുരക്ഷ, സൈൻ ബോർഡുകൾ സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച് പൊതുമരാമത്ത്, ഗതാഗതം, ആഭ്യന്തരം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കേരളത്തിലെ ദേശീയപാതകളിലെല്ലാം സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്നും 2009-ൽ കൊല്ലം-കോവളം റോഡിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യു.ഡി.-ക്ക് നൽകിയ 8 കോടി 37 ലക്ഷം രൂപയിൽ 8 കോടി 20 ലക്ഷം രൂപ വിനിയോഗിച്ചതിൻെറ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്നും അതുപോലെ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കും സൈൻ ബോർഡുകൾ ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ പദ്ധതികൾ വിഭാവനം ചെയ്യുന്നതനുസരിച്ച് റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും തുക നൽകുന്നുണ്ടെന്നും അതിൻെറ നടപ്പിലാക്കൽ സംബന്ധിച്ച വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പാണ് നൽകേണ്ടതെന്നും, റോഡ് സുരക്ഷാ കാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക, റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക എന്നിവയാണ് റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലകളെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ ആമുഖമായി സമിതിയെ അറിയിച്ചു.

റോഡ് നിർമ്മാണം പൂർത്തിയായാൽ അതിൻെറ സുരക്ഷ സംബന്ധിച്ച കാര്യങ്ങൾ നടപ്പിലാക്കേണ്ടത് റോഡ് സുരക്ഷാ അതോറിറ്റിയാണെന്നുള്ള സമിതിയുടെ അഭിപ്രായത്തിന്, 2007-ൽ സംസ്ഥാനത്ത് റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചെങ്കിലും പഴയ നിയമം തന്നെയാണ് ഇപ്പോഴുമുള്ളതെന്നും, റോഡ് സുരക്ഷാ കമ്മീഷണറുടെ തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും നിയമനം നടക്കാത്തതിനാൽ ഗതാഗത വകുപ്പ് കമ്മീഷണർക്ക് അഡീഷണൽ ചുമതല നൽകിയിരിക്കുകയാണെന്നും റോഡ് സുരക്ഷാ അതോറിറ്റിയെ ശക്തിപ്പെടുത്താനായി 5 തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും നിലവിലുള്ള സംവിധാനമനുസരിച്ച് റോഡ് സുരക്ഷയ്ക്കായി പൊതുമരാമത്ത്, ആഭ്യന്തരം തുടങ്ങിയ വകുപ്പുകൾ ആവിഷ്ക്കരിക്കുന്ന പദ്ധതികൾ പരിശോധിച്ച് ആവശ്യമായ തുക റോഡ് സുരക്ഷാ ഫണ്ടിൽ നിന്ന് അനുവദിക്കുക മാത്രമാണ് ഇപ്പോൾ ചെയ്തുവരുന്നതെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചു.

ജില്ലാ അതോറിറ്റിയോ, ജില്ലാ കൗൺസിലുകളോ ബന്ധപ്പെട്ട വകുപ്പുകളോ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിച്ച് അവ നടപ്പിലാക്കുന്നതിനുള്ള അനുമതിയും തുകയും നൽകുന്ന അതോറിറ്റി മാത്രമായാണ് ഇപ്പോൾ റോഡ് സുരക്ഷാ അതോറിറ്റി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതെന്നും വളരെ വിപുലമായ അധികാരമുള്ള റോഡ് സുരക്ഷാ അതോറിറ്റിക്ക് അതിന്റെ ശരിയായ അധികാരം പ്രയോഗിക്കുവാൻ കഴിയാത്തതിനാൽ, അതിന് പരിഹാരമുണ്ടാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളിൽ പങ്കെടുത്തവരുടെ എണ്ണം ഉൾപ്പെടെയുള്ള വിശദാംശം, ടെൻഡർ നടപടികൾ ഇംപ്ലിമെന്റ് ചെയ്ത സ്ഥാപനം, കരാർ കൊടുത്തതുമായി ബന്ധപ്പെട്ട് സ്ക്വയർഫീറ്റ് റേറ്റ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സമർപ്പിക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു

എല്ലാ പൊതുമരാമത്ത് റോഡുകളിലും സംസ്ഥാനപാതകളിലും ആവശ്യമായ റോഡ് മാർക്കിംഗ് നടത്തി സുരക്ഷാ മാനദണ്ഡങ്ങൾ എടുക്കേണ്ടത് റോഡ് സുരക്ഷാ അതോറിറ്റിയാണെന്നും പൊതുമരാമത്ത്, ഗതാഗത വകുപ്പുകൾ സംയുക്തമായി ഒരു കമ്മിറ്റി രൂപീകരിച്ച് ഓരോ ജില്ലയിലും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കണമെന്നും പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും റോഡ് സുരക്ഷാ കമ്മീഷണറുടെയും നേതൃത്വത്തിൽ ഇക്കാര്യങ്ങൾ നടപ്പിലാക്കണമെന്നും റോഡ് മികച്ച രീതിയിൽ നിർമ്മിക്കുമ്പോൾ അതനുസരിച്ചുള്ള മാർക്കിംഗുകളും ബോർഡുകളും സ്ഥാപിച്ചിട്ടുണ്ടെന്ന് റോഡ് സുരക്ഷാ അതോറിറ്റി തന്നെ ഉറപ്പുവരുത്തണമെന്നും റോഡ് ഗതാഗതത്തിന് തടസ്സങ്ങളുണ്ടാക്കുന്ന വസ്തുക്കൾ നീക്കം ചെയ്യണമെന്നും അത്തരം വസ്തുക്കൾ റോഡിനിരു വശവും സൂക്ഷിക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ബോർഡുകൾ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കണമെന്നും റോഡ് സുരക്ഷാ അതോറിറ്റിയുടെ അധികാരം പൂർണ്ണമായും ഇത്തരം കാര്യങ്ങൾക്കായി വിനിയോഗിക്കണമെന്നും സമിതി നിർദ്ദേശിച്ചു

ജില്ലാ കളക്ടർ, എസ്.പി., പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരടങ്ങുന്ന ജില്ലാ റോഡ് സുരക്ഷാ കമ്മിറ്റി ഇപ്പോൾ നിലവിലുണ്ടെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ സമിതിയെ അറിയിച്ചു.

സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് സമിതിയെ അറിയിച്ചു. ഓരോ ജില്ലയിലും സ്റ്റേറ്റ് ഹൈവേ, നാഷണൽ ഹൈവേ, പ്രധാന ജില്ലാ റോഡുകൾ എന്നിവയിൽ ആവശ്യമായ സ്ഥലങ്ങളിൽ ഐ.ആർ.സി. മാനദണ്ഡ പ്രകാരമുള്ള സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് ചീഫ് എഞ്ചിനീയർ (റോഡ്സ്) പ്രൊപ്പോസൽ തയ്യാറാക്കി 2 മാസത്തിനുള്ളിൽ പ്രസ്തുത നടപടി പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിച്ചു

റോഡിൽ മാർക്ക് ചെയ്യുന്ന ലൈൻ മാറി ഓവർടേക്ക് ചെയ്യുന്ന പ്രവണത വർദ്ധിച്ചു വരികയാണെന്നും ലൈൻ ഡിസിപ്ലിൻ പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും ഇക്കാര്യം പരിശോധിക്കുന്നതിന് ക്യാമറ സ്ഥാപിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ടെൻഡർ നടപടികൾ ഒഴിവാക്കി സ്വകാര്യ പരസ്യ കമ്പനികളെ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് നിയോഗിക്കാറുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പ് വർക്ക് ടെൻഡർ ചെയ്തു തന്നെയാണ് കൊടുക്കുന്നതെന്നും ടൂറിസം വകുപ്പും മറ്റു വകുപ്പുകളും അധികമായി ബോർഡുകൾ വയ്ക്കുന്നുണ്ടെന്നും സ്റ്റേറ്റ് ഹൈവേകളിലും പ്രധാന ജില്ലാ റോഡുകളിലും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുമതി വാങ്ങിയതിനു ശേഷമാണ് ബോർഡുകൾ സ്ഥാപിക്കേണ്ടതെങ്കിലും സ്വകാര്യ വ്യക്തികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുമതി നൽകുന്ന സ്ഥിതിയാണ് നിലവിലുള്ളതെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അധികൃതർക്ക് നോട്ടീസ് കൊടുത്തിരിക്കുകയാണെന്നും പി.ഡബ്ല്യു.ഡി. റോഡുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അനുമതിയില്ലാതെ ബോർഡ് സ്ഥാപിക്കുവാൻ പാടില്ലായെന്നും സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. റോഡുകൾ സംരക്ഷിക്കുന്നതിനും കാൽ നടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാദ്ധ്യമാക്കുന്നതിനുംവേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം 3-9-2016-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു

റോഡിൽ നിന്നും നിശ്ചിത അകലം പാലിച്ചുകൊണ്ടു മാത്രമേ പരസ്യ ബോർഡുകൾ സ്ഥാപിക്കുവാൻ പാടുള്ളൂ എന്ന വ്യവസ്ഥ നിലവിലുണ്ടെന്നും പി.ഡബ്ല്യു.ഡി. മാനുവൽ പ്രകാരം സൈൻ ബോർഡുകൾ, ബാരിക്കേഡുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള അധികാരം പൊതുമരാമത്ത് വകുപ്പിനാണെന്നും പരസ്യ നികുതി മാത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകണമെന്നേയുള്ളുവെന്നും പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ സ്ഥാപിക്കുന്നവ നീക്കം ചെയ്യുവാൻ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ജുഡീഷ്യൽ ഓഫീസറായ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അധികാരമുണ്ടെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ യോജിച്ച് ആയത് നടപ്പിലാക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും പാലിക്കണമെന്നും നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ടാങ്കർ ലോറി അപകടം നടന്ന താന്നൂരിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, നടപടി സ്വീകരിച്ചു വരുന്നതായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു

താന്നൂരിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ രേഖാമൂലമുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടെങ്കിൽ, നടപ്പിലാക്കാത്തതിന്റെ വിശദീകരണം വാങ്ങി സമിതി മുമ്പാകെ ഹാജരാക്കുവാനും അടിയന്തരമായി തീരുമാനം നടപ്പിലാക്കുവാൻ ആവശ്യപ്പെടാനും സമിതി പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകി.

സൈൻബോർഡുകൾ വ്യക്തമായി കാണാൻ സാധിക്കാത്തവിധം സ്ഥാപിച്ചിരിക്കുന്ന എല്ലാ ഫ്ലക്സ് ബോർഡുകളും അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, നിശ്ചിത തീയതിക്കുള്ളിൽ ഇത്തരം ബോർഡുകൾ സ്വമേധയാ മാറ്റുന്നില്ലെങ്കിൽ അവ മാറ്റുവാനുള്ള ചെലവുൾപ്പെടെ ബന്ധപ്പെട്ട ആളുകളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും അറിയിച്ചു കൊണ്ട് നോട്ടീസ് നൽകണമെന്നും സമിതി നിർദ്ദേശിച്ചു

ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഭാരം കയറ്റിയ അമിത വലിപ്പമുള്ള വാഹനങ്ങൾ കാരണം റോഡുകൾ തകരുന്ന സ്ഥിതിയാണിന്നുള്ളതെന്നും കൂടാതെ റോഡ് കയ്യേറി നടത്തുന്ന കച്ചവടംമൂലവും അനധികൃത പാർക്കിംഗ്മൂലവും റോഡുകൾ വികസിപ്പിച്ചിട്ടും സുഗമമായ ഗതാഗതം സാധ്യമാക്കാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കണമെന്നും അതിനുള്ള നടപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു

സംസ്ഥാന റോഡ് വികസന പദ്ധതി (SRIP)-ൽ ഉൾപ്പെടുത്തിയ പ്രവൃത്തികളെ സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ, പ്രസ്തുത പദ്ധതിയിൻ കീഴിൽ 4 റോഡുകളുടെ (കാസർഗോഡ്-2, തിരുവനന്തപുരം, കോട്ടയം-1) അനുമതി ലഭിച്ച് വർക്ക് ആരംഭിച്ചിട്ടുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു

പാതയോരങ്ങളിലെ അനധികൃത പാർക്കിംഗ്, പാതയോരങ്ങളിൽ നിന്ന് നിർമ്മാണ സാധനങ്ങൾ ഉൾപ്പെടെയുള്ളവ നീക്കം ചെയ്യൽ എന്നിവയെ സംബന്ധിച്ചുള്ള സമിതിയുടെ ചോദ്യത്തിന്, അതിനുള്ള പ്രാഥമിക ഉത്തരവാദിത്വം പോലീസിനാണെന്നും പോലീസും മോട്ടോർ വെഹിക്കിൾ വകുപ്പുമാണ് ഇക്കാര്യം ചെയ്യുന്നതെന്നും തുടർച്ചയായി പരിശോധന നടത്തി അനധികൃത പാർക്കിംഗ് കണ്ടെത്തി മോട്ടോർ വെഹിക്കിൾസ് ആക്ടിലെ ജനറൽ സെക്ഷൻ 177 പ്രകാരം 100 രൂപ പിഴ ഈടാക്കുന്നുണ്ടെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ സമിതിയെ അറിയിച്ചു.

ഉപേക്ഷിക്കപ്പെട്ട വാഹനങ്ങളുടെയും അനധികൃതമായി പാർക്ക് ചെയ്യുന്ന വാഹനങ്ങളുടെയും ഇടമായി റോഡുകൾ മാറുന്ന ഇന്നത്തെ അവസ്ഥ ഇല്ലാതാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

നാലുവരി പാതയാക്കിയ പട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡിൽ അനധികൃത പാർക്കിംഗ് മുഖേന രണ്ടുവരി പാത മാത്രമേ ഇന്ന് ഉപയോഗപ്രദമാകുന്നുള്ളുവെന്നും പ്രസ്തുത വിഷയം പൊതുമരാമത്ത് വകുപ്പ് പോലീസിനെയും മോട്ടോർ വാഹന വകുപ്പിനെയും

അറിയിക്കണമെന്നും ദിനംപ്രതി റോഡ് പരിശോധന നടത്തി ഇക്കാര്യം അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും ഹൈവേ പ്രൊട്ടക്ഷൻ ആക്ടിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നടപടി സ്വീകരിച്ച് പിഴ ഈടാക്കിയാൽ അനധികൃത പാർക്കിംഗ് തടയാൻ സാധിക്കുമെന്നും, ഹൈവേ പ്രൊട്ടക്ഷൻ ആക്ട് എല്ലാ പൊതുമരാമത്ത് റോഡുകളിലും നടപ്പിലാക്കിയ സാഹചര്യത്തിൽ ആക്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു

റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് എല്ലാ നിയമങ്ങളും നടപ്പിലാക്കുന്നുണ്ടോയെന്ന് അറിയുന്നതിന് കേരളത്തിലെ ചെറുപട്ടണങ്ങൾ ഉൾപ്പെടെയുള്ള ജില്ലകളിലെ പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലും പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ സംയുക്തമായി ഒരു ജോയിന്റ് ഡ്രൈവ്/പരിശോധന നടത്തി സൈൻബോർഡ്, സീബ്രാലൈൻ, ബമ്പ്, സ്ലിപ്പ് തുടങ്ങി ആവശ്യമായ പരിഷ്ക്കാര നടപടികൾ എവിടെയൊക്കെയാണ് അത്യന്താപേക്ഷിതമായിട്ടുള്ളത് എന്നത് സംബന്ധിച്ച ഒരു പ്രൊപ്പോസൽ റോഡ് സുരക്ഷാ അതോറിറ്റിക്ക് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

പ്രസ്തുത രീതിയിൽ ഒരു പരിശോധന 2017 ജനുവരി 1 മുതൽ ആരംഭിച്ച് രണ്ടാഴ്ചക്കാലം ഉണ്ടാകുമെന്നും ശിക്ഷാനടപടികൾ സ്വീകരിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അനുസരിക്കണമെന്നുള്ള മുന്നറിയിപ്പ് നേരത്തെ നൽകുമെന്നും അതിന് മുൻകൈയെടുത്താൽ സന്നദ്ധസംഘടനകളുടെയും സ്കൗട്ട്സ് ആന്റ് ഗൈഡ്സ് എന്നിവയുടെ സേവനവും പ്രദേശത്തെ എം.എൽ.എ.മാരുടെ സഹായവും ലഭ്യമാകുമെന്നും പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ സംയോജിച്ച് പ്രവർത്തിച്ചാൽ സിറ്റിക്കകത്തുള്ള അനധികൃത പാർക്കിംഗിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

സിറ്റികളിലെ സർക്കാർ സ്കൂളുകളിലെ ഗ്രൗണ്ടുകളിൽ വൈകുന്നേരം 6 മണി മുതൽ 10 മണിവരെ തുക ഈടാക്കി പ്രൈവറ്റ് കാറുകൾ പാർക്ക് ചെയ്യുകയാണെങ്കിൽ അനധികൃത പാർക്കിംഗിന് ഒരു പരിഹാരമാകുമെന്നുള്ള ഗതാഗത വകുപ്പുസെക്രട്ടറിയുടെ അഭിപ്രായത്തിന്, പ്രസ്തുത വിഷയം സംബന്ധിച്ച് പിന്നീട് ചർച്ച ചെയ്തു തീരുമാനിക്കാമെന്ന് സമിതി അറിയിച്ചു.

ഉപയോഗമില്ലാതെ കിടക്കുന്ന വാഹനങ്ങൾ പോലീസ് വകുപ്പ് ലേലം ചെയ്തു വിൽക്കണമെന്നും അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നവരുടെ ലൈസൻസ് റദ്ദാക്കണമെന്നും കേരളമൊട്ടാകെ 2017 ജനുവരി 1 മുതൽ ഒരു മാസക്കാലത്തേക്ക് ബോധവൽക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പൊതുമരാമത്ത്, പോലീസ്, മോട്ടോർ വാഹന വകുപ്പുകൾ ചേർന്ന് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

അനധികൃത പാർക്കിംഗിനെതിരെയുള്ള ബോധവൽക്കരണം എഫ്.എം., ടി.വി., തുടങ്ങിയ മാധ്യമങ്ങളിലൂടെ നൽകിയാൽ മാത്രമേ ഇതിനെതിരെ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും മൾട്ടിമീഡിയ കാമ്പെയിൻ കൂടി ഉണ്ടെങ്കിൽ റോഡ് സുരക്ഷാ അതോറിറ്റിവഴി ഇത് നടപ്പിലാക്കാമെന്നും പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ചീഫ് എഞ്ചിനീയർ (എൻ.എച്ച്., റോഡ്സ് ആന്റ് ബ്രിഡ്ജസ്), സ്റ്റേറ്റ് റോഡ് സേഫ്റ്റി അതോറിറ്റിയിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ, ഐ.ജി.(ട്രാഫിക്), ഗവൺമെന്റ് സെക്രട്ടറിമാർ, രണ്ട് സീനിയർ ഐ.എ.എസ്. ഓഫീസർമാർ തുടങ്ങിയവർ അംഗങ്ങളായും ഗതാഗത വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായി ഒരു കമ്മിറ്റി രൂപീകരിക്കുകയും സംസ്ഥാനതല യോഗംകൂടി ചർച്ച നടത്തുകയും ഒരു ആക്ഷൻപ്ലാൻ തയ്യാറാക്കി മൾട്ടിമീഡിയ ഉപയോഗിച്ച് അനധികൃത പാർക്കിംഗിനെതിരെ ബോധവൽക്കരണം നടത്തുകയും ചെയ്യണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

ഗതാഗതം, പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുമന്ത്രിമാർ ചേർന്ന് ചർച്ച നടത്തി പ്രസ്തുത വിഷയം ബഹു.മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയാൽ അനധികൃത പാർക്കിംഗ് ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു

പ്രസ്തുത വിഷയം സംബന്ധിച്ച കുറിപ്പ് അടിയന്തരമായി തയ്യാറാക്കി ഗതാഗതം, പൊതുമരാമത്ത് വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ അന്തിമ തീരുമാനമെടുക്കാമെന്ന് പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പു നൽകി.

സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ സിഗ്നൽ ലൈറ്റ് എവിടെ സ്ഥാപിക്കണം എന്ന് തീരുമാനിക്കുന്നത് റോഡ് സുരക്ഷാ അതോറിറ്റിയാണെന്നും പോലീസ്, പൊതുമരാമത്ത് വകുപ്പുകൾ പ്രോജക്ട് സമർപ്പിച്ച ശേഷം റോഡ് സേഫ്റ്റി അതോറിറ്റി പണം അനുവദിക്കുകയാണ് നിലവിൽ ചെയ്യുന്നതെന്ന് ട്രാൻസ്പോർട്ട് കമ്മീഷണറും; റോഡ് സുരക്ഷയുടെ ഭാഗമായി സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ആവശ്യം പോലീസ് വകുപ്പിൽ വന്നാൽ പൊതുമരാമത്ത് വകുപ്പ് കെൽട്രോണിൽ നിന്ന് എസ്റ്റിമേറ്റ് വാങ്ങി റോഡ് സേഫ്റ്റി അതോറിറ്റിക്ക് നൽകുകയും അവരത് സാംങ്ഷൻ ചെയ്തശേഷം സ്ഥാപിക്കുകയുമാണ് ചെയ്യുന്നതെന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറും സമിതിയെ അറിയിച്ചു.

ഹെൽമറ്റ് ധരിക്കേണ്ട ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം ഉണ്ടാക്കുവാൻ പോലീസിന്റെ ട്രാഫിക് വിഭാഗം ബോധവൽക്കരണ ക്ലാസുകൾ എടുക്കുന്നുണ്ടെങ്കിലും അത് കൂടുതൽ കർശനമാക്കുകയും എല്ലായിടത്തും പരിശോധന നടത്തുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന സമിതിയുടെ പരാമർശത്തിന്, ഇരുചക്ര വാഹനങ്ങളിൽ പുറകിൽ

ഇരിക്കുന്ന ആൾക്കും ഹെൽമെറ്റ് വേണമെന്നുള്ളത് നിയമപരമായി നിർബന്ധമാണെന്നും വാഹനം ഓടിക്കുന്ന ആൾ ഹെൽമെറ്റ് ധരിക്കണമെന്ന നിയമം ഇപ്പോൾ കർശനമാക്കിയിട്ടുണ്ടെന്നും ഇതിനായി ഒരു പബ്ലിസിറ്റി കാമ്പെയിൻ നടത്തുവാൻ ആലോചിക്കുന്നുണ്ടെന്നും 2016-ൽ അപകടത്തിന് കാരണക്കാരായ 2908 പേരുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ടെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ സമിതിയെ അറിയിച്ചു.

സൂപ്പർബൈക്കുകളുടെ വേഗത വളരെ കൂടുതലായതിനാൽ ഇന്നത്തെ സുരക്ഷാ മാനദണ്ഡം അനുസരിച്ച് റോഡിലൂടെ ഓടിക്കുവാൻ അനുവാദമുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, ഒരു നിശ്ചിത വേഗതയുള്ള ബൈക്കുകൾ മാത്രമേ ഓടിക്കാൻ പാടുള്ളൂ എന്ന നിയമമില്ലായെന്നും സാധാരണ ബൈക്കുകൾ ഓടിക്കുന്നതിന് സ്പീഡ് ലിമിറ്റുണ്ടെന്നും അവ അമിതവേഗത്തിൽ ഓടിക്കുമ്പോഴുണ്ടാകുന്ന അപകടങ്ങളെക്കാൾ കുറവാണ് സൂപ്പർ ബൈക്കുകൾ മൂലമുണ്ടാകുന്നതെന്നും സൂപ്പർ ബൈക്കുകൾ എങ്ങനെ നിയന്ത്രിക്കണമെന്ന് പഠിപ്പിക്കാൻ ഒരു ശ്രമം നടത്തുന്നുണ്ടെന്നും അതിന്റെ ലൈസൻസ് കർശനമാക്കുന്നതിനായി എറണാകുളത്ത് സൂപ്പർ ബൈക്ക് ഡീലേഴ്സിന്റെ ഒരു യോഗം കൂടിയിരുന്നുവെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ സമിതിയെ ബോധിപ്പിച്ചു

സൂപ്പർ ബൈക്കുകളുടെ മത്സരയോട്ടം വലിയ പ്രശ്നമാണുണ്ടാക്കുന്നതെന്നും ഇത് തടയുന്നതിന് പുതിയ ആക്ട് നിലവിൽ വരുന്നതോടുകൂടി സാധിക്കുമെന്നും അമിത വേഗത്തിനുള്ള പിഴ 10,000 രൂപയായി വർദ്ധിക്കുമെന്നും കൂടാതെ മദ്യപിച്ച് വാഹനമോടിച്ചാൽ 25,000 രൂപയാണ് പിഴയായി അടയ്ക്കേണ്ടതെന്നും 2014, 2016 വർഷങ്ങളിൽ യഥാക്രമം 18000, 7000-ത്തോളം പേരുടെ ലൈസൻസ് മരവിപ്പിച്ചിട്ടുണ്ടെന്നും ഐ.ജി. (ട്രാഫിക്) സമിതിയെ അറിയിച്ചു.

ബസ്സുകളിലും മറ്റും സ്പീഡ്ഗവർണർ ഘടിപ്പിക്കുന്നതുപോലെ ഇരുചക്ര വാഹനങ്ങളിലും പ്രസ്തുത സംവിധാനം പ്രാവർത്തികമാക്കുവാൻ കഴിയുമോ എന്ന സമിതിയുടെ ചോദ്യത്തിന്, വാഹനനിർമ്മാണം സംബന്ധിച്ച നിയമം കേന്ദ്ര ഗവൺമെൻറിൻേറതാണെന്നും നിശ്ചിത വേഗത്തിൽ മാത്രമെ വാഹനങ്ങൾ ഓടിക്കാവൂ എന്ന നിർദ്ദേശം കൊടുക്കുവാൻ മാത്രമേ സാധിക്കുകയുള്ളുവെന്നും സിനിമാ തിയേറ്ററുകളിൽ വേഗത നിയന്ത്രണം സംബന്ധിച്ച് പരസ്യം നൽകുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ സമിതിയെ അറിയിച്ചു

പ്രസ്തുത വിഷയം സംബന്ധിച്ച് കേന്ദ്രനിയമത്തിൽ താഴെ പരാമർശിക്കുന്ന 2 മാറ്റങ്ങൾ അത്യാവശ്യമാണെന്നും അത് കേന്ദ്രഗവൺമെന്റിലേക്ക് സമർപ്പിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

(1) വാഹന നിർമ്മാണ ഘട്ടത്തിൽ തന്നെ വേഗത നിയന്ത്രിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങൾ ഗവൺമെന്റ് ഓഫ് ഇന്ത്യ അതിന്റെ വ്യവസായനയത്തിൽ ഉൾപ്പെടുത്തുക.

(2)സ്വകാര്യ ബസുകളുടെ മത്സരയോട്ടം അപകടങ്ങൾക്കു കാരണമാകുന്നതിനാൽ, പെർമിറ്റ് അനുവദിക്കുന്നതിനു മുൻപ് ആ റൂട്ടിൽ സർവ്വീസ് ആവശ്യമാണോയെന്നും റോഡിന് സൗകര്യമുണ്ടോയെന്നും ബസ് ഓടിക്കാൻ പര്യാപ്തമായ ടൈം ഗ്യാപ്പുണ്ടോയെന്നും പരിശോധന നടത്തി മാത്രം പെർമിറ്റ് അനുവദിക്കണം.

സീബ്രാലൈൻ ക്രോസിംഗുകളിൽ ആളെ നിയമിക്കണമെന്നും ഒരു പോലീസ് കോൺസ്റ്റബിളിന്റെ നേതൃത്വത്തിൽ എൻ.എസ്.എസ്., സ്കൗട്ട്സ്, എൻ.സി.സി, സ്റ്റുഡന്റ്സ് പോലീസ് തുടങ്ങിയവരുടെ സഹായത്തോടെ റോഡ് നിയമ ലംഘനത്തിനെതിരെ ശക്തമായ ശിക്ഷാനടപടികൾ സ്വീകരിച്ചാൽ മാത്രമേ വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുവാനും അപകടങ്ങൾ തടയാനും സാധിക്കുകയുള്ളുവെന്നും ഇതിനെ സംബന്ധിച്ചുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കി 3 മേഖലകളിലായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് ഗതാഗതം, പൊതുമരാമത്ത് വകുപ്പമന്ത്രിമാർ പങ്കെടുത്തുകൊണ്ട് എവിടെ, ഏതൊക്കെ മാധ്യമങ്ങൾ ഉപയോഗിച്ച് പ്രചാരണം നടത്തണമെന്ന് തീരുമാനിക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

കേരളത്തിൽ ലൈസൻസ് ഉള്ള എല്ലാ ഡ്രൈവർമാരുടെയും ഒരു യോഗം നാല് മാസത്തിലൊരിക്കലെങ്കിലും ചേർന്ന് അവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും പങ്കെടുക്കാത്തവർക്ക് പിഴയോ, തുടർച്ചയായി ഹാജരായില്ലെങ്കിൽ ലൈസൻസ് റദ്ദാക്കുകയോ ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചു.

പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ നിശ്ചിത കാലാവധി കഴിഞ്ഞാൽ കണ്ടം ചെയ്ത് വിൽക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

വാഹന ഉടമകളിൽ നിന്നും പിഴയായി ഈടാക്കുന്ന തുകയുടെ 15-20% തുക മാത്രമേ ഇപ്പോൾ റോഡ് സുരക്ഷാ അതോറിറ്റിക്ക് ലഭിക്കുന്നുള്ളുവെന്നും അതിൽ വലിയ കാലതാമസം ഉണ്ടാകുന്നുവെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ സമിതിയെ ബോധിപ്പിച്ചു

വാഹനഉടമകളിൽ നിന്നും പിഴയായി ഈടാക്കുന്ന തുക മരാമത്ത് വകുപ്പുമായി ആലോചിച്ച് റോഡ് നന്നാക്കുന്നതിനാണ് ഉപയോഗപ്പെടുത്തുന്നതെന്നും അതിൽ നിന്നും ധനകാര്യ വകുപ്പ് തുക കൈപ്പറ്റുന്നത് തെറ്റായ കാര്യമാണെന്നും ധനകാര്യ വകുപ്പിന്റെ നിയമത്തിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്നും ആയതിനാൽ ഉടമകളിൽ നിന്നും പിഴയായി ഈടാക്കുന്ന തുക റോഡ് സുരക്ഷാ അതോറിറ്റിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

സമിതിയോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

## 20-1-2017-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2017 ജനുവരി മാസം 20-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.00 മണിക്ക് കൊച്ചിയിലെ ഐ.എം.എ. ഹൗസിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ.വി. അബ്ദുൾ ഖാദർ, എം.എൽ.എ.
2. ശ്രീ.വി. അബ്ദുറഹിമാൻ, എം.എൽ.എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
4. ശ്രീ. കെ. മുരളീധരൻ, എം.എൽ.എ.
5. ശ്രീ. സി.എഫ്. തോമസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. ആഷാ തോമസ്, മാനേജിംഗ് ഡയറക്ടർ, റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്.
2. ശ്രീമതി ലിസ്സി. കെ.എഫ്., ജനറൽ മാനേജർ, ആർ.ബി.ഡി.സി.കെ.
3. ശ്രീ. അലക്സ്. റ്റി.ജെ., ഡെപ്യൂട്ടി ജനറൽ മാനേജർ, ആർ.ബി.ഡി.സി.കെ.
4. ശ്രീ. അബ്ദുൾ സലാം. എ.എ., ഡെപ്യൂട്ടി ജനറൽ മാനേജർ, ആർ.ബി.ഡി.സി.കെ.
5. ശ്രീ. കെ. ജയകുമാർ, സീനിയർ മാനേജർ, ആർ.ബി.ഡി.സി.കെ.
6. ശ്രീ. റ്റി.ആർ. ജയപാൽ, ഡെപ്യൂട്ടി സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
7. ശ്രീ. സിബി ജെ., പുല്ലോപ്പിള്ളി, ചീഫ് ഫിനാൻഷ്യൽ ഓഫീസർ, ആർ.ബി.ഡി.സി.കെ.
8. ശ്രീ. തോമസ് മാത്തൻ, കമ്പനി സെക്രട്ടറി, ആർ.ബി.ഡി.സി.കെ.

എറണാകുളം ജില്ലയിലെ പാലാരിവട്ടത്തുള്ള റോഡ്സ്&ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഓഫീസ് സന്ദർശിച്ച സമിതി, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഓഫീസിന്റെ സ്ഥലസൗകര്യക്കുറവും ജീവനക്കാരുടെ അപര്യാപ്തതയും പുതിയതായി കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് (കാക്കനാട്) ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിൽ ജനങ്ങൾക്കുള്ള എതിർപ്പും മനസ്സിലാക്കി. ആയതിനാൽ കാബിനറ്റിന്റെ അനുമതിയോടെ

കാക്കനാട് കേരള സ്റ്റേറ്റ് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫീസിനായി മാത്രം ഒരു 3 നില കെട്ടിടം പണിയുവാനും കെട്ടിട നിർമ്മാണം ആർ.ബി.ഡി.സി.കെ യുടെ ചുമതലയിൽ തന്നെ നടത്തണമെന്നും സമിതി നിർദ്ദേശിച്ചു

തുടർന്ന് സമിതി കൊച്ചിയിലെ ഐ.എം.എ. ഹൗസിൽ യോഗം ചേർന്ന് ആർ.ബി.ഡി.സി.കെ.യുടെ പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1956-ലെ കമ്പനി നിയമം അനുസരിച്ച്, ആർ.ബി.ഡി.സി.കെ. 1999-ൽ പബ്ലിക് ലിമിറ്റഡ് കമ്പനിയായി പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചുവെന്നും റെയിൽവേയ്സ്, സെൻട്രൽ റോഡ് ഫണ്ട്, ദേശീയപാത തുടങ്ങിയ ഏജൻസികളുമായുള്ള ഏകോപനം വഴി വിഭവസമാഹരണം നടത്തി കേരളത്തിലെ ഗതാഗത രംഗത്തെ അടിസ്ഥാന സൗകര്യ വികസനം സാദ്ധ്യമാക്കുകയാണ് ആർ.ബി.ഡി.സി.കെ.യുടെ പ്രവർത്തന ലക്ഷ്യമെന്നും അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കേരള സർക്കാർ രൂപം കൊടുത്തിട്ടുള്ള കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) സഹായത്തോടെ പൊതുമരാമത്ത്, സ്പോർട്സ്, യുവജനകാര്യം, പൊതുവിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകൾക്ക് കീഴിൽ വരുന്ന പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് ആർ.ബി.ഡി.സി.കെ.-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഇപ്പോഴത്തെ കമ്പനി ഡയറക്ടർമാർ

1. ചെയർമാൻ - പൊതുമരാമത്ത് വകുപ്പുമന്ത്രി
2. അഡീഷണൽ ചീഫ് സെക്രട്ടറി. - പൊതുമരാമത്ത് വകുപ്പ്
3. ചീഫ് എഞ്ചിനീയർ - റോഡ്സ് & ബ്രിഡ്ജസ്
4. ജോയിന്റ് സെക്രട്ടറി - ധനകാര്യ വകുപ്പ്
5. മാനേജിംഗ് ഡയറക്ടർ - ആർ.ബി.ഡി.സി.കെ.

എന്നിവർ ഉൾപ്പെടുന്നതാണെന്നും റെയിൽവേ മേൽപ്പാലങ്ങളുടെയും ഹൈവേകളുടെയും നിർമ്മാണത്തിനുള്ള പദ്ധതികളാണ് ആർ.ബി.ഡി.സി.കെ. ഇതുവരെ ഏറ്റെടുത്തിട്ടുള്ളതെന്നും 2016 ഡിസംബർ വരെ ഏറ്റെടുത്ത 41 റെയിൽവേ മേൽപ്പാലങ്ങൾ, 3 പുഴപ്പാലങ്ങൾ, 3 ഹൈവേകൾ എന്നിവയിൽ 39 റെയിൽവേ മേൽപ്പാലങ്ങൾ, 2 പുഴപ്പാലങ്ങൾ, 1 ഹൈവേ എന്നിവയുടെ പണികൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും ബാക്കി പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണെന്നും കുഞ്ഞിപ്പള്ളി (കോഴിക്കോട്), തിരുനെട്ടൂർ (എറണാകുളം) എന്നീ മേൽപ്പാലങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുകയാണെന്നും ഫ്ലൈഓവറുകളിൽ പാലാരിവട്ടം മാത്രമേ ഏറ്റെടുത്തിട്ടുള്ളുവെന്നും ആർ.ബി.ഡി.സി.കെ. എം.ഡി. സമിതി മുമ്പാകെ ആമുഖമായി അറിയിച്ചു.

ഒരു മേൽപ്പാലത്തിന്റെ പണി പൂർത്തീകരിക്കുന്നതിനായി എടുക്കുന്ന സമയ ദൈർഘ്യത്തെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ഭൂമി ഏറ്റെടുക്കലിന് വേണ്ടിവരുന്ന സമയമനുസരിച്ചാണ് പൂർത്തീകരണം നീണ്ടുപോകുന്നതെന്നും ഒരു മേൽപ്പാല നിർമ്മാണത്തിന് 18 മാസത്തെ കോൺട്രാക്ടാണ് വയ്ക്കുന്നതെന്നും 2 വർഷത്തിനകം പണി പൂർത്തീകരിക്കാനാണ് പരമാവധി ശ്രമിക്കുന്നതെന്നും ഭൂമി ഏറ്റെടുക്കൽ നീണ്ടുപോകുന്നതനുസരിച്ച് കാലാവധി നീണ്ടുപോയ പല പദ്ധതികളും ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ടെന്നും ഭൂമി ഏറ്റെടുക്കൽ ആരംഭിച്ച മേൽപ്പാലങ്ങളിൽ ഫെറോക്ക് (ഡെപ്പോസിറ്റ്), കാഞ്ഞങ്ങാട് ടൗൺ യാർഡ്, കാരിത്താസ്, അമൃത (ഡെപ്പോസിറ്റ്), കരമന, മുളംതുരുത്തി, പാവങ്ങാട് (ഡെപ്പോസിറ്റ്) (7 എണ്ണം) പൂർത്തിയാക്കിയ പുഴപ്പാലങ്ങളിൽ പുലാമന്തോൾ, എടപ്പാലം-മൂർക്കനാട് (2 എണ്ണം), പണി നടന്നുകൊണ്ടിരിക്കുന്ന പുഴപ്പാലങ്ങളിൽ സ്റ്റേഷൻ കടവ് (1 എണ്ണം) ഭൂമി ഏറ്റെടുക്കൽ ആരംഭിച്ച പുഴപ്പാലങ്ങളിൽ അഴിമാവ് കടവ്, തിരുനാവായ (2 എണ്ണം) എന്നിവയും ഉൾപ്പെടുന്നുവെന്നും ആർ.ബി.ഡി.സി.കെ. എം.ഡി. അറിയിച്ചു.

ഇതുവരെ പൂർത്തിയാക്കിയ എല്ലാ പദ്ധതികളുടെയും എണ്ണം, അവയുടെ പണി ആരംഭിച്ചതും പൂർത്തീകരിച്ചതുമായ വർഷം എന്നിവ രേഖപ്പെടുത്തിയ ഒരു സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുവാൻ ആർ.ബി.ഡി.സി.കെ. യോട് സമിതി നിർദ്ദേശിച്ചു.

എയർപോർട്ട്-സീപോർട്ട് റോഡ്- ഫേസ് I (കെ.ആർ.എൽ. ജംഗ്ഷൻ-കളമശ്ശേരി), ഫേസ് II (കളമശ്ശേരി-എയർപോർട്ട്), വല്ലാർപാടം-കോഴിക്കോട് തീരദേശ ഇടനാഴി എന്നീ റോഡുകളുടെ നിർമ്മാണം ആർ.ബി.ഡി.സി.കെ. ഏറ്റെടുത്തിട്ടുണ്ടെന്നും ഫേസ് I-ന്റെ പണി രണ്ട് വരിയായിട്ടാണ് തുടങ്ങിയതെങ്കിലും വർദ്ധിച്ചുവരുന്ന ഗതാഗത തിരക്ക് കാരണം 4 വരിയാക്കി ചെയ്യാനും ഫേസ് II ആയി നിലവിലുള്ള റോഡിനെ 3 പാക്കേജായി എക്സ്റ്റന്റ് ചെയ്യാനും പദ്ധതിയുണ്ടെന്നും ഫണ്ട് ലഭിക്കാത്തതിനനുസരിച്ചാണ് പദ്ധതികൾ ഏറ്റെടുക്കുന്നതെന്നും എയർപോർട്ട്-സീപോർട്ട് റോഡിൽ ആർ.ബി.ഡി.സി.കെ. മുൻകൈ എടുത്ത് ഒരു ഫ്ലാറ്റ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ബോഗോ ഫണ്ട്സ്, ഹഡ്കോ ലോൺ, സി.എസ്.ആർ. ഫണ്ട് എന്നിവ ഉപയോഗിച്ചാണ് പണികൾ ചെയ്തുവരുന്നതെന്നും റോഡുകൾ 4 വരിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടെന്നും 25 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് കളമശ്ശേരിവരെ 4 വരിയാക്കിയിട്ടുണ്ടെന്നും ഒറിജിനൽ റോഡുകളുടെ എക്സ്റ്റൻഷനുവേണ്ടിയും ഒരു പ്രൊപ്പോസലുണ്ടെന്നും ഭരണാനുമതി ലഭിച്ചതിൽ പലതിനും ഇപ്പോൾ റിവിഷൻ ആവശ്യമായി വന്നിരിക്കുകയാണെന്നും സെക്ഷൻ എ-യിലെ ഒരു ഫേസ് മാത്രം (എൻ.എ.ഡി.-അശോകപുരം&അശോകപുരം മഹിളാലയം) കിഫ്ബിയുടെ ഫണ്ടിംഗിനായി പോയിട്ടുണ്ടെന്നും ലോണായി പണം എടുത്ത് പണികൾ പൂർത്തീകരിക്കുന്ന രീതിയാണ് ആർ.ബി.ഡി.സി.കെ. പിൻതുടരുന്നതെന്നും വാണിജ്യവായ്പയും ആൾട്ടർനേറ്റീവ് സോഴ്സ് ഫണ്ടും കണ്ടുപിടിക്കേണ്ടതുണ്ടെന്നും കൂടാതെ ബഡ്ജറ്ററി അലോക്കേഷനും ഉണ്ടെന്നും

പൂർത്തിയാക്കിയ പദ്ധതികളിൽ നിന്നുള്ള റവന്യൂ (യൂസർ ഫീകളക്ഷൻ) ഉപയോഗിച്ചാണ് വായ്പ തിരിച്ചടയ്ക്കുന്നതെന്നും കൂടാതെ ഗവൺമെന്റും ആനുപാതികമായി തുക അനുവദിക്കാറുണ്ടെന്നും 2009-ൽ ഗവ. കൊണ്ടുവന്ന റീസ്ട്രക്ച്ചറിംഗ് പാക്കേജ് അനുസരിച്ച് വായ്പ ലഭിക്കുകയും പുതിയ പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നും അങ്ങനെയുള്ള 15 പദ്ധതികളിൽ നിന്ന് യൂസർ ഫീ ശേഖരിച്ചുകൊണ്ട് ലോണുകൾ അടയ്ക്കാനാണുദ്ദേശിക്കുന്നതെന്നും കേരള റോഡ് ഫണ്ട് ബോർഡിൽ നിന്നുള്ള ഒരു ലോൺ ഔട്ട് സ്റ്റാന്റിംഗായി കിടക്കുകയാണെന്നും അത് ഇക്വിറ്റിയിലേയ്ക്ക് മാറ്റുവാനുള്ള ഒരു പ്രൊപ്പോസൽ പ്രശ്നമായിട്ടുണ്ടെന്നും കിഫ്ബി വന്നതോടുകൂടി പദ്ധതികൾ നടത്തുന്ന ഒരു ഏജൻസിയായി, ഏജൻസി ഫീസ് വച്ച് മുന്നോട്ട് പോകുകയാണ് ആർ.ബി.ഡി.സി.കെ. എന്നും ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

കിഫ്ബി, പ്രാഥമിക ഭരണാനുമതി നൽകിയ 44 പദ്ധതികളിൽ 6 എണ്ണത്തിനുള്ള ഡി.പി.ആർ. സമർപ്പിച്ചുവെങ്കിലും അതിനുള്ള അനുമതി ഇതുവരെ ലഭിച്ചിട്ടില്ലെന്നും അടുത്ത 6 പദ്ധതികളുടെ ഡി.പി.ആർ. ഉടൻതന്നെ സമർപ്പിക്കുന്നതാണെന്നും മിക്ക പദ്ധതികൾക്കും എ.എസ്. ലഭിച്ച തുക ഡി.പി.ആർ. പ്രകാരം പര്യാപ്തമല്ലായെന്നും ഇവയിൽ റിവൈസ്ഡ് എ.എസ്.-ന് പോകേണ്ടതുണ്ടെന്നും കിഫ്ബി ലിസ്റ്റിൽ ഇല്ലാത്ത പല പദ്ധതികളും അവയുടെ ആവശ്യകത നോക്കി കിഫ്ബി ലിസ്റ്റിൽ ഉൾപ്പെടുത്താനായി ശ്രമിക്കുന്നുണ്ടെന്നും റെയിൽവേയുടെ കോസ്റ്റ് ഷെയറിംഗ് സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള മേൽപ്പാലങ്ങൾ ആർ.ബി.ഡി.സി.കെ. കടമെടുത്ത പണവും സർക്കാർ വിഹിതവും ഉപയോഗിച്ചാണ് നിർമ്മിക്കുന്നതെന്നും പിന്നീട് ഈ തുക റെയിൽവേയിൽ നിന്നും ക്ലെയിം ചെയ്യുകയാണെന്നും റെയിൽവേയും സംസ്ഥാന സർക്കാരും തമ്മിലുണ്ടാക്കിയ എം.ഒ.യു. പ്രകാരം 19 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം റെയിൽവേ ഭാഗം ഉൾപ്പെടെ ആർ.ബി.ഡി.സി.കെ-യെ ആണ് ഏൽപ്പിച്ചതെന്നും എം.ഒ.യു.-ൽ ഉൾപ്പെടാത്ത മേൽപ്പാലങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കലും റെയിൽവേ ഭാഗം ഒഴിച്ചുള്ള ഭാഗത്തിന്റെ നിർമ്മാണവും ആർ.ബി.ഡി.സി.കെ. യാണ് നിർവ്വഹിക്കുന്നതെന്നും റെയിൽവേ ഭാഗത്തിന്റെ നിർമ്മാണം റെയിൽവെ നേരിട്ടാണ് നിർവ്വഹിക്കുന്നതെന്നും ഭൂമി ഏറ്റെടുക്കൽ ഒഴികെയുള്ള നിർമ്മാണ ചെലവ് റെയിൽവേയും ആർ.ബി.ഡി.സി.കെ.-യും തുല്യമായി വഹിക്കുന്നതാണെന്നും റെയിൽവേ വിഹിതം, നിർമ്മാണം പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തിയ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂവെന്നും ആയതിനാൽ പദ്ധതിക്കാവശ്യമായ തുക തുടക്കത്തിൽ കോർപ്പറേഷൻ തന്നെ മുടക്കേണ്ടി വരുന്നുവെന്നും 2015-യോടെ ബാങ്കുലോണുകളെല്ലാം തിരിച്ചടച്ചിട്ടുണ്ടെന്നും ഇപ്പോഴും അഡ്മിനിസ്ട്രേറ്റീവ് ഓവർഹെഡും ലോൺ പേയ്മെന്റും റീപേയ്മെന്റുമെല്ലാം കണ്ടെത്തുന്നത് യൂസർ ഫീയിൽ നിന്നു മാത്രമാണെന്നും ഇപ്പോൾ യൂസർ ഫീ കുറഞ്ഞുകൊണ്ടിരിക്കുന്നതിനാൽ അഡ്മിനിസ്ട്രേറ്റീവ് ഓവർഹെഡ്സിനും ശമ്പളത്തിനുമുള്ള ഫണ്ടിൽ ഗവൺമെന്റ് സഹായം ലഭിച്ചില്ലെങ്കിൽ മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യമാണെന്നു സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് 41 സാങ്ഷൻ പോസ്റ്റുകളുള്ളതിൽ 15 എണ്ണം ടെക്നിക്കൽ (എഞ്ചിനീയർമാർ) പോസ്റ്റാണെന്നും ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു

പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാരിൽ ഭൂരിഭാഗവും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിനാൽ നിർമ്മാണ സമയത്ത് വർക്ക് സ്പോട്ടുകൾ പരിശോധിക്കാനും പണികൾ നടത്താനും കൾസൾട്ടന്റിനെ നിയമിക്കാറുണ്ടെന്നും കൂടാതെ നിർമ്മാണ പുരോഗതി നേരിട്ട് വിലയിരുത്താറുണ്ടെന്നും സ്വന്തം ഫണ്ട് ഉപയോഗിച്ച് പണികൾ ചെയ്യുമ്പോൾ കൂടുതൽ സുതാര്യതയും കോസ്റ്റ് ഇഫക്ടീവായും സമയബന്ധിതമായും പണികൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും ഭാവിയിൽ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി ഫണ്ട് കണ്ടെത്തുന്നതിൽ നിലവിൽ പ്രശ്നങ്ങളുണ്ടെന്നും എം.ഡി., ആർ.ബി.ഡി.സി.കെ സമിതിയെ ബോധിപ്പിച്ചു

പാലാരിവട്ടത്തുള്ള കോർപ്പറേഷന്റെ ഓഫീസ് നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും വാടക വർദ്ധിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത സ്ഥലത്ത് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും കാക്കനാട് 30 വർഷത്തെ ലീസ് പ്രകാരം പി.ഡബ്ല്യു.ഡി.-ൽ നിന്നും ലഭിച്ച സ്ഥലത്ത് 2007 മുതൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ ശ്രമിച്ചുവെങ്കിലും പിന്നീട് അത് ഓഫീസ് കം കമേഴ്സ്യൽ സ്പെയിസിനായി പദ്ധതിയിട്ടപ്പോൾ പൈലിംഗിനുശേഷം പൊതുജനങ്ങളുടെ എതിർപ്പുകാരണം പണി നിർത്തിവച്ചിരിക്കുകയാണെന്നും ആയതിനാൽ കാക്കനാട്ട്, ആർ.ബി.ഡി.സി.കെ-യ്ക്ക് സ്വന്തമായി ഒരു ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർ സമിതിയോട് അഭ്യർത്ഥിച്ചു

വല്ലാർപാടം-കോഴിക്കോട് തീരദേശ ഇടനാഴിയുടെ നിർമ്മാണം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, ആശാൻപടി മുതൽ പറവണ്ണ വരെയുള്ള റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നും അത് നാഷണൽ ഹൈവേയെ ഏൽപ്പിച്ച് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ തീരദേശ റോഡ് ചെയ്യാനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ടെന്നും ആ പദ്ധതിയിൽ വല്ലാർപാടം കോഴിക്കോട് തീരദേശ ഇടനാഴിയുടെ നിർമ്മാണവും ഉൾപ്പെടുമെന്നും നാഷണൽ ഹൈവേയെ ഏൽപ്പിച്ചതിൽ പടിഞ്ഞാറേക്കര റോഡ് നിർമ്മാണവും ഉൾപ്പെടുമെന്നും ആർ.ബി.ഡി.സി.കെ. ഡെപ്യൂട്ടി ജനറൽ മാനേജർ സമിതിയെ അറിയിച്ചു.

ഗുരുവായൂർ മേൽപ്പാലത്തിന്റെ കാര്യത്തിൽ 1:30 വീതിയിൽ റോഡ് നിർമ്മിക്കുവാൻ കൂടുതൽ പണം ആവശ്യമാകയാൽ 1:20 ആണ് അനുയോജ്യമെന്ന് ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

11 മേൽപ്പാലങ്ങളുടെ പണി ഏറ്റെടുക്കുവാൻ കഴിയാതിരുന്നതെന്തുകൊണ്ടാണെന്ന സമിതിയുടെ ചോദ്യത്തിന്, 11 മേൽപ്പാലങ്ങളിൽ അറ്റ്ലാന്റിസ്-എം.ജി. റോഡ്, കൊച്ചി, വട്ടുതല എന്നിവ കിഫ്ബി പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഇപ്പോൾ അതിന്റെ നിർമ്മാണം 4 വരി ആയിതന്നെ ചെയ്യാനാണുദ്ദേശിക്കുന്നതെന്നും ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും അതിന്റെ വിശദാംശങ്ങൾ നൽകുവാൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും ഭൂമി ഏറ്റെടുക്കലും

അലൈൻമെന്റും എല്ലാം കോർപ്പറേഷനാണ് ചെയ്യുന്നതെന്നും കിഫ്ബിയിൽ നിന്നും പണം ലഭിച്ചാൽ പെട്ടെന്ന് ചെയ്യുവാൻ സാധിക്കുമെന്നും വട്ടുതല മേൽപ്പാലത്തിന്റെ ഡി.പി.ആർ. രണ്ടാഴ്ച്ചയ്ക്കുള്ളിൽ കിഫ്ബിക്ക് സമർപ്പിക്കുമെന്നും ആർ.ബി.ഡി.സി.കെ. ഡെപ്യൂട്ടി ജനറൽ മാനേജർ സമിതിയെ ബോധിപ്പിച്ചു.

പാലക്കാട്-പാലക്കാട് ടൗൺ മേൽപ്പാലം പാലക്കാട്-കോഴിക്കോട് ദേശീയപാതയിൽ വരുന്ന മേൽപ്പാലം ആയതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാതാ വിഭാഗത്തിന് പ്രസ്തുത പദ്ധതി ഏറ്റെടുക്കുന്നതിനായുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്ന് ആർ.ബി.ഡി.സി.കെ. ഡെപ്യൂട്ടി ജനറൽ മാനേജർ സമിതിയെ അറിയിച്ചു

പദ്ധതികൾ പൂർത്തീകരിക്കുവാൻ കാലതാമസം നേരിടുന്നതെന്താണെന്ന സമിതിയുടെ ചോദ്യത്തിന്, ലോൺ ലഭിക്കാത്തതാണ് പ്രധാന കാരണമെന്ന് ആർ.ബി.ഡി.സി.കെ. ഡെപ്യൂട്ടി ജനറൽ മാനേജർ മറുപടി പറഞ്ഞു.

11 മേൽപ്പാലങ്ങളുടെ വിശദാംശത്തിൽ ഗുരുവായൂർ ആർ.ഒ.ബി.-യെ ഉൾപ്പെടുത്താത്തതെന്താണെന്ന് സമിതി ആരാഞ്ഞപ്പോൾ, കേരള ഗവ. ഔദ്യോഗികമായി ഏൽപ്പിച്ച 11 മേൽപ്പാലങ്ങളിൽ ഗുരുവായൂർ ഉൾപ്പെടുന്നില്ലായെന്നും പ്രസ്തുത പദ്ധതി നേരത്തെ തന്നെ കിഫ്ബി പ്രോജക്ടിൽ ഉൾപ്പെട്ടിട്ടുള്ളതാണെന്നും ഡെപ്യൂട്ടി ജനറൽ മാനേജർ അറിയിച്ചു

സീപോർട്ട്-എയർപോർട്ട് റോഡിൽ എച്ച്.എം.റ്റി. മുതൽ എൻ.എ.ഡി. വരെയുള്ള ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച തർക്കത്തെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് കളമശ്ശേരി മുതൽ നെടുമ്പാശ്ശേരി വരെയുള്ള 4 സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നതിൽ ജനങ്ങളുടെ എതിർപ്പുമൂലം നടപടി നിർത്തിവയ്ക്കേണ്ടി വന്നുവെന്നും ഭൂമി കൈമാറുന്നതിനുള്ള അപേക്ഷ എറണാകുളം ജില്ലാ കളക്ടർക്കും ഭാരത സർക്കാരിന്റെ പ്രതിരോധ മന്ത്രാലയത്തിന് സംസ്ഥാന സർക്കാർ മുഖേനയും നൽകിയിട്ടുണ്ടെന്നും ഡെപ്യൂട്ടി ജനറൽ മാനേജർ അറിയിച്ചു

ധനകാര്യ വകുപ്പുമന്ത്രിയുമായുള്ള ചർച്ചയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി 10000 കോടി രൂപയുടെ പദ്ധതി ആവശ്യപ്പെട്ടിട്ടുണ്ടെന്നും, ഏറ്റെടുത്തിട്ടില്ലാത്ത 11 മേൽപ്പാലങ്ങളും മറ്റു മികച്ച പദ്ധതികൾ നിലവിലുണ്ടെങ്കിൽ അവയും മെമ്പർമാരുടെ നിർദ്ദേശ പ്രകാരം ഏതെങ്കിലും അത്യാവശ്യ പ്രൊപ്പോസലുണ്ടെങ്കിൽ അതും ഉൾപ്പെടുത്തി നൽകണമെന്നും കിഫ്ബി പ്രോജക്ട് വഴി 51 റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ പണി നടന്നിട്ടുണ്ടെന്നും ആർ.ബി.ഡി.സി.കെ. എല്ലാ ജില്ലകളിലും മേൽപ്പാലങ്ങളോ ഓവർ ബ്രിഡ്ജ് നിർമ്മാണമോ ഏറ്റെടുത്തുകൊണ്ട്, എല്ലാ ജില്ലകളെയും പദ്ധതിയിൽ ഉൾപ്പെടുത്താനായി ശ്രമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ആർ.ബി.ഡി.സി.കെ.യുടെ വർക്കായി കിഫ്ബിയുടെ കീഴിൽ സ്കൂളുകളുടെ അപ്ഗ്രേഡിംഗ് പോലുള്ള ജോലികൾ രണ്ടോ മൂന്നോ ജില്ലകളിലെങ്കിലും ഏറ്റെടുത്ത് നടത്തുവാനുള്ള ശ്രമത്തിലാണെന്ന് ആർ.ബി.ഡി.സി.കെ. മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു

റോഡ്, പാലങ്ങൾ, അണ്ടർപാസ്സ്, ഓവർബ്രിഡ്ജ് എന്നിവയുടെ നിർമ്മാണമാണ് ആർ.ബി.ഡി.സി.കെ. പ്രധാനമായും ചെയ്യേണ്ടതെന്നും ജനങ്ങൾക്കുവേണ്ടി സാങ്കേതികമായി മികവുള്ള കാര്യങ്ങൾ ചെയ്യുവാൻ സാധിക്കത്തക്ക വിധത്തിൽ വർക്കുകൾ ഏറ്റെടുക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഒരു ചീഫ് എഞ്ചിനീയർ, നാലോ അഞ്ചോ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ നിയമിക്കേണ്ടതുണ്ടെന്നും ഏതൊക്കെ തസ്തികകളിൽ എത്രപേർ വേണമെന്നുള്ളതിന്റെ കൃത്യമായ എണ്ണം കണക്കാക്കി ബോർഡിൽ ഒരു പ്രൊപ്പോസൽ സമർപ്പിക്കണമെന്നും എഞ്ചിനീയറിംഗ് വിംങ് മെച്ചപ്പെടുത്തുവാനും ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്നും കൂടാതെ ഇതുവരെ നടത്തിയവർക്കുകൾക്ക് ചെലവായതും ഇനി ചെയ്യാൻ പോകുന്നവയ്ക്കു വേണ്ടിവരുന്നതുമായ തുക, ആകെ ടോൾ കളക്ഷൻ എന്നിവയുടെ കൃത്യമായ റിപ്പോർട്ട് സമിതിക്കു സമർപ്പിക്കണമെന്നും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനോട് സമിതി നിർദ്ദേശിച്ചു.

പാലങ്ങളുടെ അടിഭാഗങ്ങളിലുള്ള സ്ഥലം വാടകയ്ക്ക് നൽകാത്തതെന്താണെന്ന് സമിതി ആരാഞ്ഞപ്പോൾ അങ്ങനെ ഒരു പ്രൊപ്പോസൽ മുൻപ് നൽകിയിരുന്നെങ്കിലും നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടപ്രകാരം അതനുവദിക്കില്ലായെന്ന് ഡെപ്യൂട്ടി ജനറൽ മാനേജർ അറിയിച്ചു.

സീപോർട്ട്-എയർപോർട്ട് റോഡിൽ നിന്ന് നേരിട്ട് സീപോർട്ടിലേക്ക് പോകത്തക്ക രീതിയിൽ റോഡ് നിർമ്മാണം പുനരാരംഭിക്കണമെന്നും 2013-14 കാലയളവിൽ പ്രസ്തുത റോഡിനായി അനുവദിച്ച പണം അതിനായി വിനിയോഗിക്കാതെ 73 കോടി രൂപയോളം വകമാറ്റി ചെലവഴിച്ചു എന്നുള്ള സമിതിയുടെ പരാമർശത്തിന്, പ്രസ്തുത പദ്ധതിക്കായി ആകെ 25 കോടി രൂപ മാത്രമാണ് അനുവദിച്ചതെന്നും അതിൽ 14 കോടി രൂപ ചെലവഴിച്ചാണ് നിലവിലുള്ള റോഡ് 4 വരി ആയി വികസിപ്പിച്ചതെന്നും ഫേസ് II-ൽ എച്ച്.എം.റ്റി. മുതൽ എൻ.എ.ഡി. വരെയുള്ള റോഡിന് ഭൂമി ഏറ്റെടുക്കലിനായി 98 കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഡെപ്യൂട്ടി ജനറൽ മാനേജർ അറിയിച്ചു.

ചങ്ങനാശ്ശേരിയിലുള്ള ഫ്ലൈഓവർ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന്, ഡി.പി.ആർ. തയ്യാറാക്കാനാവശ്യമായ പണം ആവശ്യപ്പെട്ട് പി.ഡബ്ല്യു.ഡി.-ക്ക് കത്ത് നൽകിയിരുന്നുവെന്നും ഭരണാനുമതി ഇതുവരെ ലഭിച്ചിട്ടില്ലെന്നും വർക്ക് ഇതുവരെ ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിച്ചിട്ടില്ലെന്നും ഡെപ്യൂട്ടി ജനറൽ മാനേജർ അറിയിച്ചു.

കിഫ്ബിയുടെ കീഴിൽ പ്രോജക്ട് മാനേജ്മെന്റ് ഏജൻസി എന്ന നിലയ്ക്ക് ഏറ്റെടുക്കുവാൻ പോകുന്ന വർക്കുകൾക്കുള്ള ഫീസ് ലഭിക്കുന്നത് മാത്രമാണ് ആർ.ബി.ഡി.സി.കെ. യുടെ ഇപ്പോഴുള്ള ഒരേയൊരു വരുമാന മാർഗ്ഗമെന്നും ഡി.പി.ആർ. തയ്യാറാക്കാനുള്ള തുക പോലും കണ്ടെത്തേണ്ടതുണ്ടെന്നും ഡി.പി.ആർ. സമർപ്പിക്കുമ്പോൾ തന്നെ അതിനു ചെലവായ തുകയും ആവശ്യപ്പെടുന്നുണ്ടെങ്കിലും കിഫ്ബിയിൽ നിന്നും ആയത് ഇതുവരെ ലഭിച്ചിട്ടില്ലെന്നും ആർ.ബി.ഡി.സി.കെ. എം.ഡി. പരാമർശിച്ചപ്പോൾ കിഫ്ബിയിൽ നിന്നും കോർപ്പറേഷന് ആവശ്യമായ പണം അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

സമിതിയോഗം ഉച്ചയ്ക്ക് 12.30-ന് അവസാനിച്ചു. തുടർന്ന് സമിതി ആർ.ബി.ഡി.സി.കെ. പുതുതായി ഓഫീസ് കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന കാക്കനാട് സന്ദർശിച്ചു. സന്ദർശനം ഉച്ചയ്ക്ക് 1 മണിക്ക് അവസാനിച്ചു

## 7-3-2017-ലെ യോഗനടപടികുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2017 മാർച്ച് മാസം 7-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം 3.25-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ഗതാഗതവകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. വി. അബ്ദുറഹിമാൻ, എം. എൽ. എ.
2. ശ്രീ. ജോൺ ഫെർണാണ്ടസ്, എം. എൽ. എ.
3. ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ.
4. ശ്രീ. വി. ആർ. സുനിൽ കുമാർ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവി അമ്മ എസ്സ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. കെ. ആർ ജ്യോതിലാൽ, സെക്രട്ടറി, ഗതാഗതവകുപ്പ്
2. ശ്രീ. അനന്തകൃഷ്ണൻ, കമ്മീഷണർ, ഗതാഗതവകുപ്പ്
3. ശ്രീ. എൻ. ഹരി, സ്പെഷ്യൽ സെക്രട്ടറി, ഗതാഗതവകുപ്പ്

4. ശ്രീ.സുരേഷ് ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

5. ശ്രീ. തോമസ്കുട്ടി സെബാസ്റ്റ്യൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

സമിതി 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബിൽ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

നിലവിലുള്ള നിയമത്തിന്റെ പിൻബലമില്ലാതെ മുൻകാലപ്രാബല്യത്തിൽ ഒരു സിവിൽ നിയമം നിലവിൽ കൊണ്ടുവരുവാൻ സാധിക്കുമോ എന്നും ബില്ലിലെ വ്യവസ്ഥകൾ നിയമപ്രകാരവും കോടതി വിധികളുടെ അടിസ്ഥാനത്തിലും നിലവിൽ നിൽക്കുന്നതാണോ എന്നുള്ള സമിതിയുടെ സംശയത്തിന് നികുതി പിരിച്ചിരുന്നതിനെ സാധൂകരിക്കുന്നതിനായാണ് ആക്ട് കൊണ്ടുവരുന്നതെന്നും അതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടെന്ന് ഹൈക്കോടതി വിധിയിൽ പരാമർശിച്ചിട്ടുണ്ടെന്നും ഗതാഗതവകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു.

വാഹനങ്ങളുടെ ക്രയമൂല്യം കണക്കാക്കുമ്പോൾ മൂല്യവർദ്ധിത നികുതി, സെസ്സ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവകൂടി ഉൾപ്പെടുത്തിയതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ, വാഹനവിലയോടൊപ്പം മറ്റ് നികുതികൾ ഉൾപ്പെടുത്താൻ പാടില്ലെന്ന് ഹൈക്കോടതി വിധിച്ചുവെന്നും 2007 മുതൽ 2014 വരെ വാഹനനികുതി ഈടാക്കുന്നതിനായി വാഹനങ്ങളുടെ ക്രയമൂല്യം കണക്കാക്കിയിരുന്നത് മൂല്യവർദ്ധിത നികുതി, സെസ്സ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവ കൂടി ഉൾപ്പെടുത്തിയായിരുന്നുവെന്നും പ്രസ്തുത വിധി നടപ്പാക്കിയാൽ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക ബന്ധപ്പെട്ട കക്ഷികൾക്ക് തിരികെ നൽകേണ്ട സാഹചര്യമുണ്ടാകുമെന്നും ആക്ടിൽ മാറ്റം വരുത്തുമെന്ന സർക്കാരിന്റെ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് ഹൈക്കോടതി സ്റ്റേ അനുവദിച്ചതെന്നും അപ്രകാരം നികുതി പിരിച്ചതിന് സാധൂകരണം നൽകുന്നതിനായാണ് ഈ ബിൽ കൊണ്ടുവരുന്നതെന്നും ബഹു.ഗതാഗത വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു. തുടർന്ന് സമിതി 2016-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ബില്ലിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തുന്നതിന് തീരുമാനിച്ചു:

<u>പീഠിക</u>

പീഠികയിലെ രണ്ടാം ഖണ്ഡികയിൽ "അറുപത്തിയേഴാം" എന്ന വാക്കിനുപകരം "അറുപത്തിയെട്ടാം" എന്ന വാക്ക് ചേർക്കുക.

<u>1-ാം ഖണ്ഡം</u>

1-ാം ഖണ്ഡത്തിലെ 1-ാം ഉപഖണ്ഡത്തിൽ "2016" എന്ന അക്കങ്ങൾക്കുപകരം "2017" എന്ന അക്കങ്ങൾ ചേർക്കുക.

2-ാം ഖണ്ഡം

2-ാം ഖണ്ഡത്തിലെ പ്രാരംഭ വാചകത്തിൽ "മോട്ടോർവാഹനങ്ങളിന്മേൽ നിർണ്ണയിച്ചതോ ചുമത്തിയതോ പിരിച്ചെടുത്തതോ പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണെന്ന് കരുതികൊണ്ട്" എന്നീ വാക്യങ്ങൾക്ക പകരം " പ്രസ്തുത ആക്ടിലെ 2-ാം വകുപ്പ് (ഇ) ഖണ്ഡപ്രകാരം മോട്ടോർ വാഹനങ്ങളിന്മേൽ നിർണ്ണയിച്ചതോ ചുമത്തിയതോ പിരിച്ചെടുത്തതോ പ്രസ്തുത ഖണ്ഡപ്രകാരമാണെന്ന് കരുതിക്കൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ, എം. എൽ. എ. ബിൽ സംബന്ധിച്ച വിയോജിപ്പ് രേഖപ്പെടുത്തി.

സമിതിയോഗം ഉച്ചയ്ക്കുശേഷം 3.40-ന് പിരിഞ്ഞു.

## 27-3-2017-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2017 മാർച്ച് മാസം 27-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ തുറമുഖവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ.വി. അബ്ദുറഹിമാൻ, എം.എൽ.എ.
2. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
3. ശ്രീ. വി.ആർ. സുനിൽ കുമാർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എ. ഷൈല, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രമാദേവിഅമ്മ എസ്., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സുബ്രതാ ബിശ്വാസ്, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്

3. ശ്രീ. അജിത് പാട്ടീൽ, ഡയറക്ടർ, തുറമുഖ വകുപ്പ്

4. ശ്രീ. എ. എം. ജാഫർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

5. ശ്രീ. ജെ. രവീന്ദ്രൻ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

6. ശ്രീ. പി. കെ. സതീശൻ, ചീഫ് എഞ്ചിനീയർ (റോഡ്സ് & ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്

7. ശ്രീ. കെ. പി. പ്രഭാകരൻ, ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്

8. ശ്രീ. കെ. സുന്ദരൻ, ചീഫ് എഞ്ചിനീയർ (ഡിസൈൻ & അഡ്മിനിസ്ട്രേഷൻ), പൊതുമരാമത്ത് വകുപ്പ്

9. ശ്രീ. പി. എ. ഹാഷിം, മാനേജിംഗ് ഡയറക്ടർ, ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ്

10. ശ്രീ. പി.ആർ. സന്തോഷ് കുമാർ, മാനേജിംഗ് ഡയറക്ടർ, പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ്

11. ശ്രീമതി എം. പെണ്ണമ്മ, മാനോജിംഗ് ഡയറക്ടർ, റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ്

12. ശ്രീ. സുഭാഷ് ജോൺ മാത്യു, സെക്രട്ടറി, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ്

13. ശ്രീ. പി. സി. ഹരികേഷ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള റോഡ്ഫണ്ട് ബോർഡ്

14. ശ്രീമതി റ്റി. കാഞ്ചന, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്

15. ശ്രീ. കെ. ശശി, സീനിയർ ഫിനാൻസ് ഓഫീസർ, (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

16. ശ്രീ. റ്റി. കൃഷ്ണൻ, സീനിയർ ഫിനാൻസ് ഓഫീസർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്

17. ശ്രീ. പി. ജെ. ജോസഫ്, സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ് & ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്

18. ശ്രീ. റെജി ജോൺ, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്.

സമിതി, 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ XV (പൊതുമരാമത്ത്), XL (തുറമുഖങ്ങൾ), എന്നിവയുടെ കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XV—പൊതുമരാമത്ത്

പൊതുമരാമത്ത് വകുപ്പിൽ റോഡ്സ് ആന്റ് ബ്രിഡ്ജസ്, നാഷണൽ ഹൈവേ, ബിൽഡിംഗ്സ് എന്നിങ്ങനെ മൂന്ന് ഡിവിഷനുകളും XV എന്ന ധനാഭ്യർത്ഥനയിൽ 2059-പൊതുമരാമത്ത്, 3054-ദേശീയപാത റോഡുകളും പാലങ്ങളും, 4059-പൊതുമരാമത്ത് കെട്ടിടവിഭാഗം, 5054-ദേശീയപാത റോഡുകളും പാലങ്ങളും എന്നിങ്ങനെ നാല് ഹെഡ് ഓഫ് അക്കൗണ്ടുകളുമാണ് ഉള്ളതെന്ന് പൊതുമരാമത്ത് അഡീഷണൽ ചീഫ് സെക്രട്ടറി ആമുഖമായി സമിതിയെ അറിയിച്ചു.

1. 2059-01-051—<u>പൊതുമരാമത്ത്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം</u>

കേരള നിയമസഭ, നീതിന്യായനിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വില്പനനികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കും ഇൻവെസ്റ്റിഗേഷൻ വർക്കുകൾക്കുമുള്ള തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ <u>ഈ ശീർഷകത്തിൽ 4.4099 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

2. 2059-01-053—<u>പൊതുമരാമത്ത്-ഓഫീസ് കെട്ടിടങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും</u>

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും സെക്രട്ടേറിയറ്റിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 21.063 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

3. 2059-60-051—<u>പൊതുമരാമത്ത്-മറ്റു കെട്ടിടങ്ങൾ-നിർമ്മാണം</u>

വി.ഐ.പി. വിസിറ്റുമായി ബന്ധപ്പെട്ട വർക്കുകൾക്ക് ആവശ്യം വരുന്ന തുക ഈ ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നീതിന്യായ നിർവ്വഹണം, ഭൂനികുതി രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പന നികുതി തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള ചെറുകിട മരാമത്ത് പണികൾ, കേരളാഹൗസ് ന്യൂഡൽഹിയിലെ പണികൾ എന്നിവയ്ക്കും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 18.285 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

4. 2059-60-053—പൊതുമരാമത്ത്-മറ്റു കെട്ടിടങ്ങൾ- സംരക്ഷണവും അറ്റകുറ്റപണികളും

നീതിന്യായ നിർവ്വഹണം, ഭൂനികുതി രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വില്പന നികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും തിരുവനന്തപുരം നഗരത്തിലുള്ള മറ്റ് സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 25.9012 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5. 2059-80-001-99 (01)—പൊതുമരാമത്ത്-ജനറൽ - ഭരണവും നടത്തിപ്പും-നടത്തിപ്പ് (ചീഫ് എഞ്ചിനീയർ കെട്ടിടങ്ങളും ലോക്കൽ പണികളും)

(02)-നടത്തിപ്പ് (ചീഫ് ആർക്കിടെക്ട്, പൊതുമരാമത്ത്)

കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ശമ്പളം, ചീഫ് ആർക്കിടെക്റ്റിന്റെയും ജീവനക്കാരുടെയും ശമ്പളം തുടങ്ങിയവയ്ക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ടൂർ റ്റി.എ., പി.ഒ.എൽ., മറ്റ് ഇനങ്ങൾ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും എന്നിവയിൽ 1.015 കോടി രൂപയും ചീഫ് ആർക്കിടെക്റ്റിന്റെയും ജീവനക്കാരുടെയും ശമ്പളവും എന്ന ശീർഷകത്തിൽ 3.56 ലക്ഷം രൂപയും, അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

6. 2059-80-001-98—പൊതുമരാമത്ത്-ജനറൽ-ഭരണവും നടത്തിപ്പും-മേൽനോട്ടം

കെട്ടിട വിഭാഗത്തിലെ ജുഡീഷ്യൽ സർക്കിൾ എറണാകുളം ഉൾപ്പെടെ നാല് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ശമ്പളം തുടങ്ങിയവ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ടൂർ റ്റി.എ., പി.ഒ.എൽ. മറ്റ് ഇനങ്ങൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.052 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

7. 2059-80-001-97—പൊതുമരാമത്ത് - ജനറൽ - ഭരണവും നടത്തിപ്പും-നിർവ്വഹണം

കെട്ടിട വിഭാഗത്തിന് കീഴിലുള്ള 19 ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, ജീവനക്കാരുടെയും ശമ്പളം, പൊതുമരാമത്ത് റസ്റ്റ്ഹൗസ് ജീവനക്കാരുടെ ശമ്പളം, ലെജിസ്ലേച്ചർ കോംപ്ലക്സിലേക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളം എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ടെലഫോൺ ചെലവ്, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി.ഒ.എൽ. എന്നിവയ്ക്കായി 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

8. 2059 -80-052—പൊതുമരാമത്ത് - ജനറൽ -യന്ത്രോപകരണങ്ങൾ

പുതിയ സപ്ലൈകൾ, വാഹനങ്ങൾ, അറ്റകുറ്റപണികൾ മുതലായവയ്ക്കായി ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

9. 2059 -80 -053—പൊതുമരാമത്ത് - ജനറൽ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും രാജ്ഭവൻ സജ്ജീകരിക്കലും, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 25.8698 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

10. 2059 -80 -799—പൊതുമരാമത്ത് - ജനറൽ - സസ്പെൻസ്

സ്റ്റോക്ക്, പലവക മുൻകൂറുകൾ തുടങ്ങിയ സസ്പെൻസ് ഹെഡുകളിലെ വിഹിതം ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ 14,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

11. 3054-01-001-99—റോഡുകളും പാലങ്ങളും - നാഷണൽ ഹൈവേയ്സ് - ഭരണവും നടത്തിപ്പും - ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയ തുക പര്യാപ്തമല്ല. എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. ഈ ശീർഷകത്തിൽ യാത്രാബത്ത എന്നീ ഇനങ്ങൾക്കായി 23.50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

12. 3054-01-001-98—റോഡുകളും പാലങ്ങളും -നാഷണൽ ഹൈവേയ്സ്-ഭരണവും നടത്തിപ്പും - മേൽനോട്ടവും നിർവ്വഹണവും

ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ, എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ തുടങ്ങിയവ ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപന്റുകളും, ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വെള്ളക്കരം, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങൾക്കായി 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

13. 3054-01-337-99—റോഡുകളും പാലങ്ങളും- നാഷണൽ ഹൈവേ -റോഡുപണികൾ- സംസ്ഥാനത്തിനകത്തുള്ള ദേശീയപാതയിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ

സംസ്ഥാനത്തിനകത്തുള്ള ദേശീയപാതകളിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

14. 3054-01-800-99—റോഡുകളും പാലങ്ങളും-നാഷണൽ ഹൈവേയ്സ് - മറ്റു ചെലവുകൾ-മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന ഹൈവേകളിൽ ധാരാളം അപകടങ്ങൾ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾ ഈ ഭാഗത്ത് ആവശ്യമായി വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4.65 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

15. 3054-03-103-98—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേയ്സ്-സംരക്ഷണവും അറ്റകുറ്റപ്പണികളും- സംസ്ഥാന ഹൈവേകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യകമ്മീഷൻ ശിപാർശ)

13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടുന്നതിനും പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിനുവേണ്ടിയും ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

16. 3054-03-337-99—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ-റോഡുപണികൾ - സാധാരണ അറ്റകുറ്റപ്പണികൾ.

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും ബിറ്റുമിന്റെ വില നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

17. 3054-03-337-98—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും 20% റോഡുകളുടെ ഉപരിതലം പുതുക്കൽ ജോലികൾ ഏറ്റെടുക്കാനുമായി ഇപ്പോൾ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 150 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18. 3054-03-337-97—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ ഗതാഗത സൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പ്രത്യേക അറ്റകുറ്റ പണികൾക്ക വേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

19. 3054-03-337-96—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ വെള്ളപ്പൊക്ക കെട്ടുതികളുടെ അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റോഡുകളിലെ വെള്ളപ്പൊക്കക്കെട്ടുതികളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 250 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

20. 3054-03-337-95—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡ് പണികൾ - വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്/ സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ

വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ എന്നിവയ്ക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

വി.വി.ഐ.പി.കളുടെ സന്ദർശനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 8 കോടി രൂപ സ്വകാര്യ സ്ഥാപനങ്ങൾക്ക് നല്കിയിട്ടുണ്ടെന്നും ഓഡിറ്റിന്റെ പരിധിയിൽ ഉൾപ്പെടാതെ അമ്പലങ്ങളിലെ ഉത്സവം തുടങ്ങിയ ന്യായമായ ആവശ്യങ്ങൾക്ക് തുക അനുവദിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. കൂടാതെ, മഴക്കാല പൂർവ്വ നവീകരണ പ്രവർത്തനങ്ങൾക്ക് അധിക തുക വകയിരുത്തിയിട്ടുണ്ടോ എന്ന സമിതിയുടെ അന്വേഷണത്തിന്, ആയതിന് അധിക തുക ആവശ്യമില്ല എന്ന് വകപ്പ് സമിതിയെ അറിയിച്ചു.

21. 3054-03-337-94—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക്

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

22. 3054-03-337-93—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - ശബരിമല വർക്കുകൾ

ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും ഈ വർഷത്തെ പണി ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 60 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

23. 3054-04-105-98—റോഡുകളും പാലങ്ങളും - ജില്ലാതല റോഡുകളും മറ്റു റോഡുകളും സംരക്ഷണവും അറ്റകുറ്റപ്പണികളും - സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യ കമ്മീഷൻ ശിപാർശ)

പ്രധാന ജില്ലാതല റോഡുകളുടെ അറ്റകുറ്റ പണികൾക്കുവേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടുവാനുള്ള പ്രസ്തുത ശീർഷകത്തിൽ പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിന് വേണ്ടി 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

24. 3054-80-001-99—റോഡുകളും പാലങ്ങളും-ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ്

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെയും, കെഎസ്ടിപി ഓഫീസിലെ ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. പ്രസ്തുത ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികൾക്കുമായി 2 ലക്ഷം രൂപയും, പി.ഒ.എൽ. ഇനത്തിൽ 1 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

25. 3054-80-001-98—റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും-മേൽനോട്ടം

റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സർക്കിൾ ഓഫീസുകളിലെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികൾക്കുമായി 3 ലക്ഷം രൂപയും, പിഒഎൽ ഇനത്തിൽ 3 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

26. 3054-80-001-97—റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും- നിർവ്വഹണം

ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 5.00 ലക്ഷം രൂപയും, വൈദ്യുതി ചെലവിന് 5.00 ലക്ഷം രൂപയും, ടെലിഫോൺ ചെലവിന് 10.00 ലക്ഷം രൂപയും, മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റ പണികൾക്ക് 10.00 ലക്ഷം രൂപയും, പിഒഎൽ ഇനത്തിൽ 10.00 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

27. 3054-80-004-99—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 25,000 രൂപയും, വൈദ്യുതി ചെലവിന് 2.00 ലക്ഷം രൂപയും, ടെലഫോൺ ചെലവിന് 2.00 ലക്ഷം രൂപയും, പിഒഎൽ ഇനത്തിന് 1.00 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

28. 3054-80-004-98—റോഡുകളും പാലങ്ങളും - ജനറൽ -ഗവേഷണവും പരിഷ്കരണവും പബ്ലിക് വർക്ക് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആൻഡ് റിസർച്ച് ബോർഡ്

ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും നിർവഹിക്കുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 2.00 ലക്ഷം രൂപയും, പി ഒ എൽ ഇനത്തിൽ 1.00 ലക്ഷം രൂപയും, ഓഫീസ് ചെലവിന് 2.00 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

29. 3054-80-107-97—റോഡുകളും പാലങ്ങളും - ജനറൽ -റെയിൽവേ സുരക്ഷിതത്വ പണികൾ -കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നൽകേണ്ട കടിശ്ശിക തുക ഏകദേശം 5 കോടി രൂപയാണ്. ദക്ഷിണ റെയിൽവേയ്ക്ക് നൽകുവാനുള്ള കടിശ്ശിക കൂടി കണക്കിലെടുത്ത് നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

30. 3054-80-800-95—റോഡുകളും പാലങ്ങളും - ജനറൽ -മറ്റ് ചെലവുകൾ-റോഡ് സുരക്ഷിതത്വ പണികൾ.

റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വ ചാലുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

31. 3054-80-800-94 (03)—റോഡുകളും പാലങ്ങളും-ജനറൽ-മറ്റ് ചെലവുകൾ-മറ്റുള്ളവ വാഹന ഗതാഗതത്തിനായി സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനും

വാഹന ഗതാഗതത്തിനായി സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

32. 4059-01-051-99—പൊതുമരാമത്ത് മൂലധനചെലവ്-ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സംസ്ഥാന നിയമസഭ

കേരള നിയമസഭയുടെ നവീകരണ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

33. 4059-01-051-98—പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - നീതിന്യായനിർവ്വഹണം

ഹൈക്കോടതി, കോടതി സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണപണികൾക്കായി 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

34. 4059-01-051-97—പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ഇലക്ഷൻ

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

35. 4059-01-051-96-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ഭൂനികുതി - വൻകിട മരാമത്തു പണികൾ

ഭൂനികുതിവകുപ്പിലെ പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

36. 4059-01-051-95—പൊതുമരാമത്ത് മൂലധനചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം - മുദ്രപത്രങ്ങൾ, രജിസ്ട്രേഷൻ

ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

37. 4059-01-051-94—പൊതുമരാമത്ത് മൂലധനചെലവ്-ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം-ഭൂനികുതി-സ്റ്റേറ്റ് എക്സൈസ്

എറണാകുളം എക്സൈസ് കോംപ്ലക്സ്, ശാസ്താംകോട്ട, തങ്കമണി, കുട്ടനാട് ഓഫീസുകൾ ഉൾപ്പെടെ പല മേജർ പണികളും പൂർത്തിയാക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

38. 4059-01-051-93-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - വിൽപ്പന നികുതി - വൻകിട മരാമത്തു പണികൾ

കണ്ണൂർ, മഞ്ചേശ്വരം, കോട്ടയം എന്നിവിടങ്ങളിൽ വാണിജ്യനികുതി വകുപ്പിന്റെ പുതിയ കെട്ടിടങ്ങളുടെ പണി ഏറ്റെടുക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 0.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

39. 4059-01-051-92-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പബ്ലിക് സർവ്വീസ് കമ്മീഷൻ - വൻകിട മരാമത്തു പണികൾ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന പണികൾ ഏറ്റെടുക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

40. 4059-01-051-91-16—പൊതുമരാമത്ത് മൂലധനചെലവ് -ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം--സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ് - വൻകിട മരാമത്തുപണികൾ

സെക്രട്ടേറിയറ്റിലെ പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

41. 4059-01-051-90-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - ട്രഷറിയും അക്കൗണ്ടുഭരണവും - വൻകിട മരാമത്തു പണികൾ

ട്രഷറിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

42. 4059-01-051-89-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - പോലീസ് - വൻകിട മരാമത്ത് പണികൾ

ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 25 ലക്ഷം രൂപ മതിപ്പുചെലവിൽ തലയോലപ്പറമ്പ് സ്റ്റേഷന്റെ പണിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല ഓഫീസുകളുടെയും പണി ചെയ്യാനുള്ളതിനാലും ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധന പുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

43. 4059-01-051-88-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - ജയിൽ - വൻകിടമരാമത്തുപണികൾ

ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

44. 4059-01-051-87-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - സ്റ്റേഷനറിയും അച്ചടിയും - വൻകിടമരാമത്തു പണികൾ

സ്റ്റേഷനറി അച്ചടി വകുപ്പിന്റെ പണികൾക്ക് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

45. 4059-01-051-86-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം - പൊതുമരാമത്ത് പണികൾ (സിവിൽജോലികൾ) വൻകിട മരാമത്ത് പണികൾ

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള അടങ്കലാണിത്. 55 പണികൾക്കായി 160.60 കോടി രൂപയുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല പണികളും പുരോഗതിയിലായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും പണികൾ പൂർത്തീകരിക്കാനും ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

46. 4059-01-051-85-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - അഗ്നി പ്രതിരോധവും നിയന്ത്രണവും -വൻകിട മരാമത്തു പണികൾ

വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിന് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

47. 4059-01-051-84-16—പൊതുമരാമത്ത് മൂലധന ചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം - പൊതുജനാരോഗ്യം-വൻകിട മരാമത്ത് പണികൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

48. 4059-01-051-83-16—പൊതുമരാമത്ത് മൂലധന ചെലവ്-ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - രാജ്ഭവൻ-മരാമത്ത്പണികൾ

രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഈ പുതിയ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

49. 4059-01-051-82-16—പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്-വൻകിട മരാമത്ത് പണികൾ

പ്ലാനിഗ് ബോർഡിന്റെ വിവിധ നവീകരണ ജോലികൾക്കായി തുക വകയിരുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

50. 4059-01-051-75-16—പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - വാണിജ്യ നികുതി വകുപ്പ് - വൻകിട മരാമത്തു പണികൾ

വാണിജ്യ നികുതി വകുപ്പിന്റെ പണികൾക്കായി ഉൾപ്പെടുത്തിയ ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ച തുക പര്യാപ്തമാണ്. എന്നാൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

51. 4059-01-051-72—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - വില്ലേജ് ഓഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

വില്ലേജ് ഓഫീസുകൾക്കുള്ള ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

52. 4059-01-051-71-16—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം - മാന്ദ്യ വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്ത് പണികൾ (കെട്ടിടങ്ങൾ) - വൻകിട മരാമത്തുപണികൾ

മാന്ദ്യവിരുദ്ധ പാക്കേജിലെ പണികൾ വളരെ പുരോഗതിയിലാണെന്നും ഇതിൽ എല്ലാ വകുപ്പുകളിലേയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്നുവെന്നും സമിതി മനസ്സിലാക്കുന്നു ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

53. 4059-01-051-68—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പ്രോസിക്യൂഷൻ ജനറൽ ഓഫീസ്

പ്രോസിക്യൂഷൻ ജനറൽ ഓഫീസ് കെട്ടിടങ്ങൾക്കു വേണ്ടിയുള്ള ഈ ശീർഷകത്തിൽ തുകയൊന്നും വകിയിരുത്തിയിട്ടില്ലാത്തതിനാൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

54. 4059-01-051-67—പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം

സർക്കാരിന്റെ കീഴിലുള്ള പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിനായുള്ള ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

55. 4059-60-051-88-16—പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം - ജയിൽ - വൻകിട മരാമത്തുപണികൾ.

ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തുക ഒന്നുംതന്നെ വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകുവാനുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

56. 4059-60-051-86-16—പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ-നിർമ്മാണം പൊതുമരാമത്ത് പണികൾ (സിവിൽ പണികൾ) - വൻകിട മരാമത്തുപണികൾ

സംസ്ഥാനത്ത് വിവിധ റസ്റ്റ് ഹൗസുകളുടേയും മറ്റുകെട്ടിടങ്ങളുടേയും പണികൾക്ക് നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ നടന്നുകൊണ്ടിരിക്കുന്ന പണികൾക്കും ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകാനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

57. 4059-60-051-83-16—പൊതുമരാമത്ത് മൂലധനചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം - രാജ് ഭവൻ - വൻകിട മരാമത്തു പണികൾ

രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി റിവൈസ്ഡ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഈ പുതിയ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2016-17-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ എത്ര ശതമാനം ചെലവഴിച്ചു എന്നുള്ള സമിതിയുടെ അന്വേഷണത്തിന് കഴിഞ്ഞവർഷം വകയിരുത്തിയിരുന്ന 350 കോടി രൂപയിൽ പ്ലാൻ ഇനത്തിൽ 127 ശതമാനവും നോൺ പ്ലാൻ ഇനത്തിൽ 95 ശതമാനവും ചെലവഴിച്ചുവെന്ന് പൊതുമരാമത്ത് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ വർഷം പൊതുമരാമത്ത് വകുപ്പ് (കെട്ടിടവിഭാഗം) ഏറ്റെടുത്തിട്ടുള്ള പ്രധാന നിർമ്മാണപ്രവർത്തനങ്ങളിൽ മെഡിക്കൽ കോളേജുകളുടെ കെട്ടിടം പണിയുന്നതുമായി ബന്ധപ്പെട്ടുള്ള പ്രൊപ്പോസൽ നല്കിയിട്ടില്ലേ എന്ന സമിതിയുടെ അന്വേഷണത്തിന്, മെഡിക്കൽ കോളേജ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പിന്റെ ബഡ്ജറ്റ് ഹെഡിലാണ് വരുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന ആലുവ, മൂന്നാർ, ശബരിമല എന്നിവിടങ്ങളിലെ ഗവ. റസ്റ്റ്ഹൗസുകളുടെ നിലവിലെ അവസ്ഥയെന്താണെന്ന് അന്വേഷിച്ച സമിതി, മൂന്ന് റസ്റ്റ്ഹൗസുകളും തിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ എന്നിവരുമായി ചർച്ച ചെയ്ത് വിശദമായ സത്യവാങ്മൂലം സമർപ്പിക്കണമെന്നും പാട്ടഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കരാറിൽ വ്യവസ്ഥയുണ്ടോയെന്ന് പരിശോധിക്കണമെന്നും അപ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ

അതിന് അനുമതി നൽകിയതാരെന്ന് കണ്ടെത്തണമെന്നും സമിതി നിർദ്ദേശിച്ചു. കൂടാതെ പി.ഡബ്ള്യു.ഡി. മാനുവലിൽ പറയുംവിധം റസ്റ്റ്ഹൗസുകൾ സംരക്ഷിക്കണമെന്നും മരാമത്ത് പണികൾ ചെയ്യുന്നതിന് അധികതുക ആവശ്യമാണെങ്കിൽ അപ്രകാരം ആവശ്യപ്പെടണമെന്നും നിലവിലുള്ള ആസ്തികൾ സംരക്ഷിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു റസ്റ്റുഹൗസുകളുടെ സംരക്ഷണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും സമിതി യോഗം തീരുമാനിച്ചു

58. 4059-60-051-77-16—പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം-വൻകിട മരാമത്തു പണികൾ (കെട്ടിടങ്ങൾ)

നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

59. 4059-60-051-69—പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ -നിർമ്മാണം ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യവികസനം (കോടതി കെട്ടിടങ്ങൾ, ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം - 60 % കേന്ദ്ര വിഹിതം)

60% കേന്ദ്ര സഹായം ഉള്ള ഈ പുതിയ ശീർഷകത്തിൽ വകയിരുത്തിയ തുക കോടതി കെട്ടിടങ്ങളുടെ പണികൾക്കു അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

60. 4059-80-051-78-16—പൊതുമരാമത്ത് മൂലധനചെലവ് -ജനറൽ - നിർമ്മാണം-സൈനിക സ്കൂൾ - വൻകിട മരാമത്തു പണികൾ

സൈനിക സ്കൂളിനായി പുതിയതായി തുടങ്ങിയ ഈ ശീർഷകത്തിൽ ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

61. 5054-01-337-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് -നാഷണൽ ഹൈവേകൾ - റോഡു പണികൾ - നാഷണൽ ഹൈവേ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന്

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടേയും സേവന റോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കുറ്റിപ്പുറം - പുതുപൊന്നാനി റോഡ് താഴെചൊവ്വാഭാഗത്തെ വീതികൂട്ടൽ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിച്ചെങ്കിലും ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനിവാര്യമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

62. 5054-01-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - നാഷണൽ ഹൈവേകൾ - റോഡുപണികൾ - ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം-വൻകിടമരാമത്തു പണികൾ.

നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടെയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിൽ അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനാൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ അനിവാര്യമായതിനാലും കരമന-കളിയിക്കാവിള ദേശീയ പാതയുടെ ഒന്നാം ഘട്ടം കരമന-പ്രാവച്ചമ്പലം റോഡ് വികസനത്തിന് 74 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് അതിന്റെ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഏകദേശം 35 കോടി രൂപ നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

63. 5054-01-337-96—റോഡുകളും പാലങ്ങളും നാഷണൽ ഹൈവേകൾ-റോഡ് പണികൾ - ദേശീയപാതയിലെ ബൈപാസ്സുകളുടെ നിർമ്മാണം

പുതിയ ബൈപ്പാസുകളുടെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് അധിക തുക അനുവദിക്കേണ്ടതായുണ്ട്. ദേശീയപാതാ വിഭാഗത്തിൽ വരുന്ന ബൈപ്പാസുകളുടെ നിർമ്മാണം ഉൾപ്പെടുത്തിയിരിക്കുന്ന ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

64. 5054-01-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് -നാഷണൽ ഹൈവേകൾ - റോഡുപണികൾ - കൊല്ലം - ആലപ്പുഴ ദേശീയപാത ബൈപ്പാസ് (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ)

കൊല്ലം, ആലപ്പുഴ ദേശീയപാത ബൈപ്പാസ് പ്രവൃത്തി പുരോഗമിക്കുന്നുവെന്നും സംസ്ഥാന വിഹിതം നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 210 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

65. 5054 -01-800 -99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്- നാഷണൽ ഹൈവേകൾ - മറ്റ് ചെലവുകൾ - ദേശീയ പാതയിലെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ

ദേശീയപാതയെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ പണികൾ കൂടുതലായി ചെയ്യേണ്ടതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

66. 5054-01-800-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്-നാഷണൽ ഹൈവേകൾ - മറ്റ് ചെലവുകൾ - ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിഹിതം

വിവിധ സ്ഥലങ്ങളിലെ റോഡുപണികൾക്കായി സ്ഥലം ഏറ്റെടുത്ത വകയിൽ (എൽ.എ.ആർ. കേസ്സ്) തുക നൽകുന്നതിലേക്കായി 20 കോടി രൂപയും കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡ് വികസനത്തിന് 389 കോടി രൂപയും 2 മേൽപാലങ്ങളുടെ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി 115 കോടി രൂപയും ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 504 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

67. 5054-03-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാന പാതകൾ - പാലങ്ങൾ-പാലങ്ങളും കലുങ്കുകളും- വൻകിടമരാമത്തു പണികൾ

സംസ്ഥാന പാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിനും ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

68. 5054-03– 101-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാന പാതകൾ -പാലങ്ങൾ - നിയമസഭാമണ്ഡല ആസ്തി വികസനപദ്ധതികൾ - വൻകിട മരാമത്തു പണികൾ

നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. പുതിയ ജോലികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

69. 5054-03-337-98-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാന പാതകൾ -റോഡുപണികൾ - വികസനവും പരിഷ്കരണവും - വൻകിട മരാമത്തു പണികൾ

സംസ്ഥാന പാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്ക് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിനായി 46 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

70. 5054-03-337-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാനപാതകൾ - റോഡുപണികൾ - ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്

സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടെയും ഉപരിതല പുനരുദ്ധാരണത്തിന് അധികതുക വേണ്ടിവരുമെന്നതിനാൽ ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 16 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

71. 5054-04-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ പ്രധാന ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്തു പണികൾ

പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2016-17 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2017-18 വർഷം പുതിയ ഭരണാനുമതി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 108 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തീരദേശ, മലയോര ഹൈവേകളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കണമെന്നും കാസർകോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ ലഭ്യമായ സ്ഥലത്ത് ആഗസ്റ്റ് മാസത്തിൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നും ഓരോ ജില്ലയിലും കുറഞ്ഞത് ഒരു സ്കെച്ചെങ്കിലും തയ്യാറാക്കി കിഫ്ബിയിൽ വച്ച് പാസ്സാക്കി രണ്ട് പ്രവർത്തനങ്ങളും ഒരേ സമയം തുടങ്ങണമെന്നും അതിനായി വിദഗ്ദ്ധ എഞ്ചിനീയർമാരടങ്ങുന്ന ടീമിനെ ചുമതലപ്പെടുത്തി 4 മാസത്തിനകം എല്ലാ പ്രവർത്തനങ്ങളും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

72. 5054-04-101-98-16—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലംപണികൾ - മറ്റു ജില്ലാതല റോഡുകൾ, പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്ത് പണികൾ</u>

മറ്റു ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി ഈ ശീർഷകത്തിൽ നടപ്പ് വർഷം തുക വകയിരുത്തിയിട്ടില്ല. ബില്ലുകൾ കൊടുത്തുതീർക്കാനുള്ളതിനാൽ <u>ഈ ശീർഷകത്തിൽ 0.6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

73. 5054-04-101-95—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റ് റോഡുകളും പാലം പണികൾ - നിലവിലുള്ള പൂർത്തിയാകാത്ത പണികളുടെ പൂർത്തീകരണം - പാലങ്ങൾ</u>

വിവിധ കാരണങ്ങളാൽ പൂർത്തീകരണം മുടങ്ങിക്കിടക്കുന്ന പാലങ്ങളുടെ പണി പൂർത്തീകരണത്തിനുവേണ്ടിയുള്ള <u>ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

74. 5054-04-101-94—<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റുറോഡുകളും പാലം പണികൾ-ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം (പാലം)</u>

പാലങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനായി <u>ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.</u>

75. 5054-04-101-86—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ-മാന്ദ്യ-വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്തു പണികൾ (പാലങ്ങൾ)

കുടിശ്ശിക ബില്ലുകൾ കൊടുത്ത് തീർക്കുവാനും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

76. 5054-04-337-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും -വൻകിട മരാമത്തു പണികൾ

പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം എന്നിവയ്ക്കുള്ള തുക ഈ ശീർഷകത്തിൽ ഉൾപ്പെടുന്നു. 2016-17 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2017-18 വർഷം പുതിയ ഭരണാനുമതി നൽകാനുമായി 1000 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

77. 5054-04-337-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ-മറ്റു ജില്ലാതലറോഡുകൾ പുതിയ പണികൾ

നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 22 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

78. 5054-04-337-97—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ മറ്റു ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും

നടപ്പ് സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടില്ല. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

79. 5054-04-337-93—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - വല്ലാർപ്പാടം ടെർമിനൽ -കോഴിക്കോട് തീരദേശ ഇടനാഴി പൊന്നാനി വഴി

വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ മുതൽ കോഴിക്കോട് വരെ (പൊന്നാനി) വഴിയുള്ള തീരദേശ ഇടനാഴി വികസിപ്പിക്കുന്നതിനുവേണ്ടി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 90 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

80. 5054-04-337-92—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ-മലയോര ഹൈവേ

മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2013-14 വർഷം ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കാനായി ഈ ശീർഷകത്തിൽ 450 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

81. 5054-04-337-91-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റു റോഡുകളും -പാതകളുടെപണികൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം - വൻകിടമരാമത്തു പണികൾ

• തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡ് നിർമ്മാണം, പരിഷ്കരണം എന്നീ ജോലികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണ്. ഭരണാനുമതി ലഭിച്ച പണികൾക്കും പുതിയ ഭരണാനുമതി നൽകാനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

82. 5054-04-337-89-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്- ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ ശബരിമല റോഡ് പ്രോജക്ട്-വൻകിട മരാമത്തു പണികൾ

ശബരിമലയുടെ സമഗ്ര റോഡ് വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 27 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

83. 5054-04-337-83—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ-മാന്ദ്യ വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ- പൊതുമരാമത്ത് പണികൾ (പാതകൾ)

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി പ്ലാൻ ഇനത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

84. 5054-04-337-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ- മാന്ദ്യ വിരുദ്ധ ഉത്തേജകപാക്കേജിൻ കീഴിലുള്ള പദ്ധതികൾ- ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾ

ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയായുള്ള അറ്റകുറ്റപണികൾക്കുവേണ്ടി ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 11 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

85. 5054-04-337-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ-പൊന്നാനി വെങ്ങളം തീരദേശ ഹൈവേ നിർമ്മാണം

പൊന്നാനി വെങ്ങളം തീരദേശ ഹൈവേ നിർമ്മാണത്തിന് ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

86. 5054-04-337-80—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -ജില്ലാതല റോഡുകളും - മറ്റു റോഡുകളും - പാതകളുടെ പണികൾ - ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം

റോഡുകളുടെയും പാലങ്ങളുടെയും ഭൂമി ഏറ്റെടുത്ത ശേഷം കോടതിവിധി പ്രകാരം നഷ്ടപരിഹാരം നൽകാൻ വേണ്ടി തുടങ്ങിയ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

87. 5054-05-101-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്- സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ- പാലങ്ങൾ- സി.ആർ.എഫ്. പാലങ്ങൾ (സാധാരണ വിഹിതം)

ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ദേശീയ പാതാ വിഭാഗത്തിന്റെ പാലങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നതിലേക്കായി 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

88. 5054-05-337-97-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ - റോഡുപണികൾ - സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)-വൻകിട മരാമത്ത് പണികൾ

കേന്ദ്ര സഹായത്തോടുകൂടിയുള്ള വൻകിട മരാമത്ത് പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 200 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

89. 5054-80-004-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -ജനറൽ - ഗവേഷണം - ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും

പുതുതായി സ്ഥാപിച്ച ജില്ലാ/മേഖലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകൾക്കും KHRI-ലെ ക്വാളിറ്റി കൺട്രോൾ യൂണിറ്റിനും ഗവേഷണ പ്രവർത്തനങ്ങൾക്കും ക്വാളിറ്റി കൺട്രോൾ വിംഗിനുവേണ്ടി മൊബൈൽ ക്വാളിറ്റി കൺട്രോൾ വാൻ വാങ്ങുന്നതിനുമായി 322.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

90. 5054-80-190-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - പൊതുമേഖലാസ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം - പ്രതീക്ഷാ ബസ്ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനിക്കുള്ള സഹായം

പ്രതീക്ഷാ ബസ്ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനിക്കുള്ള സഹായത്തിനായി പുതിയ ശീർഷകം ഉൾപ്പെടുത്തി കമ്പനിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 94 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

91. 5054-80-190-97-66—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജനറൽ - പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം - ലിംഗ - സമത്വ - സ്ത്രീ - ശാക്തീകരണ നയ നിർവ്വഹണം - ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിനുള്ള സഹായം - ലിംഗ സമത്വ പദ്ധതി നിർവ്വഹണം

ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 1.18 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

92. 5054-80-337-90—റോഡുകളും പാലങ്ങളും-ജില്ലാതല റോഡുകളും മറ്റുറോഡുകളും-റോഡുപണികൾ-ഏഴിമല നാവിക അക്കാഡമിയിലേക്കുള്ള റോഡ്

ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

93. 5054-80-800-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - റെയിൽവേ സുരക്ഷിതത്വ പണികൾ

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

94. 5054-80-800-74—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -ജനറൽ - മറ്റ് ചെലവുകൾ - മേൽപ്പാലങ്ങളുടെ പൂർത്തീകരണം

റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കുവാനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

95. 5054-80-800-73—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -ജനറൽ - മറ്റ് ചെലവുകൾ - പുതിയ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ

പുതിയ റെയിൽവേ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കരമന, പാവങ്ങാട് ആർ. ഒ. ബി. കൾക്ക് ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട്. ആയതിനാൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

96. 5054-80-800-71—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - കൊച്ചിയിൽ സീ പോർട്ട് - എയർ പോർട്ട് റോഡിന്റെ നിർമ്മാണം

കൊച്ചിയിൽ സീപോർട്ട്-എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആരംഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും അടുത്ത ഭാഗത്തിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 112.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XL-തുറമുഖങ്ങൾ

ധനാഭ്യർത്ഥന നമ്പർ XL-തുറമുഖങ്ങൾ എന്ന ശീർഷകത്തിൽ തുറമുഖ വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ഹൈഡ്രോ ഗ്രാഫിക് സർവ്വേ വിഭാഗം എന്നിവ ഉൾപ്പെടുന്നുവെന്നും തുറമുഖ വകുപ്പിന് 117 കോടി രൂപയുടെ പ്ലാൻ ഫണ്ടും 16 കോടി രൂപയുടെ നോൺ പ്ലാൻ ഫണ്ടും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 14 കോടി രൂപയുടെ പ്ലാൻ ഫണ്ടും 31 കോടി രൂപയുടെ നോൺ പ്ലാൻ ഫണ്ടും ഹൈഡ്രോഗ്രാഫിക് സർവ്വേ ഡിപ്പാർട്ട്മെന്റിന് 410 കോടി രൂപയുടെ പ്ലാൻ ഫണ്ടും 778 കോടി രൂപയുടെ നോൺ പ്ലാൻ ഫണ്ടും 2017-18 ലെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നുവെന്ന് മത്സ്യബന്ധനവും തുറമുഖവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആമുഖമായി സമിതിയെ അറിയിച്ചു.

3051—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും

97. 3051-02-001-99—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-പോർട്ട് ഡയറക്ടറേറ്റ്

തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, വാടക, കരം, നികുതി തുടങ്ങിയ ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 6 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

98. 3051-02-101-99—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-നിർമ്മാണവും അറ്റകുറ്റപ്പണികളും-പോർട്ട് ഡിപ്പാർട്ട്മെന്റ്

തുറമുഖ വകുപ്പിനു കീഴിലുള്ള ഓഫീസ് കെട്ടിടങ്ങൾ, ഗോഡൗണുകൾ, സിഗ്നൽ സ്റ്റേഷനുകൾ, ക്വാർട്ടേഴ്സുകൾ, വർക്കുഷോപ്പുകൾ, സ്റ്റോറുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ടിയുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

99. 3051-02-102-99—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-തുറമുഖ കാര്യാന്വേഷണം-പോർട്ടാഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും

നീണ്ടകര, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ പോർട്ടോഫീസർമാരുടെ ഓഫീസുകളിലേയും മറ്റ് സബ് ഓഫീസുകളിലേയും ജീവനക്കാരുടെയും ടഗ്ഗുകൾ, ബാർജ്ജുകൾ, ക്രെയിനുകൾ എന്നിവയിലെ ജീവനക്കാരുടെയും ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവ്, ഓഫീസ് ചെലവ്, യന്ത്രോപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 1153.98/- ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 903.02 ലക്ഷം രൂപ മാത്രമാണ് വക കൊള്ളിച്ചിരിക്കുന്നത്. ഇന്ധന ചെലവ്, റ്റി.എ. ഇനത്തിൽ 2 ലക്ഷം രൂപയും ടെലഫോൺ ചാർജ്ജ് ഇനത്തിൽ 2.5 ലക്ഷം രൂപയും ഓവർടൈം അലവൻസ് നൽകുന്നതിന് 3 ലക്ഷം രൂപയും അധികമായി ആവശ്യമുള്ളതിനാൽ 7.5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

100. 3051-02-001-98—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും- ഹാർബർ എഞ്ചിനിയറിംഗ് ഡിപ്പാർട്ട്മെന്റ്

ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിൽ 04-യാത്രാ ചെലവുകൾ-യാത്രാബത്ത എന്ന ശീർഷകത്തിൽ 1.5 ലക്ഷം രൂപയും 05-OE-വെള്ളക്കരം എന്ന ശീർഷകത്തിൽ 4.29 ലക്ഷം രൂപയും 05- OE2-കറണ്ട് ചാർജ്ജ് എന്ന ശീർഷകത്തിൽ 6 ലക്ഷം രൂപയും 05- OE3-ടെലിഫോൺ ചാർജ്ജ് എന്ന ശീർഷകത്തിൽ 3.25 ലക്ഷം രൂപയും 05- OE4-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 3.25 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 14 ലക്ഷം രൂപയും 21-മോട്ടോർ വാഹനങ്ങൾ-01-വാഹനങ്ങൾ വാങ്ങൽ എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും 21-02-മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും സംരക്ഷണം എന്ന ശീർഷകത്തിൽ 4.45 ലക്ഷം രൂപയും 26-ഔദ്യോഗികഭാഷാ പ്രയോഗം എന്ന ശീർഷകത്തിൽ 70,000 രൂപയും 34-മറ്റ് ചെലവുകൾ 3-മറ്റിനം എന്ന ശീർഷകത്തിൽ 75,000 രൂപയും 45-പി.ഒ.എൽ. എന്ന ശീർഷകത്തിൽ 4.68 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

101. 3051-02-101-98—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ - നിർമ്മാണവും അറ്റകുറ്റപ്പണികളും-തുറമുഖ എഞ്ചിനിയറിംഗ് ഡിപ്പാർട്ട്മെന്റ്

തുറമുഖ എഞ്ചിനിയറിംഗ് വകുപ്പിന് കീഴിലുള്ള നിർമ്മാണവും അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

102. 5051-01-001-99—വൻകിട തുറമുഖങ്ങൾ-വൻകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-വിഴിഞ്ഞം ആഴക്കടൽ വികസനം അന്താരാഷ്ട്ര കപ്പൽ ഗതാഗത ടെർമിനൽ

സംസ്ഥാന സർക്കാർ വലിയ തോതിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി മുതൽ മുടക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ കമ്പനി/വ്യക്തി തുറമുഖം പ്രവർത്തിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഒരു മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് തുറമുഖം വികസിപ്പിക്കുന്നത്. പദ്ധതി നിർവ്വഹണം അദാനി ഗ്രൂപ്പിന് കൈമാറി. പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു. ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1570 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.55-ന് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.